T.B. 453

സാമൂഹ്യപാഠങ്ങൾ

സ്റ്റാൻഡേർഡ് 5

കള ।

കേരളാ ഗവണ്മെൻറു വക പ്രസിദ്ധീകരണം
വിദ്യാഭ്യാസ വകുപ്പ്

1970

പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീസഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണ്ണവും വൈവിദ്ധ്യപൂർണ്ണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുകയും ചെയ്യുന്നു. അതിന്നുള്ള അർഹതയ്ക്കായി ഞാൻ എപ്പോഴും പ്രയത്നിക്കുന്നതാണ്.

ഞാൻ എന്റെ മാതാപിതാക്കളേയും ഗുരുക്കന്മാരേയും, എന്നെക്കാൾ പ്രായമുള്ള എല്ലാവരേയും ബഹുമാനിക്കുകയും, ഏതൊരാളോടും മര്യാദയോടുകൂടി പെരുമാറുകയും ചെയ്യും.

ഞാൻ എന്റെ രാജ്യത്തോടും എന്റെ നാട്ടുകാരോടും പ്രതിപത്തിയുള്ളവനായിരിക്കുമെന്ന് പ്രതിജ്ഞ ചെയ്യുന്നു. നാട്ടുകാരുടെ ക്ഷേമത്തിലും ഐശ്വര്യത്തിലും മാത്രമാണ് എന്റെ ആനന്ദം കുടികൊള്ളുന്നത്.

©
THE GOVERNMENT OF KERALA
1970

ആമുഖം

ഏതൊരു വിദ്യാഭ്യാസപരിപാടിയും മെച്ചപ്പെടുത്തുന്നതിനു് ആവശ്യമായ ഉപാധികളിൽ പ്രധാനമായവ നല്ല പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളുമാണല്ലോ. പത്താം സ്റ്റാൻഡേർഡു വരെയുള്ള പാഠ്യപദ്ധതി കാലോചിതമായി പരിഷ്കരിച്ചിരിക്കുകയാണു്. അതിനനുസൃതമായി നവീകരിക്കപ്പെട്ട പാഠപുസ്തകങ്ങളാണു് ഇവിടെ അവതരിപ്പിക്കുന്നവ.

പാഠ്യപദ്ധതി നവീകരണത്തിൽ പങ്കെടുത്ത വിദഗ്ദ്ധരും പരിചയസമ്പന്നരുമായ അദ്ധ്യാപകരുടെ വർക്ക്ഷാപ്പുകളിലാണു് ഈ പാഠപുസ്തകങ്ങൾ രൂപംകൊണ്ടതു്. ഭാരതത്തിലെ പല സ്റ്റേററുകളിലെയും, വിദ്യാഭ്യാസപരമായി മുന്നണിയിൽ നില്ക്കുന്ന ചില വിദേശരാജ്യങ്ങളിലെയും പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും സമഗ്രമായി പഠിക്കുക, സാമൂഹ്യപാഠപരമായി രചിക്കപ്പെട്ടിട്ടുള്ള അത്യാധുനികമായ ഗ്രന്ഥങ്ങൾ പരിശോധിക്കുക, ഓരോ പാഠഭാഗത്തിന്റെയും ഉള്ളടക്കം, പ്രതിപാദനരീതി മുതലായവയെപ്പററി ചിന്തിക്കുക, ചർച്ചചെയ്യുക എന്നിങ്ങനെയുള്ള അനേകം പ്രക്രിയകൾക്കുശേഷം മാത്രമാണു് ഓരോ പാഠ്യവസ്തുതയ്ക്കും രൂപം നൽകിയിട്ടുള്ളതു്. പ്രൈമറി സ്കൂൾ അദ്ധ്യാപകർ മുതൽ യൂണിവേഴ്സിററി പ്രൊഫസർമാർവരെയുള്ളവർ ഈ പരിപാടിയിൽ പങ്കെടുത്തിട്ടുണ്ടു്. കൂടാതെ പരിചയസമ്പന്നരായ അദ്ധ്യാപകരുടെയും വിദ്യാഭ്യാസവിചക്ഷണരുടെയും അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കുമായി ഈ പുസ്തകം സമർപ്പിക്കുകയും, അദ്ധ്യാപകർ, അദ്ധ്യാപകസംഘടനാപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്ത സെമിനാറുകളിൽവച്ചു് ഇതു വിശദമായ ചർച്ചയ്ക്കു വിധേയമാകുകയും ചെയ്തിട്ടുണ്ടു്. അവരുടെയെല്ലാം അഭിപ്രായങ്ങളും ഈ പുസ്തകത്തിനു് അവസാനരൂപം കൊടുക്കുന്നതിനുമുമ്പു് കണക്കിലെടുത്തിട്ടുണ്ടു്.

ആധുനിക ചിന്താഗതിക്കനുസരണമായി ഈ വിഷയത്തിൽ കൂടി നേടേണ്ട ഉദ്ദേശ്യങ്ങൾ പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുണ്ടു്. അവ കൈവരിക്കത്തക്കവിധമാണു് ഈ പാഠപുസ്തകങ്ങളുടെ ഉള്ളടക്കം സംവിധാനം ചെയ്തിരിക്കുന്നതു്.

ലോവർ പ്രൈമറി ക്ലാസ്സുകളിൽ സാമൂഹ്യപാഠങ്ങൾ ഒരേകീകൃത വിഷയമെന്ന നിലയിൽത്തന്നെ തുടൻ പഠിപ്പിക്കുന്നതാണ്. അപ്പർ പ്രൈമറി ക്ലാസ്സുകളിൽ ഉള്ളടക്കത്തിന്റെ സംവിധാനത്തെ സംബന്ധിച്ചിടത്തോളം ഏകീകൃതരീതി തുടരുന്നുവെങ്കിലും ചരിത്രം, ഭൂമിശാസ്ത്രം, സിവിക്സ് എന്നീ പ്രത്യേക വിഷയങ്ങളുടെ ബോധനത്തിനു് ഉപയുക്തമായ സമീപനരീതി അവലംബിക്കുന്നതാണ്. അപ്പർ പ്രൈമറിയുടെ അവസാന ഘട്ടമാകുമ്പോഴേയ്ക്കും പ്രത്യേക വിഷയങ്ങൾ എന്ന നിലയിൽ ചരിത്രം, ഭൂമിശാസ്ത്രം, സിവിക്സ് എന്നിവ പഠിക്കുന്നതിനു വേണ്ട അടിസ്ഥാനപരമായ അറിവും താത്പര്യവും കുട്ടികളിൽ വളർത്തേണ്ടതാണ്.

കേരള ചരിത്രം അപ്പർ പ്രൈമറി ഘട്ടം മുതൽക്കുതന്നെ പഠിപ്പിക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഇന്ത്യാചരിത്രവും ലോകചരിത്രത്തിൽനിന്ന് പ്രധാന ഭാഗങ്ങളും ഇവിടെ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സിവിക്സ്, ആധുനികകാല സംഭവങ്ങൾ എന്നിവയ്ക്കും പ്രാധാന്യം നൽകിയിട്ടുണ്ട്.

അപ്രധാനങ്ങളായ വസ്തുതകൾക്ക് ആവശ്യത്തിൽക്കവിഞ്ഞ പ്രാധാന്യം നൽകിയിട്ടില്ല. സ്വയം പഠനരീതികൾ കുട്ടികളെ അഭ്യസിപ്പിക്കുന്നതിനും, പ്രായോഗികമായ നൈപുണ്യങ്ങളും, നല്ല മനോഭാവങ്ങളും കുട്ടികളിൽ വളർത്തുന്നതിനുമുള്ള ഉപാധിയായി പാഠഭാഗങ്ങളെ പ്രയോജനപ്പെടുത്തുന്നതിനുതകുന്ന നവീന ബോധനരീതികൾ കൈക്കൊണ്ട് അദ്ധ്യയനം ഫലവത്താക്കേണ്ടതാണ്.

ഓരോ യൂണിററിനുശേഷവും ചില പ്രായോഗികപ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ വസ്തുതകളെ സംബന്ധിച്ചുള്ള യഥാർത്ഥ ധാരണകൾ കുട്ടികളിൽ ഉളവാക്കുവാൻ സഹായിക്കുന്നതാണ്.

പാഠപുസ്തകത്തിന്റെ ഒടുവിൽ അനുബന്ധമായി ചേർത്തിരിക്കുന്ന പട്ടികകളിൽ കൊടുത്തിരിക്കുന്ന വിവരങ്ങൾ പാഠഭാഗമായി കുട്ടികൾ പഠിക്കുവാനുദ്ദേശിക്കപ്പെട്ടിട്ടുള്ളതല്ല. ചാർട്ടുകൾ വരയ്ക്കുക മുതലായ പ്രായോഗിക പ്രവർത്തനങ്ങൾക്ക് അവ ഉപയോഗപ്പെടുത്തേണ്ടതാണ്.

ഉള്ളടക്കം

അദ്ധ്യായം		പേജ്
1.	നാം അധിവസിക്കുന്ന ഭൂമി	1
	ഭൂഗോളം	1
	ഭൂമിയുടെ ചലനങ്ങൾ	4
	അക്ഷാംശരേഖകളും രേഖാംശരേഖകളും	6
2.	ഭൂമിയുടെ ഉപരിതലം	10
	ഭൂഖണ്ഡങ്ങൾ	10
	മഹാസമുദ്രങ്ങൾ	16
	ലോകത്തിലെ പ്രധാന ഭൂപ്രകൃതി വിഭാഗങ്ങൾ	19
3.	ഏഷ്യ	24
	സ്ഥാനവും വലിപ്പവും	24
	ഏഷ്യയിലെ രാജ്യങ്ങൾ	25
	ഭൂപ്രകൃതി അനുസരിച്ചുള്ള വിഭാഗങ്ങൾ	30
	കാലാവസ്ഥ	35
	ജനസംഖ്യ	40
	ജനവർഗ്ഗങ്ങൾ	41
	സാമ്പത്തിക വിഭവങ്ങൾ	41
	ഏഷ്യയിലെ ഗതാഗതമാർഗ്ഗങ്ങൾ	47
4.	പ്രാചീന കേരളം	53
	കേരളത്തിന്റെ കിടപ്പ്	53
	സംഘകാലം	56
	മഹോദയപുരത്തെ കുലശേഖരന്മാർ	57

അദ്ധ്യായം		പേജ്
5.	ഹർഷന്റെ കാലഘട്ടംവരെയുള്ള ഇന്ത്യയുടെ ചരിത്രം	61
	പുരാതനേന്ത്യ	61
	ആദിമനിവാസികൾ	61
	സിന്ധുനാഗരികത	62
	വേദകാലത്തെയും ഇതിഹാസകാലത്തെയും ജനങ്ങളുടെ ജീവിതം	65
	ബുദ്ധമതവും ജൈനമതവും	67
6.	ഇന്ത്യയിലെ പുരാതന സാമ്രാജ്യങ്ങളും ജനങ്ങളുടെ ജീവിതരീതിയും	69
	പേഷ്യാക്കാരുടെ ആക്രമണം	69
	അലക്സാണ്ടരുടെ ആക്രമണം	70
	മൗര്യസാമ്രാജ്യം	71
	ഗുപ്തസാമ്രാജ്യം	73
	ഹർഷസാമ്രാജ്യം	75
	ചാലുക്യന്മാരും പല്ലവന്മാരും	77
7.	ചില മഹാന്മാർ	79
	പെരിക്ലീസ്	79
	സോക്രട്ടീസ്	80
	യേശുക്രിസ്തു	82
	മുഹമ്മദുനബി	84
	വിവേകാനന്ദൻ	86
8.	ജനാധിപത്യ വ്യവസ്ഥിതി	88
	തദ്ദേശ സ്വയംഭരണം	88
	പഞ്ചായത്തുകൾ	89
	മുനിസിപ്പാലിററി (നഗരസഭ)	90
	കോർപ്പറേഷൻ	91
	സ്വയംഭരണ വ്യവസ്ഥയിൽ ജനങ്ങളുടെ കടമകൾ	91
9.	നാം നമ്മെ എങ്ങനെ ഭരിക്കുന്നു ?	93

ചിത്രങ്ങൾ

T.B.453

		പേജ്
1.	ഭൂഗോളം—അക്ഷാംശരേഖകളും രേഖാംശരേഖകളും	1
2.	സൌരയൂഥം	3
3.	രാവും പകലും ഉണ്ടാകുന്ന വിധം	5
4.	ഋതുക്കൾ	6
5.	മേഖലകൾ	9
6.	റെഡ്ഡിന്ത്യക്കാർ	13
7.	കങ്കാരു	15
8.	ഭൂമിയുടെ ഉയർന്ന ഭാഗങ്ങളും സമുദ്രത്തിന്റെ അഗാധതലങ്ങളും	16
9.	ഭൂപ്രകൃതിയിലെ വ്യത്യാസങ്ങൾ (i)	18
10.	ഭൂപ്രകൃതിയിലെ വ്യത്യാസങ്ങൾ (ii)	21
11.	ഏഷ്യ—രാജ്യവിഭാഗങ്ങൾ	25
12.	ഏഷ്യ—പ്രകൃതിവിഭാഗങ്ങൾ	30
13.	ഏഷ്യ—പ്രകൃതിസസ്യങ്ങൾ	38
14.	ഏഷ്യ—വ്യോമമാർഗ്ഗങ്ങൾ	49
15.	ഏഷ്യ—സമുദ്രമാർഗ്ഗങ്ങൾ	50

		പേജ്
16.	സംഘകാലത്തെ തമിഴകം	55
17.	ചേരസാമ്രാജ്യം	57
18.	സിന്ധുനദീതീരത്തുനിന്നു ലഭിച്ച ഒരു പ്രതിമ	63
19.	സിന്ധുനദീതീരത്തുനിന്നു ലഭിച്ച ചില മൃഗങ്ങളുടെ രൂപങ്ങൾ	64
20.	അശോകന്റെ കാലത്തെ ഇന്ത്യ	72
21.	സാഞ്ചിയിലെ സ്തൂപം (പുരാതനമായ ഒരു ചരിത്രാവശിഷ്ടം)	73
22.	ചന്ദ്രഗുപ്തവിക്രമാദിത്യൻ	75
23.	മഹാബലിപുരത്തെ ഒരു ക്ഷേത്രം (പല്ലവന്മാരുടെ കാലത്തു് നിർമ്മിച്ചതു്)	77
24.	പെരിക്ലീസ്സ്	79
25.	സോക്രട്ടീസ്സ്	81
26.	വിവേകാനന്ദൻ	86

സാമൂഹ്യപാഠങ്ങൾ

അദ്ധ്യായം 1

നാം അധിവസിക്കുന്ന ഭൂമി

ഭൂഗോളം

പ്രത്യക്ഷത്തിൽ ഭൂമി പരന്നതായിട്ടാണു നാം കാണുന്നതു്. എന്നാൽ ഭൂമിക്കു ഗോളാകൃതിയാണുള്ളതു്. ബാഹ്യാകാശത്തു നിന്നും, അടുത്തകാലത്തു് ചന്ദ്രനിൽനിന്നും എടുത്തിട്ടുള്ള ഫോട്ടോകൾ ഭൂമി ഉരുണ്ടതാണെന്നു സംശയരഹിതമായി തെളിയിച്ചിട്ടുണ്ടു.



ചിത്രം 1.

നമുക്കു് ഗ്ലോബു് നോക്കി അതിൽ അടയാളപ്പെടുത്തിയിരിക്കുന്ന വൻകരകളും വൻസമുദ്രങ്ങളും മനസ്സിലാക്കാം. വടക്കേ അററത്തു ഉത്തരധ്രുവവും തെക്കേ അററത്തു ദക്ഷിണധ്രുവവും ആകുന്നു. ഉത്തരധ്രുവത്തിനും ദക്ഷിണധ്രുവത്തിനും ഇടയിൽ

ഭൂഗോളത്തെ ചുററി മദ്ധ്യത്തിൽക്കൂടി ഒരു രേഖ പോകുന്നുണ്ട്. അതാണ് ഭൂമദ്ധ്യരേഖ. ഈ രേഖയുടെ വടക്കും തെക്കും കുറച്ചുക ലെയായി കുത്തുകളിട്ടു വരച്ച ഓരോ രേഖ കാണുന്നുണ്ടല്ലോ. ഇവയിൽ വടക്കുഭാഗത്തുള്ളതിന്ന് ഉത്തരായന രേഖ എന്നും തെക്കുള്ളതിന്ന് ദക്ഷിണായന രേഖ എന്നും ആണ് പറയുന്നത്. ഉത്തരധ്രുവത്തിന്നും ഉത്തരായന രേഖയ്ക്കും ഇടയിലായി കുത്തുക ളിട്ടു വരച്ച ഒരു രേഖ കാണാം. അതാണ് ഉത്തരധ്രുവവൃത്തം. ഇതുപോലെ ദക്ഷിണധ്രുവത്തിന്നും ദക്ഷിണായന രേഖയ്ക്കും ഇട യിലായി കാണുന്ന കുത്തുകളിട്ടു വരച്ച രേഖ ദക്ഷിണധ്രുവവൃത്ത മാണ്.

നമ്മുടെ രാജ്യമായ ഇന്ത്യ നിങ്ങൾക്ക് ഗ്ലോബിൽ കണ്ടു പിടിക്കാമോ ? എങ്കിൽ ഇത് ഏതു ഭൂഖണ്ഡത്തിൻെറ ഭാഗ മാണെന്ന് കണ്ടെത്താനും പ്രയാസമില്ല. ഏഷ്യാഭൂഖണ്ഡത്തി ലാണ് നമ്മുടെ രാജ്യം സ്ഥിതിചെയ്യുന്നത്. ഇന്ത്യയുടെ പടി ഞ്ഞാറ് സമുദ്രത്തിനപ്പുറത്തു കാണുന്ന ഭൂഖണ്ഡമാണ് ആഫ്രിക്ക. ആഫ്രിക്കാ ഭൂഖണ്ഡത്തിൻെറ വടക്ക് സ്ഥിതിചെയ്യുന്ന ഭൂഖണ്ഡ മാണ് യൂറോപ്പ്. യൂറോപ്പിന്നു പടിഞ്ഞാറ് വിശാലമായ ഒരു സമുദ്രം കാണാം. ആ സമുദ്രത്തിന്നും അപ്പുറം തെക്കുവടക്കായി നീണ്ടുകിടക്കുന്ന ഒരു വിസ്തൃതമായ ഭൂഖണ്ഡം കാണുന്നില്ലേ ? വടക്കേ അമേരിക്കയും തെക്കേ അമേരിക്കയും ചേർന്നതാണ് ഈ ഭൂഖണ്ഡം. ഇതിനെ അമേരിക്ക എന്നു പറയുന്നു. അമേരിക്കയെ വടക്കേ അമേരിക്ക എന്നും തെക്കേ അമേരിക്ക എന്നും വേർതി രിച്ചിട്ടുണ്ട്. ഈ ഭൂഖണ്ഡത്തിൻെറ പടിഞ്ഞാറായി ഒരു സമുദ്രം കാണുന്നുണ്ടല്ലോ. വിശാലമായ ഈ സമുദ്രത്തിൽക്കൂടി വീണ്ടും പടിഞ്ഞാറോട്ടുപോയാൽ അല്പം തെക്കുമാറി ഒരു ചെറിയ ഭൂഖണ്ഡം കാണാം. ഇതാണ് ലോകത്തിലെ ഏററവും ചെറിയ ഭൂഖണ്ഡമായ ആസ്ത്രേലിയ. ദക്ഷിണ ധ്രുവത്തിന്ന് ചുററുപാടും ഒരു ഭൂവിഭാഗം കാണുന്നുണ്ട്. ഇതിന്ന് അൻറാർട്ടിക്ക എന്നു പറ യുന്നു.

ഗ്ലോബിൽ നീലനിറത്തിൽ കാണുന്ന വിശാലമായ ഭാഗങ്ങൾ മഹാസമുദ്രങ്ങളാണെന്നു് നിങ്ങൾ മനസ്സിലാക്കി. ഇന്ത്യയുടെ തെക്കായി കുറെ ദൂരം വ്യാപിച്ചു കിടക്കുന്ന സമുദ്രത്തെ ഇന്ത്യാ മഹാസമുദ്രമെന്നു വിളിക്കുന്നു. ഏഷ്യയ്ക്കും അമേരിക്കയ്ക്കും ഇടയിൽ കിടക്കുന്ന സമുദ്രമാണു് ശാന്തസമുദ്രം. അമേരിക്കയുടെ കിഴക്കു ഭാഗത്തു് മറെറാരു സമുദ്രം കാണുന്നുണ്ടല്ലോ. അതാണു് അററ്ലാൻറിക് സമുദ്രം. ഉത്തരധ്രുവഭാഗത്തു കിടക്കുന്ന സമുദ്രത്തെ ആർട്ടിക്ക് സമുദ്രമെന്നു വിളിക്കുന്നു.



ചിത്രം 2.

ഭൂമി സൂര്യനെ പ്രദക്ഷിണം വയ്ക്കുന്നു. ഇതുപോലെ മററു പല ഗോളങ്ങളും സൂര്യനെ പ്രദക്ഷിണം വയ്ക്കുന്നുണ്ടു്. ഇവയെ ഗ്രഹങ്ങൾ എന്നു പറയുന്നു. ഗ്രഹങ്ങളെ പ്രദക്ഷിണംവയ്ക്കുന്ന ഗോളങ്ങൾ ഉണ്ടു്. അവയ്ക്കു് ഉപഗ്രഹങ്ങൾ എന്നു പറയുന്നു. ഭൂമിയുടെ ഉപഗ്രഹമാണു് ചന്ദ്രൻ. സൂര്യനും അതിനെ ചുററുന്ന ഗോളങ്ങളും ഉൾപ്പെട്ടതാണു് സൌരയൂഥം.

ഭൂമിയുടെ ചലനങ്ങൾ

ദിനചലനവും വാർഷികചലനവും

രാവും പകലും മാറി മാറി വരുന്നതു നിങ്ങൾക്കറിയാമല്ലോ. എന്നാൽ ഇതെങ്ങനെ സംഭവിക്കുന്നുവെന്നു് ഒരു പരീക്ഷണത്തിൽക്കൂടി വിശദമാക്കാം. ഇരുട്ടുള്ള ഒരു മുറിയിൽ മേശമേൽ ഒരു ഗ്ലോബു് വയ്ക്കുക. അല്പം അകലെ ഒരു മെഴുകുതിരി കത്തിച്ചു വയ്ക്കുക. എന്തു സംഭവിക്കുന്നുവെന്നു നോക്കു. മെഴുകുതിരിക്കു് അഭിമുഖമായ ഭാഗത്തു് പ്രകാശം വീഴുന്നു. എതിർഭാഗത്തു് പ്രകാശം വീഴുന്നില്ല. ഇനി ഗ്ലോബിനെ സാവധാനത്തിൽ തിരിക്കുക. വെളിച്ചം കിട്ടാതിരുന്ന ഭാഗം അപ്പോൾ മെഴുകുതിരിക്കഭിമുഖമായി വരികയും അവിടെ വെളിച്ചം കിട്ടുകയും ചെയ്യുന്നു. ഗ്ലോബു് തിരിച്ചുകൊണ്ടിരിക്കുമ്പോൾ മെഴുകുതിരിക്കു് നേരെവരുന്ന ഭാഗത്തു പ്രകാശം ലഭിക്കുകയും എതിർഭാഗത്തു പ്രകാശം ലഭിക്കാതിരിക്കുകയും ചെയ്യുന്നു.

വലിയൊരു ഗോളമായ ഭൂമി സദാ കറങ്ങിക്കൊണ്ടിരിക്കുകയാണു്. ഇങ്ങനെ കറങ്ങിക്കൊണ്ടിരിക്കുമ്പോൾ സൂര്യനു അഭിമുഖമായി വരുന്ന ഭൂഭാഗത്തു് വെളിച്ചം ലഭിക്കുന്നു. മറു ഭാഗത്തു് വെളിച്ചം ലഭിക്കുന്നില്ല. വെളിച്ചം ലഭിക്കുന്ന ഭാഗത്തു് പകലും, വെളിച്ചം ലഭിക്കാത്ത ഭാഗത്തു് രാത്രിയും അനുഭവപ്പെടുന്നു. ഇപ്രകാരമാണു് ഭൂമിയിൽ രാവും പകലും ഉണ്ടാകുന്നതു്.

ഭൂമിക്കു് ഒരു പ്രാവശ്യം കറങ്ങുന്നതിനു് 24 മണിക്കൂർ (ഒരു ദിവസം) വേണം. ഈ ചലനത്തെ ദിനചലനം എന്നു പറയുന്നു.

വേഗത്തിൽ ഓടുന്ന തീവണ്ടിയിൽ നിങ്ങൾ സഞ്ചരിച്ചിട്ടുണ്ടായിരിക്കും. വണ്ടി ഓടുമ്പോൾ ജനൽവഴി പുറത്തേയ്ക്കു് ഒന്നു നോക്കൂ. മരങ്ങളും കെട്ടിടങ്ങളും മററും പിന്നോട്ടോടി മറയുന്നതായി കാണാം. യഥാർത്ഥത്തിൽ മരങ്ങളും കെട്ടിടങ്ങളും

ചിത്രം 3

മററും ചലിക്കുന്നുണ്ടോ? ഇല്ല. അതുപോലെതന്നെയാണു് സൂര്യൻ ചലിക്കുന്നതായി നമുക്കു തോന്നുന്നതും. യഥാർത്ഥത്തിൽ കറങ്ങുന്നതു ഭൂമിയാണു്. കറങ്ങുന്ന ഭൂമിയിൽനിന്നു നോക്കുന്ന നമുക്കു് സൂര്യ്യൻ ചലിക്കുന്നപോലെ തോന്നുന്നുവെന്നു മാത്രം.

ഉത്തര ദക്ഷിണ ധ്രുവങ്ങളെ യോജിപ്പിച്ചുകൊണ്ടു് ഭൂമിയുടെ കേന്ദ്രത്തിൽക്കൂടിപ്പോകുന്ന ഒരു ദണ്ഡു് ഉണ്ടെന്നു സങ്കല്പിക്കുക. ഇതിനെയാണു് ഭൂമിയുടെ അച്ചുതണ്ടു് എന്നു പറയുന്നതു്. ഗ്ലോബു് അതിന്റെ അച്ചുതണ്ടിൽ തിരിയുന്നതു കണ്ടിട്ടില്ലേ? ഗ്ലോബിന്റെ അച്ചുതണ്ടു് കുത്തനെയല്ല നിൽക്കുന്നതു്. ഒരു വശത്തേയ്ക്കു അല്പം ചരിഞ്ഞുനിൽക്കുന്നതു് നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാകും. അതുപോലെ ഭൂമിയുടെ അച്ചുതണ്ടും ചരിഞ്ഞതാണു്. ഭൂമി സൂര്യനു ചുററും സഞ്ചരിക്കുമ്പോഴും ഈ ചരിവിനു മാററം വരുന്നില്ല. സൂര്യനു ചുററുമുള്ള ഭൂമിയുടെ സഞ്ചാരപഥം ഒരു വൃത്തമല്ല. അതു് ദീർഘവൃത്താകൃതിയിലാണു്. അച്ചുതണ്ടിനുള്ള ചരിവിന്റെയും സൂര്യ്യനു ചുററുമുള്ള ഭൂമിയുടെ സഞ്ചാരത്തിന്റെയും

ഫലമായാണു് കാലഭേദങ്ങൾ ഉണ്ടാകുന്നതു്. സാമാന്യമായി വസന്തകാലം, വേനൽക്കാലം, ശരത്ക്കാലം, മഞ്ഞുകാലം എന്നീ നാലു ഋതുക്കളാണുള്ളതു്.



ചിത്രം 4

സൂര്യനെ ചുററും ഭൂമി ഒരു പ്രാവശ്യം കറങ്ങിയെത്താൻ $365\frac{1}{4}$ ദിവസം വേണം. ഇതിനെയാണു് നാം ഒരു വർഷം എന്നു പറയുന്നതു്.

അക്ഷാംശരേഖകളും രേഖാംശരേഖകളും

ഭൂമി അതിൻെറ അച്ചുതണ്ടിൽ കറങ്ങുന്നുവെന്നു് നമുക്കറിയാം. ആ അച്ചുതണ്ടിൻെറ വടക്കും തെക്കും അററങ്ങളെവിടെ എന്നു നോക്കുക. അതിൻെറ വടക്കേ അററമാണു് ഉത്തരധ്രുവം. തെക്കേ അററം ദക്ഷിണധ്രുവവും. ഈ രണ്ടു ധ്രുവങ്ങളേയും യോജിപ്പിക്കുന്ന കുറേ രേഖകൾ ഗ്ലോബിൽ കാണാം. ഇവയ്ക്കു് രേഖാംശരേഖകൾ എന്നു പറയും.

ഇംഗ്ലണ്ടിൽ ഗ്രീനിച്ച് എന്ന പട്ടണത്തിൽക്കൂടി ഒരു രേഖ കടന്നുപോകുന്നതായി കാണിച്ചിട്ടുണ്ടു്. ഇതാണു് 0° രേഖാംശരേഖ. ഇതിനു് ഗ്രീനിച്ച് രേഖയെന്നും പറയും. ഇതുപോലുള്ള

360 രേഖാംശരേഖകൾ ഉണ്ടു്. രേഖാംശരേഖകളെ നാം ഗ്രീനിച്ച് രേഖയ്ക്കു് കിഴക്കും പടിഞ്ഞാറും 180 വീതം തിരിച്ചിട്ടുണ്ടു്. ഈ രേഖകൾക്കെല്ലാം ഒരേ നീളമാണു്.

ഭൂമിയിൽ എല്ലാ സ്ഥലത്തും ഒരേ സമയമല്ല. ഒരു പകുതിയിൽ പകലായിരിക്കുമ്പോൾ മറേറ പകുതിയിൽ രാത്രിയായിരിക്കും. അതുപോലെ ഓരോ ഡിഗ്രി രേഖാംശം കിഴക്കോട്ടു പോകുംതോറും 4 മിനിട്ടു സമയം കൂടുന്നതായി കാണാം. നമ്മുടെ രാജ്യമായ ഇന്ത്യതന്നെ പല രേഖാംശങ്ങൾക്കിടയിൽ കിടക്കുന്നതുകൊണ്ടു് ഓരോസ്ഥലത്തും വെവ്വേറെ പ്രാദേശികസമയമായിരിക്കും. കൊച്ചി, മദിരാശി, കൽക്കത്ത എന്നിവിടങ്ങളിലൊക്കെ പ്രാദേശിക സമയം വ്യത്യസ്തമാണു്. എന്നാൽ സൗകര്യത്തിനുവേണ്ടി ഇന്ത്യയിൽ ഒട്ടാകെ ഒരു സമയം അംഗീകരിച്ചിട്ടുണ്ടു്. അതാണു് ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം. $82\frac{1}{2}°$ കിഴക്കേ രേഖാംശത്തിലുള്ള സമയമാണു് ഇന്ത്യൻ സ്റ്റാൻഡേർഡ് സമയമായി അംഗീകരിച്ചിട്ടുള്ളതു്.

രണ്ടു ധ്രുവങ്ങളുടെയും മദ്ധ്യത്തിൽക്കൂടിയാണു് ഭൂമദ്ധ്യരേഖ കടന്നുപോകുന്നതു് എന്നു പഠിച്ചുവല്ലോ. ഭൂമദ്ധ്യരേഖയുടെ വടക്കും തെക്കും ഭാഗങ്ങളിൽ മദ്ധ്യരേഖയ്ക്കു സമാന്തരമായി 90 രേഖകൾ വീതം ഉണ്ടു്. ഉത്തരധ്രുവത്തിനും ഭൂമദ്ധ്യരേഖയ്ക്കും ഇടയിലുള്ളവയെ ഉത്തര അക്ഷാംശരേഖകൾ എന്നു പറയുന്നു. ദക്ഷിണധ്രുവത്തിനും മദ്ധ്യരേഖയ്ക്കും ഇടയിലുള്ളവയെ ദക്ഷിണ അക്ഷാംശരേഖകൾ എന്നും പറയുന്നു. ഈ രേഖകൾക്കു ധ്രുവങ്ങളിലേക്കടുക്കുന്തോറും നീളം കുറഞ്ഞുവരുന്നു. ഏററവും നീളം കൂടിയ അക്ഷാംശരേഖ, ഭൂമദ്ധ്യരേഖയാണു്. ഇതിനു് 0° അക്ഷാംശരേഖ എന്നും പറയും. അക്ഷാംശരേഖകളുടെയും രേഖാംശരേഖകളുടെയും സഹായത്തോടെയാണു് നാം ഭൂപടത്തിൽ ഒരു സ്ഥലത്തിൻെറ സ്ഥാനനിർണ്ണയം ചെയ്യുന്നതു്.

ഭൂഗോളത്തിൽ സ്ഥലം നിർണ്ണയിക്കുന്നതിന് അക്ഷാംശ രേഖാംശരേഖകൾക്കുള്ള പ്രാധാന്യം :—

അക്ഷാംശരേഖകളെക്കുറിച്ചും രേഖാംശരേഖകളെക്കുറിച്ചും നിങ്ങൾ പഠിച്ചു. ഭൂപടത്തിൽ രേഖാംശരേഖകളും അക്ഷാംശരേഖകളും അടയാളപ്പെടുത്തിയിരിക്കുന്നതു് നോക്കുക.

ഭൂമിയിലുള്ള ഏതെങ്കിലും ഒരു സ്ഥലത്തിൻെറ സ്ഥാനം നിർണ്ണയിക്കുവാൻ ഈ രേഖകൾ നമുക്കു സഹായകമാകുന്നു. ഒരു കപ്പൽ 10° തെക്കെ അക്ഷാംശത്തിലും 90° കിഴക്കെ രേഖാംശത്തിലും ആണെന്നറിഞ്ഞാൽ ആ കപ്പലിൻെറ സ്ഥാനം എവിടെ എന്നു് ഭൂപടത്തിൽ നമുക്കു നിർണ്ണയിക്കാൻ സാധിക്കുന്നു. മദ്രാസ് പട്ടണത്തിൻെറ സ്ഥാനം നോക്കുക. അതു് ഏകദേശം 13° വടക്കെ അക്ഷാംശവും 80° കിഴക്കെ രേഖാംശവും ചേരുന്ന സ്ഥാനത്താണെന്നു് കാണാം. ഇപ്രകാരം ഏതു സ്ഥലത്തിൻേറയും സ്ഥാനം അക്ഷാംശ രേഖാംശങ്ങൾവഴി കണ്ടുപിടിക്കാം.

അക്ഷാംശരേഖകളും സ്ഥലത്തിന്റെ ഉയരവും ഉഷ്ണസ്ഥിതിയെ ബാധിക്കുന്നു :—

മദ്ധ്യരേഖയ്ക്കടുത്തു കിടക്കുന്ന സ്ഥലങ്ങളിൽ അത്യുഷ്ണം അനുഭവപ്പെടുന്നു. കാരണം ഈ പ്രദേശങ്ങളിൽ സൂര്യരശ്മികൾ ലംബമായിട്ടാണ് പതിക്കുന്നതു്. അതുകൊണ്ടു് സൂര്യൻെറ ചൂടു് ഇവിടെ കൂടിയിരിക്കും. ഭൂമദ്ധ്യരേഖവിട്ടു വടക്കോട്ടും തെക്കോട്ടും പോകുന്തോറും ഉഷ്ണം കുറഞ്ഞുവരുന്നു. ധ്രുവങ്ങളോടടുക്കുമ്പോൾ അതു് ഏററവും കുറയുന്നു.

സൂര്യരശ്മികളിൽനിന്നു് ഭൂമിക്കു് ചൂടു ലഭിക്കുന്നു. പിന്നീടു് ഭൂമിയിൽനിന്നു വായുവിലേക്കു പകരുന്നു. ഭൂമിയെ തൊട്ടു കിടക്കുന്ന വായുമണ്ഡലത്തിനു് അതു വേഗത്തിൽ ചൂടുനൽകുന്നു. എന്നാൽ ഉയൎന്ന പ്രദേശങ്ങളിലുള്ള വായുവിനു് താഴ്ന്ന പ്രദേശങ്ങളിലുള്ള വായുവിനെപ്പോലെ ചൂടു ലഭിക്കുന്നില്ല. ഈ കാരണംകൊണ്ടുതന്നെയാണ് ഉയൎന്ന പ്രദേശങ്ങളിൽ നമുക്കു്

അധികം ഉഷ്ണം തോന്നാതിരിക്കുന്നതു്. ഊട്ടിയെപ്പററി നിങ്ങൾ കേട്ടിട്ടുണ്ടോ? സമുദ്രനിരപ്പിൽനിന്നും ഉയരത്തിൽ കിടക്കുന്ന ഒരു സ്ഥലമാണതു്. ഏതു സമയവും അവിടെ ഉഷ്ണം കുറവായിരിക്കും. അതുകൊണ്ടു് ഇതു ഉഷ്ണകാലത്തു് ഒരു സുഖവാസസ്ഥലമാണു്. ഇതിൽനിന്നും ഒരു സ്ഥലത്തിന്റെ ഉയരം അവിടത്തെ ഊഷ്മനിലയെ നിയന്ത്രിക്കുന്നുണ്ടെന്നു് മനസ്സിലാക്കാം.

ശീതോഷ്ണ മേഖലകൾ



ചിത്രം 5

ഭൂമദ്ധ്യരേഖ ഭൂമിയെ രണ്ടു് അർദ്ധഗോളങ്ങളായി വിഭജിക്കുന്നു. അവയിൽ വടക്കുള്ളതിനെ ഉത്തരാർദ്ധ ഗോളമെന്നും തെക്കുള്ളതിനെ ദക്ഷിണാർദ്ധ ഗോളമെന്നും പറയുന്നു.

സൂര്യരശ്മികൾ ഭൂമദ്ധ്യരേഖാ പ്രദേശത്തു് ലംബമായി പതിക്കുന്നതുകൊണ്ടു് മദ്ധ്യരേഖാ പ്രദേശത്തും അതിനു തൊട്ടു് വടക്കും തെക്കുമുള്ള കുറേ പ്രദേശങ്ങളിലും ഏററവുമധികം ചൂടനുഭവപ്പെടുന്നു. ഈ പ്രദേശത്തെ ഉഷ്ണമേഖല എന്നു പറയുന്നു.

ഉത്തരദക്ഷിണ ധ്രുവങ്ങളെപ്പററി നാം പഠിച്ചുകഴിഞ്ഞു. അവയുടെ സമീപ പ്രദേശങ്ങളിൽ സൂര്യരശ്മികൾ വളരെ ചരിഞ്ഞാണു് പതിക്കുന്നതു്. അതുകൊണ്ടു് ആ പ്രദേശങ്ങളിൽ വലിയ തണുപ്പനുഭവപ്പെടുന്നു. ഭൂഗോളത്തിൽ ധ്രുവങ്ങളുടെ ചുററും സ്ഥിതിചെയ്യുന്ന പ്രദേശങ്ങളെ ശൈത്യ മേഖലകൾ എന്നു പറയുന്നു.

ഉഷ്ണമേഖലയ്ക്കും ശൈത്യമേഖലയ്ക്കും ഇടയിലുള്ള പ്രദേശങ്ങളെ മിതശീതോഷ്ണ മേഖലകൾ എന്നു പറയുന്നു. ഇവിടെ അതിശൈത്യമോ അത്യുഷ്ണമോ അനുഭവപ്പെടുന്നില്ല.

ചിത്രംനോക്കി മേഖലകളുടെ സ്ഥാനം മനസ്സിലാക്കുക.

അദ്ധ്യായം 2

ഭൂമിയുടെ ഉപരിതലം

ഭൂഖണ്ഡങ്ങൾ

ഭൂപടം ശ്രദ്ധിച്ചു നോക്കുക. ഭൂഗോളത്തിലെ ഭൂഖണ്ഡങ്ങളെക്കുറിച്ചു നിങ്ങൾ ഗ്ലോബിൽ നോക്കി മനസ്സിലാക്കിയല്ലോ. ഈ ഭൂഖണ്ഡങ്ങളിൽ ഓരോന്നിനെക്കുറിച്ചും നമുക്കു സാമാന്യമായി പഠിക്കാം. ആദ്യമായി ഏഷ്യയെക്കുറിച്ചു മനസ്സിലാക്കാം.

ഏഷ്യ

ഭൂപടം പരിശോധിക്കുമ്പോൾ ഏഷ്യ ലോകത്തിലെ ഏററവും വലിയ ഭൂഖണ്ഡമാണെന്നു് മനസ്സിലാകുന്നില്ലേ? ഇതിന്റെ അതിരുകൾ ഏതൊക്കെയാണെന്നു നോക്കാം. വടക്കു് ആർട്ടിക്കു് സമുദ്രവും കിഴക്കു് ശാന്തസമുദ്രവും തെക്കു് ഇന്ത്യാമഹാസമുദ്രവും ഈ വൻകരയെ തൊട്ടുകിടക്കുന്നു. ചെങ്കടലും

സൂയസ് തോടും ഏഷ്യയെ ആഫ്രിക്കയിൽനിന്നു വേർതിരിക്കുന്നു. പടിഞ്ഞാറു് യൂറൽ പർവ്വതനിരയും കാസ്പിയൻ കടലും യൂറോപ്പിൻെറയും ഏഷ്യയുടേയും അതിർത്തിയിൽ കിടക്കുന്നു.

വിസ്തൃതമായ സമതലങ്ങളും പീഠഭൂമികളും ഉയരം കൂടിയ പർവ്വതനിരകളും തടാകങ്ങളും നീളമേറിയ നദികളും ഈ ഭൂഖണ്ഡത്തിൽ കാണുന്നു. അത്യുഷ്ണമുള്ള പ്രദേശങ്ങളോടൊപ്പം അതിശൈത്യമുള്ള സ്ഥലങ്ങളും ഇവിടെ ഉണ്ടു്. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഭൂഭാഗങ്ങളുമുണ്ടു്. അതുപോലെതന്നെ ജനവാസമില്ലാത്ത പ്രദേശങ്ങളും ഉണ്ടു്. സമുദ്രതീരത്തുനിന്നു വളരെ അകലെയായിട്ടാണു് ചില പ്രദേശങ്ങൾ കിടക്കുന്നതു്. ഇങ്ങനെ നോക്കുമ്പോൾ കാലാവസ്ഥ, സസ്യപ്രകൃതി, ജീവജാലങ്ങൾ മുതലായവയിലെല്ലാം ഏഷ്യയിലെ പ്രദേശങ്ങൾ തമ്മിൽ വലിയ വ്യത്യാസങ്ങൾ കാണാം. ഈ ഭൂഖണ്ഡത്തെപ്പററി പിന്നീടു് വിശദമായി പഠിക്കാം.

ആഫ്രിക്ക

ആഫ്രിക്കയാണു് വലിപ്പംകൊണ്ടു രണ്ടാമത്തെ ഭൂഖണ്ഡം. ഇതു യൂറോപ്പിൻെറ തെക്കുഭാഗത്തു കിടക്കുന്നു. വടക്കു മെഡിററേനിയൻ സമുദ്രവും പടിഞ്ഞാറു് അററ്ലാൻറിക്കു് സമുദ്രവും തെക്കും കിഴക്കും ഇന്ത്യാ മഹാസമുദ്രവും ഇതിൻെറ അതിരുകളാണു്. ഈ ഭൂഭാഗം ഒരു കാലത്തു് ഏഷ്യയുമായി ചേർന്നുകിടന്നിരുന്നു. ഈ ഭൂഖണ്ഡത്തെ സൂയസ്സ് തോടു് ഏഷ്യയിൽനിന്നും വേർതിരിക്കുന്നു. ഈ തോടു് മനുഷ്യനിർമ്മിതമാണു്.

ലോകത്തിലെ ഏററവും നീളംകൂടിയ നദിയായ നൈലും, ഏററവും വലിയ മണലാരണ്യമായ സഹാറയും ആഫ്രിക്കയിലാണു്. ഇവിടത്തെ മിക്ക നദികളിലും വെള്ളച്ചാട്ടങ്ങൾ ഉണ്ടു്.

വൻകാടുകളും മരുഭൂമിയും കാരണം അടുത്തകാലംവരെ ഈ ഭൂഖണ്ഡത്തിലെ പല പ്രദേശങ്ങളെപ്പററിയും അറിഞ്ഞുകൂടാ യിരുന്നു. ആഫ്രിക്കയെ ഇരുണ്ട ഭൂഖണ്ഡമെന്നു പറഞ്ഞുവന്നി രുന്നു. ആഫ്രിക്ക പുരോഗതി പ്രാപിക്കാൻ തുടങ്ങിയിട്ട് അധിക കാലമായിട്ടില്ല.

പിഗ്മികളുടേയും, ആഫ്രിക്കൻസിൻേറയും ജന്മദേശ മാണ് ആഫ്രിക്ക.

വടക്കേ അമേരിക്ക

ഈ ഭൂഖണ്ഡത്തിൻെറ വടക്ക് ആർട്ടിക് സമുദ്രവും കിഴക്ക് അററ്ലാൻറിക്ക് സമുദ്രവും പടിഞ്ഞാറ് ശാന്തസമുദ്രവുമാണ്. അമരിഗോ വെസ്പൂചി എന്ന നാവികനാണ് അമേരിക്കാ വൻകര കണ്ടുപിടിച്ചത്.

മിസോറി മിസിസിപ്പിയാണ് ഈ ഭൂഖണ്ഡത്തിലെ ഏററവും നീളംകൂടിയ നദി. സുപ്രസിദ്ധമായ നയാഗ്രാ വെള്ള ച്ചാട്ടം ഇവിടത്തെ സെൻറ്ലോറൻസ്സ് നദിയിലാണ്. വടക്കു നിന്നു തെക്കോട്ടു നീണ്ടുകിടക്കുന്ന കൂററൻ പർവ്വതമായ റോക്കി പർവ്വതനിര പടിഞ്ഞാറെ കടൽത്തീരം ചേന്നുകിടക്കുന്നു.

ധാതുപദാത്ഥങ്ങൾ ധാരാളം ലഭിക്കുന്ന ഈ ഭൂഖണ്ഡത്തി ലാണ് സമ്പന്ന രാഷ്ട്രങ്ങളായ യു. എസ്സ്. എ. യും കാനഡയും സ്ഥിതിചെയ്യുന്നതു്. ലോകത്തിലെ ധാന്യക്കലവറകളിലൊ ന്നാണ് ഈ ഭൂഖണ്ഡം. അവിടെ ഗോതമ്പ് സമൃദ്ധിയായി കൃഷി ചെയ്യുന്നുണ്ട്. അവിടെനിന്ന് ഇന്ത്യയിലേയ്ക്കും മററും ഗോതമ്പ് കയററി അയക്കുന്നു. അവിടത്തെ പൂവ്വനിവാസികളെ "റെഡ് ഇന്ത്യൻസ്" എന്നു പറഞ്ഞുവരുന്നു. കുടിയേറിപ്പാത്ത

ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും അവിടെ ധാരാളമുണ്ടു്. തോട്ടങ്ങളിൽ കൃഷിചെയ്യുവാനും മററും ആഫ്രിക്കയിൽനിന്നു് നീഗ്രോവർഗ്ഗക്കാരെ ആ രാജ്യത്തു് കൊണ്ടുവന്നു് താമസിപ്പിച്ചിരുന്നു.

ചിത്രം 6

റെഡ്ഡ് ഇന്ത്യക്കാർ—നൃത്തവേഷത്തിൽ

അവരുടെ സന്തതികളായ നീഗ്രോകളെ അമേരിക്കയിലെ തെക്കൻ സ്റ്റേററുകളിൽ ധാരാളം കാണാം.

തെക്കേ അമേരിക്ക

തെക്കേ അമേരിക്കയുടെ കിഴക്കുഭാഗത്തു് അററ്ലാൻറിക്ക് സമുദ്രവും പടിഞ്ഞാറുഭാഗത്തു് പസഫിക്ക് സമുദ്രവും സ്ഥിതിചെയ്യുന്നു. മനുഷ്യനിർമ്മിതമായ പനാമാത്തോടു് ഈ ഭൂഖണ്ഡത്തെ വടക്കേ അമേരിക്കയിൽനിന്നു് വേർതിരിക്കുന്നു.

ലോകത്തിലെ ഏററവും വീതികൂടിയ ആമസോൺ നദി ഈ ഭൂഖണ്ഡത്തിലാണു്. ഘോരവനങ്ങൾ ഈ നദീതടങ്ങളിൽ കാണാം പടിഞ്ഞാറേ തീരത്തോടുചേർന്നു് ആൻഡീസ് പർവ്വതം തെക്കുവടക്കായി നീണ്ടുകിടക്കുന്നു.

യൂറോപ്പ്

യൂറോപ്പിന്റെ പടിഞ്ഞാറ് അററ്ലാന്റിക്ക് സമുദ്രവും വടക്ക് ആർട്ടിക്ക് സമുദ്രവും തെക്ക് മെഡിററേനിയൻ കടലും കിഴക്ക് ഏഷ്യയും സ്ഥിതിചെയ്യുന്നു.

ഈ ഭൂഖണ്ഡത്തിന്റെ ചുററുമുള്ള സമുദ്രതീരം ശ്രദ്ധിക്കുക. പല ഭാഗങ്ങളിലും കടൽ ഉള്ളിലേക്ക് കയറിക്കിടക്കുന്നതു് കാണാം. അതിനാൽ ഇവിടെ ധാരാളം ഉൾക്കടലുകളും പ്രകൃതി ദത്തമായ തുറമുഖങ്ങളും ഉണ്ട്. തന്നിമിത്തം യൂറോപ്പിലെ ചില രാജ്യക്കാർ സമർത്ഥന്മാരായ കപ്പൽസഞ്ചാരികളായിത്തീർന്നു ആധുനിക ലോകത്തിലെ സാഹസികരായ കപ്പൽസഞ്ചാരികൾ അധികവും യൂറോപ്പുകാരായിരുന്നു.

ലോകത്തിലെ ഏററവും വലിയ തടാകമായ കാസ്പിയൻ കടൽ ഈ ഭൂഖണ്ഡത്തിന്റെ തെക്കുകിഴക്കേ അതിർത്തിയിൽ ആണ്. കിഴക്കുഭാഗം കിടക്കുന്ന യൂറൽ പർവ്വതം ഏഷ്യയുടേയും യൂറോപ്പിന്റേയും അതിരായി കിടക്കുന്നുവെന്നു നിങ്ങൾ മുമ്പ് പഠിച്ചു. യൂറോപ്പുഭൂഖണ്ഡം പൊതുവെ സമ്പന്നമായ ഒരു ഭൂവിഭാഗമാണ്. യൂറോപ്പിലെ ഏററവും വലിയ നദി വോൾഗയാണ്. വ്യവസായ രാഷ്ട്രങ്ങളായ ജമ്മനി, ഇംഗ്ലണ്ട്, ഫ്രാൻസ്, റഷ്യയുടെ ഒരു ഭാഗം എന്നിവ ഈ ഭൂഖണ്ഡത്തിലാണ്. ആൽപ്സ് ആണ് യൂറോപ്പിലെ പ്രധാന പർവ്വതം.

ആസ്ത്രേലിയ

ആസ്ത്രേലിയ ഭൂഖണ്ഡം മററു ഭൂഖണ്ഡങ്ങളിൽനിന്നും അകന്നാണ് കിടക്കുന്നതു്.

ആടുമാടുകളെ മേയ്ക്കുവാൻ പററിയ വിസ്തൃതമായ മൈതാനങ്ങൾ ആസ്ത്രേലിയയുടെ തെക്കുഭാഗത്തുണ്ടു്. ആളുകൾ തീരപ്രദേശങ്ങളിലാണു് തിങ്ങിപ്പാർക്കുന്നതു്. ഇംഗ്ലീഷുകാർ കുടിയേറിപ്പാർത്തശേഷമാണു് ഇവിടെ പരിഷ്കാരം ഉണ്ടായതു്. ആസ്ത്രേലിയയിലെ മരുപ്രദേശങ്ങളിൽ ധാരാളം സ്വർണ്ണഖനികളുണ്ടു്. കിഴക്കുഭാഗത്തുള്ള മുറെഡാർലിങ്ങു് നദീതടം ഫലഭൂയിഷ്ഠമാണു്. ഇവിടെ ഗോതമ്പു് സമൃദ്ധിയായി കൃഷിചെയ്യുന്നുണ്ടു്. “കങ്കാരു” എന്ന മൃഗം ആസ്ത്രേലിയയിൽ മാത്രം കണ്ടുവരുന്ന ഒന്നാണു്.

KOTTAYAM

ചിത്രം 7

അൻറാർട്ടിക്ക

ദക്ഷിണധ്രുവത്തെ ചുററിക്കിടക്കുന്ന ഭൂഖണ്ഡത്തെ അൻറാർട്ടിക്ക എന്നു വിളിക്കുന്നു. സദാ മഞ്ഞുമൂടിക്കിടക്കുന്ന പ്രദേശമാകയാൽ മനുഷ്യജീവിതത്തിന്നു് ഈ പ്രദേശം പററിയതല്ല. എന്നാൽ ഈ ഭാഗങ്ങളെ ജനവാസയോഗ്യമാക്കിത്തീർക്കുവാൻ ശാസ്ത്രജ്ഞന്മാർ പരിശ്രമിച്ചുവരുന്നുണ്ടു്.

മഹാസമുദ്രങ്ങൾ

ഭൂഗോളപഠനത്തിൽനിന്നു് ഭൂമിയുടെ ഭൂരിഭാഗവും സമുദ്രമാണെന്നു് നിങ്ങൾ മനസ്സിലാക്കിയല്ലോ. കര കുന്നും കുഴിയും ആയി കിടക്കുന്നതുപോലെ സമുദ്രത്തിന്റെ അടിത്തട്ടും പൊങ്ങിയും താണും കിടക്കുന്നു. സമുദ്രത്തിൽനിന്നു പല വിഭവ



ചിത്രം 8

ങ്ങളും ലഭിക്കുന്നുണ്ടു്. മത്സ്യങ്ങളാണു് പ്രധാനപ്പെട്ടവ. തിമിംഗലത്തെപ്പററി നിങ്ങൾ കേട്ടിട്ടില്ലേ? മുത്തും പവിഴവും സമുദ്രത്തിൽനിന്നു് ലഭിക്കുന്നു. പല നിറത്തിലുള്ള കക്കകൾ കടലിൽനിന്നു് കിട്ടുന്നു. സമുദ്രജലം വററിച്ചു് ഉപ്പു് ധാരാളം ഉണ്ടാക്കുന്നുണ്ടു്.

ശാന്തസമുദ്രം

മഹാസമുദ്രങ്ങളിൽ ഏററവും വലുതു് ശാന്തസമുദ്രം ആണു്. ആസ്ത്രേലിയ, ഏഷ്യ എന്നീ ഭൂഖണ്ഡങ്ങൾക്കു കിഴക്കും അമേരിക്കകൾ പടിഞ്ഞാറുമായാണു് ഇതു കിടക്കുന്നതു്. ലോകത്തിലെ ജലഭാഗത്തിന്റെ ഏതാണ്ടു പകുതിയോളം വിസ്തീർണ്ണം ഇതിനുണ്ടു്. ഈ സമുദ്രത്തിനു് ചില സ്ഥലങ്ങളിൽ ഏകദേശം

10 കിലോമീററർ ആഴമുണ്ട്. ഈ സമുദ്രത്തിൽ അനേകം ദ്വീപുകൾ കാണാം. ജപ്പാൻ, ഫിലിപ്പൈൻസ്സ്, പൂർവ്വേന്ത്യാ ദ്വീപുകൾ, ഫോർമോസ, ഹാവായ് എന്നീ ദ്വീപുകൾ ഇവയിൽ പ്രധാനമായവയാണ്.

അററ്ലാൻറിക്ക് മഹാസമുദ്രം

യൂറോപ്പ്, ആഫ്രിക്ക എന്നീ വൻകരകൾക്കും അമേരിക്കയ്ക്കും ഇടയിൽ വടക്ക് ആർട്ടിക്ക് സമുദ്രം മുതൽ തെക്ക് അൻറാർട്ടിക്ക് ഭൂഖണ്ഡം വരെ അററ്ലാൻറിക്ക് സമുദ്രം വ്യാപിച്ചു കിടക്കുന്നു. ഗതാഗത കാര്യങ്ങളിലും വാണിജ്യ കാര്യങ്ങളിലും ഈ മഹാസമുദ്രം മററുള്ളവയെക്കാൾ പ്രാധാന്യമർഹിക്കുന്നുണ്ട്. ഇതിനെ തൊട്ടുകിടക്കുന്ന ഭൂഖണ്ഡങ്ങളുടെ സമീപത്തായി സമുദ്രത്തിൽ അനേകം ദ്വീപസമൂഹങ്ങളുണ്ട്. ബ്രിട്ടീഷുദ്വീപുകളെപ്പററി നിങ്ങൾ കേട്ടിട്ടുണ്ടോ ? അതു് ഈ വൻസമുദ്രത്തിലാണ് കിടക്കുന്നതു്. വെസ്റ്റ് ഇൻഡീസ്സും ഈ സമുദ്രത്തിലെ പ്രധാന ദ്വീപസമൂഹമാണ്.

ഇന്ത്യാമഹാസമുദ്രം

ആഫ്രിക്ക, ആസ്ത്രേലിയ, എന്നീ ഭൂഖണ്ഡങ്ങൾക്കിടയിൽ ഇന്ത്യ മുതൽ അൻറാർട്ടിക്ക ഭൂഖണ്ഡം വരെ നീണ്ടു കിടക്കുന്ന ഈ വൻസമുദ്രത്തിനു്, സമുദ്രങ്ങളുടെ കൂട്ടത്തിൽ വലിപ്പം കൊണ്ടു മൂന്നാം സ്ഥാനമാണ് ഉള്ളതു്. നമ്മുടെ രാജ്യത്തിൻെറ പടിഞ്ഞാറുള്ള അറബിക്കടലും, കിഴക്കുള്ള ബംഗാൾ ഉൾക്കടലും ഈ മഹാസമുദ്രത്തോടു ചേന്നു കിടക്കുന്നു.

ആർട്ടിക്ക് മഹാസമുദ്രം

ഉത്തരധ്രുവത്തിനു ചുററും കിടക്കുന്ന സമുദ്രത്തിനാണ് ആർട്ടിക്ക് സമുദ്രം എന്നു് പറയുന്നതു്. ധ്രുവപ്രദേശം വളരെ

ശൈത്യമുള്ളതാകയാൽ ഈ മഹാസമുദ്രം മഞ്ഞുമൂടിക്കിടക്കുന്നു. ശീതകാലത്തു മഞ്ഞുറച്ചു് പാറപോലെ ആയിത്തീരും. വേനൽക്കാലത്തു് ഈ മഞ്ഞുകട്ടി ചില സ്ഥലങ്ങളിൽ ഉരുകുകയും മലപോലെ വലിപ്പമുള്ള മഞ്ഞുകട്ടികൾ പ്രവാഹത്തിൽപ്പെട്ടു് ഒഴുകുകയും ചെയ്യുന്നു. കടലിൽക്കൂടി ഒഴുകിവരുന്ന ഈ മഞ്ഞുകട്ടികൾ (ഹിമാനികൾ) കപ്പൽക്കാർക്കു് ചിലപ്പോൾ ആപത്തുണ്ടാകാറുണ്ടു്.

ചിത്രം 9

ലോകത്തിലെ പ്രധാന ഭൂപ്രകൃതി വിഭാഗങ്ങൾ

പൎവ്വതങ്ങൾ, മലകൾ, പീഠഭൂമികൾ

ഒരു രാജ്യത്തിനു പൎവ്വതങ്ങൾ എങ്ങനെ പ്രയോജനപ്പെടുന്നാവെന്നു നിങ്ങൾക്കറിയാം. ഉയരം കൂടിയ പൎവ്വതങ്ങളിൽ നിന്നാണു സാധാരണയായി നദികൾ ഉത്ഭവിക്കുന്നതു്. നീരാവിയെ തടഞ്ഞു നിൎത്തി മഴ പെയ്യിക്കുവാനും പൎവ്വതങ്ങൾ സഹായിക്കുന്നു. പൎവ്വതങ്ങളുടെ ചരിവുകളിൽ വൻമരങ്ങൾ വളരുന്ന കാടുകളുണ്ടു്. വീടു പണിചെയ്യുന്നതിനും, മേശ, കസേര, കട്ടിൽ തുടങ്ങിയവ ഉണ്ടാക്കുന്നതിനും, ആവശ്യമായ തടികൾ വനങ്ങളിൽനിന്നാണു് നമുക്കു ലഭിക്കുന്നതു്. വനങ്ങളിൽ ആന, കരടി, മാൻ തുടങ്ങിയ മൃഗങ്ങളും ഉണ്ടായിരിക്കും. കൂടാതെ വനങ്ങളിൽനിന്നു് തേൻ, അരക്കു് മുതലായ പല സാധനങ്ങളും കിട്ടുന്നു.

ഹിമാലയം ലോകത്തിലെ ഏററവും ഉയരംകൂടിയ പൎവ്വതമാണെന്നു മുമ്പു പഠിച്ചു. ഏഷ്യയിലുള്ള ഈ പൎവ്വതം ഇന്ത്യാരാജ്യത്തിന്റെ വടക്കെ അതിൎത്തിയിൽ ഒരു കോട്ടമതിൽപോലെ ഉയൎന്നു നിൽക്കുന്നു. ലോകത്തിലെ ഏററവും ഉയരംകൂടിയ എവറസ്റ്റു് കൊടുമുടി ഹിമാലയത്തിലാണു്. പാമീർ പീഠഭൂമിയിൽനിന്നു പടിഞ്ഞാറോട്ടും വടക്കു-കിഴക്കോട്ടും ചില പൎവ്വതനിരകൾ പോകുന്നതു പടത്തിൽ നോക്കി മനസ്സിലാക്കുക.

യൂറോപ്പിലെ പ്രധാന പൎവ്വതനിര ആൽപ്സ് ആകുന്നു. ഏഷ്യക്കും യൂറോപ്പിനും അതിരായിക്കിടക്കുന്ന മറെറാരു വലിയ പൎവ്വതമാണു യൂറൽ പൎവ്വതം. ആഫ്രിക്കയിലും ഉയരം കൂടിയ പൎവ്വതങ്ങളുണ്ടു്. ഇവയിൽ പ്രധാനമായതു് വടക്കു-പടിഞ്ഞാറു

ഭാഗത്തുള്ള ആററ്ലസ്സ് പർവ്വതനിരകളാണ്. വടക്കേ അമേരിക്കയുടെ പടിഞ്ഞാറു ഭാഗത്തു കടലോരത്തിന് ഏകദേശം സമാന്തരമായി തെക്കു-വടക്കു നീണ്ടു കിടക്കുന്നതാണ് റോക്കി പർവ്വതനിരകൾ. അപ്പലേഷിയൻ പർവ്വതം ഈ വൻകരയുടെ കിഴക്കുഭാഗത്തു വടക്കു-തെക്കായി നീണ്ടുകിടക്കുന്നതായി കാണാം. റോക്കി പർവ്വതനിരകൾക്കു തുടർച്ചയായി തെക്കേ അമേരിക്കയുടെ പടിഞ്ഞാറുഭാഗത്തുകൂടി പോകുന്ന നീണ്ട പർവ്വതനിരയാണ് ആൻഡീസ്. ആസ്ത്രേലിയയുടെ കിഴക്കുഭാഗത്തു "ഗ്രെയിററ് ഡിവൈഡിങ്ങ് റേഞ്ച്" എന്ന പർവ്വതനിരകളുണ്ട്.

ലോകത്തിലെ പ്രധാന പീഠഭൂമികളെക്കുറിച്ച് നമുക്കു പഠിക്കാം. സമുദ്രനിരപ്പിനെ അപേക്ഷിച്ചു വളരെ ഉയന്നു കിടക്കുന്നതും സാമാന്യമായി നിരപ്പായതും വിശാലമായിട്ടുള്ളതുമായ ഭൂഭാഗത്തിനാണ് പീഠഭൂമി എന്നു പറയുന്നതു്. ഭൂപടത്തിൽ പാമീർപീഠഭൂമിയുടെ സ്ഥാനം നോക്കുക. പല ഉന്നത പർവ്വതങ്ങളും പാമീർ ഉന്നതതടത്തിൽ സന്ധിക്കുന്നു. ആണ്ടിൽ അധികഭാഗവും മഞ്ഞുമൂടിക്കിടക്കുന്ന സ്ഥലമാണ് ഈ പീഠഭൂമി. ഹിമാലയത്തിൻെറ വടക്ക് ഒരു ഉന്നതതലം പടത്തിൽ കാണാം. അതു് തിബത്തു് പീഠഭൂമിയാണ്. മനുഷ്യവാസമുള്ളതായി ഇത്രയും ഉയന്ന മറെറാരു പ്രദേശം ലോകത്തിൽ വേറെയില്ല. ഗോബി ഏഷ്യയിലെ മറെറാരു പീഠഭൂമിയാണ്. ഈ പീഠഭൂമി ഒരു ശീതമരുഭൂമിയാണ്. ഇതു് തിബത്തിൻെറ വടക്കു-കിഴക്ക് കിടക്കുന്നു. ഇന്ത്യയുടെ വടക്കു-പടിഞ്ഞാറു കിടക്കുന്ന ഇറാൻ, ഏഷ്യാമൈനർ, അറേബ്യ ഇവയെ ഭൂപടത്തിൽ കണ്ടുപിടിക്കുക. അവയും പീഠഭൂമികളാണ്. ഇന്ത്യയുടെ തെക്കുഭാഗത്തുള്ള പീഠഭൂമിയെ ഡക്കാൺ പീഠഭൂമി എന്നു വിളിക്കുന്നു.

ആഫ്രിക്കയുടെ മിക്ക ഭാഗങ്ങളും പീഠഭൂമികളാണ്. ഒരേ നിരപ്പല്ലെന്നുമാത്രം. ഇതു് തെക്കുഭാഗം ഉയരം കൂടിയും വടക്കോട്ടു പോകുന്തോറും സാമാന്യമായി ഉയരം കുറഞ്ഞും വരുന്നു.

റോക്കി പൎവ്വതപ്രദേശത്തുള്ള കൊളറാഡൊ പീഠഭൂമി അമേരിക്കൻ ഐക്യരാജ്യങ്ങളിലും മെക്സിക്കോവിലുമായി പരന്നു കിടക്കുന്നു. തെക്കേ അമേരിക്കയിൽ ആൻഡീസിന്റെ കിഴക്കു ഭാഗത്തു് ബ്രസീൽ പീഠഭൂമിയും ഗയാന പീഠഭൂമിയും ഉണ്ടു്.

ആസ്ത്രേലിയ ഭൂഖണ്ഡത്തിന്റെ മദ്ധ്യഭാഗം ഒരു പീഠഭൂമിയാണു്.



ചിത്രം 10

സമതലങ്ങൾ

ഫലഭൂയിഷ്ഠമായ പ്രധാന സമതലങ്ങളെപ്പററിയും നദീതാഴ്‌വരകളെക്കുറിച്ചും നാം അറിഞ്ഞിരിക്കേണ്ടതാണു്. ഇവ ജനവാസത്തിനു വളരെ പററിയതാകുന്നു.

ഏഷ്യയിൽ യൂറൽ പൎവ്വതത്തിനു കിഴക്കു് ഒരു സമതലം കാണാം. ഓബ്യു്, യെനിസി, ലീന എന്നീ നദികൾ ഏഷ്യയുടെ മദ്ധ്യപീഠഭൂമികളിൽനിന്നുത്ഭവിച്ചു് വടക്കോട്ടൊഴുകി ആർട്ടിക്കു് സമുദ്രത്തിൽ വീഴുന്നു. ആമൂർ, ഹൊയാങ്ങ്ഹോ, യാങ്ങ്ടിസ്കിയാങ്ങു് എന്നീ നദികൾ ഏഷ്യയുടെ മദ്ധ്യപീഠഭൂമിയിൽനിന്നുത്ഭവിച്ചു് പസഫിക്കു് സമുദ്രത്തിൽ വീഴുന്നു.

ഇൻഡോചൈന പീഠഭൂമിയിൽനിന്നു പുറപ്പെട്ട് ശാന്തസമുദ്രത്തിൽ വീഴുന്ന മെക്കോങ്ങു നദിയുടെ താഴ്‌വരപ്രദേശങ്ങൾ കൃഷിക്കു പററിയതാണ്. മെക്കോങ്ങിനു സമീപത്തുവെച്ച് ഉത്ഭവിച്ച് ഇന്ത്യാസമുദ്രത്തിൽ വീഴുന്ന ഐരാവതീനദിയുടെ തടങ്ങളും നെൽക്കൃഷിക്കു പ്രസിദ്ധമാണ്.

ഇന്ത്യയിലെ ഗംഗ, ബ്രഹ്മപുത്ര, സിന്ധു നദികളെപ്പററി നിങ്ങൾ പഠിച്ചിട്ടില്ലേ? ഇവയുടെ തടങ്ങൾ വളരെ ഫലപുഷ്ടിയുള്ളതാണ്. ഏഷ്യയിലെ യൂഫ്രെട്ടീസ്-ടൈഗ്രീസ് താഴ്‌വരകളും വളരെ ഫലപുഷ്ടിയുള്ളവയാണ്.

യൂറോപ്പിൻെറ വടക്കുഭാഗത്ത് വളരെ വിശാലമായ ഒരു സമതലം ഉണ്ട്. ഈ സമതലത്തിൽക്കൂടി ഒഴുകുന്ന വോൾഗ, യൂറോപ്പിലെ വലിയ നദിയാണ്. ആൽപ്സിൻെറ ചരിവുകളിൽനിന്ന് ഉത്ഭവിച്ച് കരിങ്കടലിൽ വീഴുന്ന ഡാന്യൂബ് നദിയുടെ താഴ്‌വരയാണ് മറെറാന്ന്. വേറേയും നദീതാഴ്‌വരകൾ ഇവിടെ കാണാം. ഇവയിൽ റൈൻ നദീതടം ആ പ്രദേശത്തിൻെറ ഐശ്വര്യത്തിന് കാരണമാണ്.

ആഫ്രിക്കയിൽ സമതലങ്ങൾ കുറവാണ്. നൈൽ നദീതടം കൃഷിക്കു പ്രയോജനപ്പെടുന്നുണ്ട്. എന്നാൽ കോംഗോതടം കാടുകൾ ഇടതിങ്ങി വളരുന്ന ചതുപ്പു പ്രദേശങ്ങൾ നിറഞ്ഞതാണ്.

വടക്കേ അമേരിക്കയിൽ ഏകദേശം മദ്ധ്യഭാഗത്ത് വിസ്തൃതമായ ഒരു സമതലം ഉണ്ട്. ഈ സമതലത്തിൽക്കൂടിയാണ് മിസ്സോറി-മിസിസിപ്പി, സെൻറ് ലാറൻസ് എന്നീ നദികൾ ഒഴുകുന്നത്. ഇവകളുടെ തടങ്ങളും കൃഷിക്കു പററിയ ഫലഭൂയിഷ്ഠമായ പ്രദേശങ്ങളാണ്. തെക്കേ അമേരിക്കയിൽ ഒരു വലിയ സമതലത്തിൽക്കൂടി ഒഴുകുന്ന അമെസോൺ നദിയുടെ തീരം വെറും വനപ്രദേശമാണ്.

മുറെഡാർലിങ്ങ് നദീതടമാണ് ആസ്ത്രേലിയയിൽ പ്രധാനമായത്. ഇത് ഗോതമ്പു കൃഷിക്കു പ്രസിദ്ധപ്പെട്ടിരിക്കുന്നു.

പ്രായോഗിക പ്രവൎത്തനങ്ങൾ

1. ഒരു വൃത്തം വരച്ച് 'കര', 'ജലം' ഇവയുടെ വലിപ്പം താരതമ്യപ്പെടുത്തുന്ന നിറമിട്ട ഒരു ചിത്രം വിദ്യാൎത്ഥികൾ തയ്യാറാക്കട്ടെ.

2. ഒരു വലിയ റബ്ബർപന്തിൽ ഭൂഖണ്ഡങ്ങളുടെ ഔട്ട്ലൈൻ വരയ്ക്കുക. അതിന്മേൽ ഭൂഖണ്ഡങ്ങൾക്കും മഹാസമുദ്രങ്ങൾക്കും അനുയോജ്യമായ നിറംകൊടുത്ത് കുട്ടികൾ പേരെഴുതി ഒട്ടിക്കട്ടെ.

3. 'ദിനചലനം', 'വാൎഷികചലനം' ഇവയെ സൂചിപ്പിക്കുന്ന പടം കുട്ടികളുടെ നോട്ടുബുക്കിൽ വരയ്ക്കട്ടെ.

4. വിദ്യാൎത്ഥികൾ അവരുടെ നോട്ടുബുക്കിൽ (a) അക്ഷാംശരേഖകളേയും, (b) രേഖാംശരേഖകളേയും കുറിക്കുന്ന പടം തയ്യാറാക്കട്ടെ.

5. ഭൂഗോളമാതൃക വരച്ച്, ഭൂമദ്ധ്യരേഖ, ഉത്തര ദക്ഷിണായനരേഖകൾ, ഉത്തര ദക്ഷിണധ്രുവവൃത്തങ്ങൾ, എന്നിവ അടയാളപ്പെടുത്തട്ടെ.

6. അക്ഷാംശരേഖകളിൽവെച്ച് ഏററവും വലുതേതെന്നു വിദ്യാൎത്ഥികൾ ഗോളമാതൃകയിൽനിന്നു കണ്ടുപിടിക്കട്ടെ.

7. മേഖലകളെ കാണിക്കുന്ന ഒരു പടം വിദ്യാൎത്ഥികൾ അവരുടെ നോട്ടുബുക്കിൽ വരയ്ക്കട്ടെ.

8. "വൻപൎവ്വതങ്ങൾകൊണ്ട് ജനങ്ങൾക്കു വല്ല ഗുണവുമുണ്ടോ?" ഈ വിഷയത്തെപ്പററി വിദ്യാൎത്ഥികൾ ചൎച്ചചെയ്യട്ടെ.

9. താഴെപ്പറയുന്ന അക്ഷാംശരേഖകളും രേഖാംശരേഖകളും സന്ധിക്കുന്ന സ്ഥലത്തു സ്ഥിതിചെയ്യുന്ന സ്ഥലങ്ങൾ കുട്ടികൾ ഭൂപടം നോക്കി കണ്ടുപിടിക്കട്ടെ:

	അക്ഷാംശം	രേഖാംശം
(1)	13° വടക്ക്	80° കിഴക്ക്
(2)	28° വടക്ക്	77° കിഴക്ക്
(3)	34° തെക്ക്	151° കിഴക്ക്
(4)	42° വടക്ക്	74° പടിഞ്ഞാറ്

10. ഡൽഹിയിൽ ഉച്ചയ്ക്കു 12 മണിയാകുമ്പോൾ താഴെപ്പറയുന്ന സ്ഥലങ്ങളിൽ എത്ര മണിയായിരിക്കുമെന്നു ഭൂലോകപടത്തിൽ വാച്ചുകൾ വരച്ച് കാണിക്കുക: (1) ചിക്കാഗോ, (2) ലണ്ടൻ, (3) സിഡ്നി, (4) മോസ്കോ, (5) ടോക്കിയോ.

11. ബാഹ്യാകാശത്തുനിന്നും, ചന്ദ്രനിൽനിന്നും എടുത്ത ഭൂമിയുടെ ചിത്രങ്ങളും അവയെ സംബന്ധിച്ച വാർത്തകളും ശേഖരിക്കുക.

അദ്ധ്യായം 3

ഏഷ്യ

സ്ഥാനവും വലിപ്പവും

ലോകത്തിലെ ഭൂഖണ്ഡങ്ങളെക്കുറിച്ചു പൊതുവെ പഠിച്ചുവല്ലോ. ഇനി നമുക്ക് ഏഷ്യാ ഭൂഖണ്ഡത്തെപ്പററി കൂടുതലായി ചില കാര്യങ്ങൾ മനസ്സിലാക്കാം. പടിഞ്ഞാറ് യൂറൽ പർവ്വതം മുതൽ കിഴക്ക് ശാന്തസമുദ്രം വരെയും, തെക്ക് ഇന്ത്യാമഹാസമുദ്രം മുതൽ വടക്ക് ആർട്ടിക്ക് സമുദ്രം വരെയും ഏഷ്യാ ഭൂഖണ്ഡം വ്യാപിച്ചു കിടക്കുന്നു. ലോകത്തിലെ കരവിഭാഗത്തിന്റെ ആകെ

വിസ്തീർണ്ണത്തിൽ മൂന്നിലൊരു ഭാഗം വരുന്ന ഭൂഖണ്ഡമാണ് ഏഷ്യ. കിഴക്കേ രേഖാംശം 25° മുതൽ 170° വരെയും ദക്ഷിണ അക്ഷാംശം 10° മുതൽ ഉത്തര അക്ഷാംശം 70° വരെയും ഏഷ്യാ ഭൂഖണ്ഡം വ്യാപിച്ചു കിടക്കുന്നു. തെക്കുകിഴക്കുള്ള ദ്വീപസമൂഹങ്ങളെ ഒഴിച്ചുനിർത്തുകയാണെങ്കിൽ ഈ ഭൂഖണ്ഡം മുഴുവനും ഉത്തരാർദ്ധ ഗോളത്തിൽ മാത്രം സ്ഥിതിചെയ്യുന്നതായി കാണുന്നു.

ഏഷ്യയിലെ രാജ്യങ്ങൾ

ചിത്രം 11

ഏഷ്യയിലെ പ്രധാന രാജ്യങ്ങളെക്കുറിച്ച നാം മനസ്സിലാക്കേണ്ടതാണ്. ഏഷ്യയുടെ രാഷ്ട്രീയ ഭൂപടം നോക്കി ഓരോ രാജ്യത്തിൻെറയും സ്ഥാനം കണ്ടുപിടിക്കുക. പ്രധാനമായ ചില രാജ്യങ്ങളെക്കുറിച്ചുമാത്രം ഇവിടെ പറയാം.

ഇന്ത്യ

ഏഷ്യയുടെ തെക്കുഭാഗത്തു സ്ഥിതിചെയ്യുന്ന നമ്മുടെ മാതൃഭൂമിയുടെ സ്ഥാനം ആദ്യമായി നോക്കുക. ഇന്ത്യയുടെ തെക്കുഭാഗം ഒരു ഉപദ്വീപാണ്. ചൈന കഴിഞ്ഞാൽ ഏററവും അധികം ജനസംഖ്യയുള്ള രാജ്യമാണ് ഇന്ത്യ. ഇന്ത്യയുടെ തലസ്ഥാനമായ ന്യൂഡൽഹിയുടെ സ്ഥാനം പടംനോക്കി കണ്ടുപിടിക്കുക.

സിലോൺ

ഇന്ത്യയുടെ തൊട്ടു തെക്കുഭാഗത്ത് വെള്ളത്താൽ ചുററപ്പെട്ട ഒരു ചെറിയ കരവിഭാഗം നിങ്ങൾ കാണുന്നില്ലേ ? അതാണ് സിലോൺ എന്നപേരിൽ അറിയപ്പെടുന്ന ദ്വീപു്. ഒരു പ്രധാന തുറമുഖമായ കൊളംബോ ആണ് സിലോണിൻെറ തലസ്ഥാനം.

പാക്കിസ്ഥാൻ

ഇന്ത്യയുടെ അയൽരാജ്യമായ പാക്കിസ്ഥാൻ 1947 ലാണ് നിലവിൽ വന്നതു്. ഈ രാജ്യം ഇന്ത്യയുടെ വടക്കുപടിഞ്ഞാറും വടക്കുകിഴക്കും രണ്ടു ഭാഗങ്ങളായി സ്ഥിതിചെയ്യുന്നു. വടക്കുപടിഞ്ഞാറെ ഭാഗത്തിനെ പശ്ചിമ പാക്കിസ്ഥാൻ എന്നും വടക്കുകിഴക്കേതിനെ പൂർവ്വപാക്കിസ്ഥാൻ എന്നും വിളിക്കുന്നു. പാക്കിസ്ഥാൻെറ തലസ്ഥാനം റാവൽപിണ്ടിക്കു സമീപമുള്ള ഇസ്ലാമബാദ് ആണ്.

ബർമ്മ

ഇന്ത്യയുടെ മറെറാരു അയൽരാജ്യമാണ് ബർമ്മ. ബ്രിട്ടീഷുകാരായിരുന്നു ഇതു ഭരിച്ചിരുന്നതു്. എന്നാൽ ഇപ്പോൾ ബർമ്മ ഒരു സ്വതന്ത്രരാജ്യമാണ്. ബർമ്മയുടെ തലസ്ഥാനം റംഗൂൺ ആകുന്നു.

നീപ്പാൾ, സിക്കിം, ബൂട്ടാൻ

ഹിമാലയത്തിന്റെ ചരിവിൽ നീപ്പാൾ, സിക്കിം, ബൂട്ടാൻ എന്നീ രാജ്യങ്ങൾ സ്ഥിതിചെയ്യുന്നതു് പടംനോക്കി മനസ്സിലാക്കുക.

മലേഷ്യ

ബർമ്മയുടെ തെക്കുഭാഗത്തു് ഒരു വാലുപോലെ നീണ്ടുകിടക്കുന്ന ഉപദ്വീപാണ് മലേഷ്യ. ഭൂമദ്ധ്യരേഖ മലേഷ്യയുടെ തെക്കുഭാഗത്തുകൂടി പോകുന്നു. നല്ല ഉഷ്ണമുള്ള ഈ നാട്ടിൽ മിക്കവാറും ദിവസങ്ങളിൽ മഴ പെയ്യുന്നുണ്ടു്. റബ്ബർകൃഷിക്കു ലോകപ്രസിദ്ധമായ രാജ്യമാണ് മലേഷ്യ. വെളുത്തീയം (ടിൻ) ഇവിടെനിന്നും ധാരാളമായി ഖനനം ചെയ്യപ്പെടുന്നുണ്ടു്. കോലാലമ്പൂർ ആണ് തലസ്ഥാനം.

സിങ്കപ്പൂർ

മലേഷ്യയുടെ തെക്കുഭാഗത്താണ് ലോകപ്രസിദ്ധമായ സിങ്കപ്പൂർ. അതു് ഒരു ചെറിയ ദ്വീപാണ്. ഇന്നു് അതു് ഒരു സ്വതന്ത്രരാജ്യമാണ്. പ്രസിദ്ധമായ ഒരു തുറമുഖവും ഒരു വിമാനത്താവളവും അവിടെയുണ്ടു്.

ഇൻഡോനേഷ്യ

ഇൻഡോനേഷ്യ വലുതും ചെറുതുമായ കുറേ ദ്വീപുകൾ ഉൾക്കൊള്ളുന്ന രാജ്യമാണ്. സുമാത്ര, ജാവ, ബോർണിയോ,

സെലിബസ്, ബാലി എന്നിവയാണ് പ്രധാന ദ്വീപുകൾ. നല്ല ഉഷ്ണവും മഴയുമുള്ളതുകൊണ്ടു് വൃക്ഷങ്ങൾ ഇടതിങ്ങി വളരുന്ന കാടുകൾ ധാരാളമുണ്ടു്. ഇൻഡോനേഷ്യയുടെ തലസ്ഥാനം ജക്കാർത്തയാണ്.

ഫിലിപ്പീൻസ്

ഫിലിപ്പീൻസ് ഇൻഡോനേഷ്യയുടെ വടക്കുകിഴക്ക് ശാന്തസമുദ്രത്തിൽ കിടക്കുന്ന ഒരു ദ്വീപസമൂഹമാണ്. തലസ്ഥാനം മനിലയാണ്.

തായ്‌ലൻറ്, ലാവോസ്, കമ്പോഡിയ, ഉത്തരവിയററ്നാം, ദക്ഷിണവിയററ്നാം

തെക്കുകിഴക്കേ ഏഷ്യയിലെ മററു ചെറുരാജ്യങ്ങളാണ് തായ്‌ലൻറ്, ലാവോസ്, കമ്പോഡിയ, ഉത്തരവിയററ്നാം, ദക്ഷിണവിയററ്നാം തുടങ്ങിയ രാജ്യങ്ങൾ. പടംനോക്കി ഇവയുടെ സ്ഥാനം മനസ്സിലാക്കുക.

ചൈന

ഇന്ത്യയുടെ വടക്കുകിഴക്കായി സ്ഥിതിചെയ്യുന്ന ചൈന ഏഷ്യയിലെ ഏററവും വലിയ രാജ്യമാണ്. ലോകത്തിൽ വച്ചേററവുമധികം ജനസംഖ്യയുള്ളതു് ഇവിടെയാണ്. ഒരു പുരാതന സംസ്കാരമുള്ള രാജ്യമാണ് ചൈന. ചൈന പട്ടുവ്യവസായത്തിനു് പ്രസിദ്ധമാണ്. തലസ്ഥാനം പീക്കിംഗ് ആണ്.

മംഗോളിയ, കൊറിയ

മംഗോളിയയും കൊറിയയും ചൈനയുടെ അയൽരാജ്യങ്ങളാണ്.

ജപ്പാൻ

ഏഷ്യയുടെ വടക്കുകിഴക്കു ഭാഗത്തു് ശാന്തസമുദ്രത്തിൽ കിടക്കുന്ന ദ്വീപസമൂഹമാണു് ജപ്പാൻ. വളരെ സമ്പന്നമായ ഒരു രാഷ്ട്രമാണിതു്. ചെറുകിട വ്യവസായങ്ങൾക്കു പ്രസിദ്ധമാണു് ഈ രാജ്യം. ജനങ്ങൾ കൂട്ടതൽ തിങ്ങിപ്പാർക്കുന്ന ലോകത്തിലെ ഏററവും വലിയ നഗരമായ ടോക്കിയോ ജപ്പാൻെറ തലസ്ഥാനമാണു്. അഗ്നിപർവ്വതങ്ങൾ ധാരാളമുള്ള ജപ്പാനിൽ ഭൂകമ്പങ്ങൾ ഇടയ്ക്കിടെ ഉണ്ടാകാറുണ്ടു്.

അഫ്ഘാനിസ്ഥാൻ

ഇന്ത്യയുടെ വടക്കുപടിഞ്ഞാറു ഭാഗത്തു പാക്കിസ്ഥാനുമപ്പുറം അഫ്ഘാനിസ്ഥാൻ എന്ന ഒരു രാജ്യമുണ്ടു്. ഈ രാജ്യത്തിനു കടൽത്തീരമില്ല. പൊതുവെ ഒരു മലംപ്രദേശമാണു്. പത്താൻകാർ എന്ന വർഗ്ഗക്കാരാണു് ഇവിടെ ഭൂരിപക്ഷവും. തലസ്ഥാനം കാബൂൾ ആണു്.

ഇറാൻ

പശ്ചിമപാക്കിസ്ഥാനു് തൊട്ടുകിടക്കുന്ന രാജ്യമാണു് ഇറാൻ. എണ്ണ കുഴിച്ചെടുക്കുന്നതിനു പ്രസിദ്ധമായ ഈ രാജ്യത്തിനു പേർഷ്യ എന്ന പേരും ഉണ്ടു്. ഇതിൻെറ തലസ്ഥാനം ടെഹറാൻ ആണു്.

ഇറാക്കു്

ഇറാൻെറ അയൽരാജ്യമാണു് ഇറാക്കു്. ഈത്തപ്പഴത്തിനു പ്രസിദ്ധമാണു് ഈ രാജ്യം. ബാഗ്ദാദാണു് തലസ്ഥാനം. പുരാതനമായ ഒരു നാഗരികതയുടെ ഇരിപ്പിടമായിരുന്നു ഇറാക്കു്.

സിറിയ, ജോർഡാൻ, ഇസ്രേൽ, തുർക്കി, സൗദി അറേബ്യ

ഇറാക്കിൻെറ അയൽരാജ്യങ്ങളാണു് സിറിയ, ജോർഡാൻ, ഇസ്രേൽ മുതലായവ. ഈ ഭാഗത്തുള്ള മററു രാജ്യങ്ങളാണു്

തീരത്തുകൂടെ നീണ്ടു് സാഗ്രോസ് പർവ്വതമെന്നപേരിൽ ഏഷ്യാമൈനറിലുള്ള പർവ്വതക്കെട്ടിൽ ചേരുന്നു. അതിനുശേഷം അതു് ഏഷ്യാമൈനറിൻെറ തെക്കേ തീരത്തിൽക്കൂടി പോകുന്നു. രണ്ടാമത്തെ ശാഖ ഹിന്ദുകുഷ് എന്ന പേരിൽ പടിഞ്ഞാറോട്ടു നീണ്ടു് പേർഷ്യയുടെ വടക്കു് ചെന്നെത്തുന്നു. ഈ പർവ്വതനിര ഏഷ്യാമൈനറിൽ പ്രവേശിക്കുന്ന ഘട്ടത്തിലാണു് ആർമീനിയൻ പർവ്വതക്കെട്ടു്. കാക്കസസ്സ് പർവ്വതം ഇതിൻെറ ഒരു ശാഖയാണു്. ഭൂപടത്തിൽനിന്നും ഈ പർവ്വതനിരകൾ മനസ്സിലാക്കുക.

മേൽപ്പറഞ്ഞ പർവ്വതങ്ങളുടെ ഇടയിൽ പീഠഭൂമികൾ സ്ഥിതിചെയ്യുന്നു. ഹിമാലയത്തിനു തൊട്ടു വടക്കാണു് പ്രസിദ്ധമായ തിബത്തു് പീഠഭൂമി. ഇതു് ഹിമാലയപർവ്വതത്തിനും കിൻലൻ പർവ്വതത്തിനും ഇടയിൽ സ്ഥിതിചെയ്യുന്നു. ആൾട്ടായി, യാബ്ലെനോയി എന്നീ പർവ്വതങ്ങളുടെ തെക്കും ആൾട്ടിൻ ടാഗ് പർവ്വതത്തിൻെറ വടക്കുകിഴക്കും ഉള്ള 'ഗോബി' മരുഭൂമി ഒരു വലിയ പീഠഭൂമിയാണു്. ഏഷ്യാമൈനറും അതിൻെറ കിഴക്കുള്ള പേർഷ്യയുമാണു് മററു രണ്ടു പ്രധാന പീഠഭൂമികൾ. പടംനോക്കി പീഠഭൂമികൾ മനസ്സിലാക്കുക.

ഈ പർവ്വതക്കെട്ടുകളിലും പീഠഭൂമികളിലും പൊതുവെ ജനവാസം കുറവാണു്. ഗതാഗത സൌകര്യങ്ങളും ഇവിടെ കുറവാണു്.

ദക്ഷിണ പീഠഭൂമികൾ

ഈ പീഠഭൂമികൾ പ്രധാനമായി മൂന്നാണു്.

അറേബ്യ പീഠഭൂമി

ഇതു് കട്ടപ്പമുള്ള പാറകളോടുകൂടിയ ഒരു വലിയ പീഠഭൂമിയാണു്. ഇവിടെ മഴയില്ലാത്തതുകൊണ്ടു് രാജ്യം വരണ്ടിരിക്കുന്നു. നദികൾ വളരെ കുറവാണു്. യൂഫ്രട്ടീസ്-ടൈഗ്രീസ് നദീതടങ്ങളാണു് ഫലപുഷ്ടിയുള്ള പ്രദേശങ്ങൾ.

ഡെക്കാൻ പീഠഭൂമി

ഇന്ത്യൻ ഉപദ്വീപിലെ ഈ പീഠഭൂമി പടിഞ്ഞാറുനിന്നു് കിഴക്കോട്ടു ചെരിഞ്ഞാണ്' കിടക്കുന്നതു്. പടിഞ്ഞാറുഭാഗത്തു് പശ്ചിമഘട്ടവും കിഴക്കുഭാഗത്തു് പൂർവ്വഘട്ടവും സ്ഥിതിചെയ്യുന്നു. മഹാനദി, ഗോദാവരി, കൃഷ്ണ മുതലായ നദികൾ ഈ പീഠഭൂമിയിലൂടെ കിഴക്കോട്ടൊഴുകുന്നു. പൊതുവെ ഈ പീഠഭൂമി മഴ കുറഞ്ഞ പ്രദേശമാണു്.

യുന്നാനിലേയും ദക്ഷിണപൂർവ്വേഷ്യയിലേയും പീഠഭൂമി

ഈ പീഠഭൂമി ബർമ്മയിലുള്ള ഷാൻ ദേശങ്ങളിൽനിന്നു് കിഴക്കോട്ടു നീണ്ടുകിടക്കുന്നു. ഇവയും കട്ടപ്പമുള്ള പാറകളോടു കൂടിയതാണു്. സാൽവിൻ. മെക്കോങ്ങു്, യാങ്ങ്ടീസ് മുതലായ നദികൾ ഈ പീഠഭൂമിയിൽക്കൂടിയാണു് ഒഴുകുന്നതു്.

വൻനദീതടങ്ങൾ

ഈ നദീതടങ്ങൾ ഫലപുഷ്ടിയുള്ള പ്രദേശങ്ങളാകയാൽ ജനങ്ങൾ തിങ്ങിപ്പാർക്കുന്നു. പുരാതന സംസ്കാരത്തിൻെറ കേന്ദ്രങ്ങളായിരുന്നു ഇവ.

ടൈഗ്രീസ്-യൂഫ്രട്ടീസ് തടം

അറേബ്യയ്ക്കും പേർഷ്യയ്ക്കും മദ്ധ്യത്തിൽക്കൂടിയാണു് യൂഫ്രട്ടീസ്-ടൈഗ്രീസ് നദികൾ ഒഴുകുന്നതു്. ഈ നദികൾ ഇറാക്കിൽക്കൂടി ഒഴുകി കടലിൽ ചേരുന്നു. ഇവ ഇല്ലായിരുന്നുവെങ്കിൽ ഈ പ്രദേശം മുഴുവൻ ഒരു മരുഭൂമിയാകുമായിരുന്നു. പുരാതനകാലംമുതൽക്കുതന്നെ ഇവിടെ പരിഷ്കൃത ജനങ്ങൾ താമസിച്ചിരുന്നു. ഗോതമ്പു്, ബാർലി, പരുത്തി, നെല്ലു്, ഈന്തപ്പഴം എന്നിവയാണു് ഇവിടത്തെ പ്രധാന വിളവുകൾ.

സിന്ധുഗംഗാതടങ്ങൾ

ഈ നദീതടങ്ങൾ ഉത്തരേന്ത്യയിൽ സ്ഥിതിചെയ്യുന്നു. സിന്ധുതടത്തിന്റെ അധികഭാഗവും ഇപ്പോൾ പാക്കിസ്ഥാനിലാണ്. സിന്ധുഗംഗാതടങ്ങൾ വളരെ ഫലപുഷ്ടിയുള്ള പ്രദേശമാണ്. ഇവിടെ ജനങ്ങൾ തിങ്ങിപ്പാർക്കുന്നു. ഈ രണ്ടു നദികൾക്കും ധാരാളം പോഷകനദികളുണ്ട്. പുരാതനകാലം മുതൽക്കുതന്നെ ഇവിടെ ജനങ്ങൾ താമസം ഉറപ്പിച്ചിരുന്നു. ഗോതമ്പ്, നെല്ല്, കരിമ്പ്, പരുത്തി മുതലായവ ഇവിടെ ധാരാളമായി കൃഷിചെയ്യുന്നുണ്ട്. ഗംഗയുടെ പതനസ്ഥാനത്തുള്ള തുരുത്തുകളിൽ (ഡൽട്ടകളിൽ) ചണമാണ് പ്രധാനമായി കൃഷിചെയ്തുവരുന്നതു്. ബംഗാൾ ചണക്കൃഷിക്കു് ലോകപ്രസിദ്ധമാണ്.

ഐരാവതിതടം

ഇന്ത്യയുടെ കിഴക്കേ അതിർത്തിയോടു തൊട്ടുകിടക്കുന്ന ബർമ്മയിലെ പ്രധാന നദിയാണ് ഐരാവതി. ഈ നദി തെക്കോട്ടൊഴുകി ഇന്ത്യാ സമുദ്രത്തിൽ പതിക്കുന്നു. ഈ നദീതടവും പ്രത്യേകിച്ച് അതിന്റെ ഡൽട്ടാപ്രദേശവും ലോകപ്രസിദ്ധമായ നെൽക്കൃഷിപ്രദേശങ്ങളാണ്.

മെക്കോങ്ങു നദീതടം

മെക്കോങ്ങു നദി തിബത്ത് പീഠഭൂമിയിൽനിന്നാണ് ഉത്ഭവിക്കുന്നതു്. ഇതു് തെക്കുകിഴക്കോട്ടൊഴുകി കമ്പോഡിയാ രാജ്യത്തിലെ സമതലത്തിൽക്കൂടി ശാന്തസമുദ്രത്തിൽ വീഴുന്നു. ഫലപുഷ്ടിയുള്ള ഈ സമതലത്തിൽ നെൽക്കൃഷിക്കാണ് പ്രാധാന്യം.

യാങ്ങ്സിക്യാങ്ങുതടം

ഈ നദീതടം മദ്ധ്യചൈനയിലാണ് കിടക്കുന്നതു്. ചൈനയിലെ ഏററവും ഫലപുഷ്ടിയും ജനപ്പെരുപ്പവുമുള്ള ഭാഗമാണിതു്. ഗോതമ്പ്, നെല്ല്, പരുത്തി, തേയില മുതലായവയാണ് ഇവിടത്തെ പ്രധാനപ്പെട്ട ഉല്പന്നങ്ങൾ.

ഹ്വയാംഗ്ഹോ തടം

വടക്കെ ചൈനയിൽക്കൂടിയാണ് ഹ്വയാംഗ്ഹോനദി ഒഴുകുന്നത്. നാശകരങ്ങളായ വെള്ളപ്പൊക്കങ്ങൾ ഉണ്ടാകാറുള്ളതു കൊണ്ട് ഈ നദിയെ "ചൈനയുടെ ദുഃഖം" എന്നു പറയാറുണ്ട്. സമതലത്തിനു സമീപം ഉയൎന്ന പീഠഭൂമിപ്രദേശം കിടക്കുന്നുണ്ട്. ഈ നദീതടത്തിൽ മഴ കുറവാണ്. ശൈത്യം ഇവിടെ കൂടുതലാകുന്നു. ഗോതമ്പ്, ബാർലി, തിന, പയറുവൎഗ്ഗങ്ങൾ, തേയില എന്നിവയാണ് ഇവിടത്തെ പ്രധാന കൃഷികൾ.

കാലാവസ്ഥ

അതിവിസ്തൃതമായ ഒരു ഭൂഖണ്ഡമാണല്ലോ ഏഷ്യ. ഭൂമിയിൽ അനുഭവപ്പെടുന്ന എല്ലാ തരത്തിലുള്ള കാലാവസ്ഥയും ഏഷ്യയിലുണ്ട്. ഏഷ്യയുടെ തെക്കെ അററത്തു കിടക്കുന്ന മലേഷ്യയ്ക്കു സമീപത്തുകൂടെയാണ് ഭൂമദ്ധ്യരേഖ കടന്നുപോകുന്നത്. വടക്കുഭാഗമാകട്ടെ ആർട്ടിക്ക് സമുദ്രംവരെ വ്യാപിച്ചുകിടക്കുന്നു. അതിനാൽ ഈ ഭൂഖണ്ഡത്തിൽ ഉഷ്ണമേഖലയും മിതോഷ്ണമേഖലയും ശൈത്യമേഖലയും ഉണ്ട്. ഏഷ്യയുടെ തെക്കുഭാഗത്തുള്ള അറേബ്യ, ഇന്ത്യ, മലേഷ്യ തുടങ്ങിയ പ്രദേശങ്ങളിൽ കൂടുതൽ ഉഷ്ണം അനുഭവപ്പെടുന്നു. ചൈനയുടെ തെക്കുഭാഗം, ജപ്പാൻ തുടങ്ങിയ നാടുകളിൽ അനുഭവപ്പെടുന്നതു് മിതോഷ്ണമാണ്. വടക്കൻ ചൈനയിലും സൈബീരിയയിലും അതിശൈത്യം അനുഭവപ്പെടുന്നു.

ഒരു രാജ്യത്തിൻെറ ശീതോഷ്ണസ്ഥിതിയെ നിയന്ത്രിക്കുന്ന പ്രധാന ഘടകങ്ങളിൽ രണ്ടെണ്ണമാണ് സമുദ്ര സാമീപ്യവും സ്ഥലത്തിൻെറ ഉയരവും.

കേരളത്തിലുള്ള മൂന്നാർ സമുദ്രനിരപ്പിൽനിന്ന് കുറേയേറെ ഉയൎന്നുകിടക്കുന്ന പട്ടണമാണ്. സമുദ്ര നിരപ്പിൽനിന്നും അധികം ഉയരമില്ലാത്ത മററൊരു പട്ടണമാണ് കോട്ടയം.. ഇവ രണ്ടും ഏറെക്കുറെ അടുത്തു കിടക്കുന്ന സ്ഥലങ്ങളാണെങ്കിലും അവിടങ്ങ

മഴക്കാലം

മഴ ഉഷ്ണത്തെ ക്രമീകരിക്കാൻ സഹായിക്കുന്നു. ഏററവുമധികം ചൂടു് ഭൂമദ്ധ്യരേഖാപ്രദേശത്താണു് അനുഭവപ്പെടുന്നതു് എന്നു നിങ്ങൾ പഠിച്ചു. പൂർവ്വേന്ത്യാ ദ്വീപുകളും മലയാ ഉപദ്വീപുമാണു് മദ്ധ്യരേഖാപ്രദേശത്തു കിടക്കുന്ന ഏഷ്യൻ രാജ്യങ്ങൾ. ആ പ്രദേശങ്ങളിൽ എല്ലാക്കാലവും മഴ ലഭിക്കുന്നു. അതുകൊണ്ടു് അധികം ചൂടു് ആ പ്രദേശത്തു് അനുഭവപ്പെടുന്നില്ല.

ഇന്ത്യാസമുദ്രത്തിൽനിന്നു വീശുന്ന നീരാവി നിറഞ്ഞ കാററു് ഏഷ്യയുടെ തെക്കുകിഴക്കൻ രാജ്യങ്ങളിൽ മഴ പെയ്യിക്കുന്നതുകൊണ്ടു് അവിടങ്ങളിലും മഴക്കാലത്തു് ഉഷ്ണം കുറയുന്നു.



ചിത്രം 13

പ്രകൃതിസസ്യമേഖലകൾ

മനുഷ്യസഹായമില്ലാതെ പ്രകൃത്യാതന്നെ ഉണ്ടാവുന്ന സസ്യങ്ങൾക്കാണു് പ്രകൃതിസസ്യങ്ങൾ എന്നു പറയുന്നതു്. കാലാവസ്ഥ അനുസരിച്ചു് അവ വ്യത്യാസപ്പെട്ടിരിക്കുന്നു. മിക്കവാറും എല്ലാത്തരം സസ്യങ്ങളും ഏഷ്യാ ഭൂഖണ്ഡത്തിലുണ്ടു്. പ്രകൃതി സസ്യങ്ങൾ അനുസരിച്ചു് ഏഷ്യയെ മൊത്തത്തിൽ മൂന്നു ഭാഗങ്ങളായി തിരിക്കാം. വനപ്രദേശം, പുൽപ്രദേശം, മരുപ്രദേശം എന്നിവയാണു് അവ.

വനപ്രദേശങ്ങൾ

നല്ല ഉഷ്ണവും മഴയും ലഭിക്കുന്ന സ്ഥലങ്ങളിൽ കാടുകൾ തഴച്ചുവളരുന്നു. ഭൂമദ്ധ്യരേഖാപ്രദേശങ്ങളായ പൂർവ്വേന്ത്യാദ്വീപുകളിലും മലേഷ്യാ ഉപദ്വീപുകളിലും മിക്ക ദിവസങ്ങളിലും മഴ പെയ്യുന്നതുകൊണ്ടു് വൻകാടുകൾ വളരുന്നു. ഉഷ്ണകാലത്തു് കൂടുതൽ മഴ കിട്ടുന്ന ഇന്ത്യ, ബർമ്മ, സിലോൺ, ദക്ഷിണപൂർവ്വേഷ്യ എന്നിവിടങ്ങളിലും ഇടതിങ്ങിയ കാടുകൾ കാണാനുണ്ടു്. വിലപിടിച്ച ധാരാളം തടി ഇന്ന കാടുകളിൽനിന്നു ലഭിക്കുന്നു.

പുൽപ്രദേശങ്ങൾ

ഉഷ്ണവും മഴയും കുറഞ്ഞ സ്ഥലങ്ങളിലാണു് പുൽപ്രദേശങ്ങൾ കാണപ്പെടുന്നതു്. ഏഷ്യയിൽ ഏകദേശം മദ്ധ്യഭാഗത്തു കിഴക്കുപടിഞ്ഞാറായി 'സ്റ്റെപ്പികൾ' എന്നു പേരുള്ള പുൽപ്രദേശങ്ങൾ വ്യാപിച്ചു കിടക്കുന്നു. ഗോതമ്പു കൃഷിക്കും കന്നുകാലിവളർത്തലിനും പ്രസിദ്ധമായ പ്രദേശങ്ങളാണിവ.

മരുപ്രദേശങ്ങൾ

മഴ തീരെ ലഭിക്കാത്ത പ്രദേശങ്ങളാണു് മരുഭൂമികളായിത്തീരുന്നതു്. ഇവ മണലോ, പാറകളോകൊണ്ടു നിറഞ്ഞവ

യാണ്. ഈ പ്രദേശങ്ങളിൽ ചില സ്ഥലങ്ങളിൽ അവിടവിടെയായി കുററിച്ചെടികൾ വളരുന്നു. അവയുടെ വളർച്ചയ്ക്കു് വെള്ളം അധികം ആവശ്യമില്ല. അപൂർവ്വം ചില സ്ഥലങ്ങളിൽ ഉറവുകളിൽനിന്നു വെള്ളം കിട്ടുന്നുണ്ടു്. അങ്ങനെയുള്ള ഉറവകൾക്കു ചുററും ഈത്തപ്പനയും മററു സസ്യങ്ങളും വളരുന്നു. ഈ പ്രദേശങ്ങളെ "മരുപ്പച്ച"കൾ എന്നു പറയുന്നു. ഉഷ്ണമരുഭൂമികളായ അറേബ്യ, ഇന്ത്യൻമരുഭൂമി ഇവയും ശീതമരുഭൂമിയായ ഗോബിയുമാണു് ഏഷ്യയിലെ പ്രധാന മരുഭൂമികൾ

ജനസംഖ്യ

വിസ്തൃതിയുടെ കാര്യത്തിലെന്നപോലെത്തന്നെ ജനസംഖ്യയിലും ഏഷ്യാഭൂഖണ്ഡം മുന്നിട്ടുനിൽക്കുന്നു. ലോകത്തിലെ ജനസംഖ്യയുടെ ഏതാണ്ടു പകുതിയോളം ഏഷ്യയിലാണു്. ഈ ഭൂഖണ്ഡത്തിലെ ജനസംഖ്യാവിതരണം എല്ലാ സ്ഥലങ്ങളിലും ഒരുപോലെയല്ല. ചൈന, ഇന്ത്യ, ജപ്പാൻ, ഇൻഡോനേഷ്യ തുടങ്ങിയ രാജ്യങ്ങളിൽ ജനങ്ങൾ തിങ്ങിപ്പാർക്കുന്നു. ടിബററു്, അഫ്ഘാനിസ്ഥാൻ, അറേബ്യ തുടങ്ങിയ രാജ്യങ്ങളിൽ ജനവാസം വളരെ കുറവാണു്. തെക്കും കിഴക്കുമുള്ള നദീതടങ്ങളിലും മൺസൂൺപ്രദേശങ്ങളിലും ആണു് കൂടുതൽ ജനങ്ങൾ തിങ്ങിപ്പാർക്കുന്നതു്.

പർവ്വതങ്ങളും ഉന്നത പീഠഭൂമികളും ഉള്ള മദ്ധ്യേഷ്യൻ പ്രദേശങ്ങളിൽ ജനസംഖ്യ വളരെ കുറവാണു്. തെക്കുപടിഞ്ഞാറു കിടക്കുന്ന അറേബ്യയിലെ ഉഷ്ണമരുഭൂമിയിൽ ജനസംഖ്യ അധികമില്ല. വിശാലമായ സൈബീരിയയും ജനവാസം കുറഞ്ഞ പ്രദേശമാണു്. ഈ രാജ്യത്തിൻെറ ഏററവും വടക്കു കിടക്കുന്ന 'ടൺഡ്രാ' പ്രദേശം ആണ്ടു മുഴുവനും മഞ്ഞുകൊണ്ടു മൂടപ്പെട്ടിരിക്കയാൽ ഒട്ടുംതന്നെ ജനവാസയോഗ്യമല്ല.

ജനവർഗ്ഗങ്ങൾ

ഇനി ഈ ഭൂഖണ്ഡത്തിൽപ്പെട്ട ജനങ്ങൾ ഏതെല്ലാം വർഗ്ഗത്തിൽപ്പെട്ടവരാണെന്നു നമുക്കു പഠിക്കാം. ഏഷ്യയിലെ ജനങ്ങളിൽ അധികവും മംഗോളിയ വർഗ്ഗത്തിൽപ്പെട്ടവരും ബുദ്ധമതാനുയായികളുമാണ്. ചൈന, ജപ്പാൻ, തെക്കുകിഴക്കൻ ഏഷ്യാ, മദ്ധ്യേഷ്യാ, ഹിമാലയൻ പരിസരങ്ങൾ എന്നിവിടങ്ങളിലാണ് ഇവരെ അധികമായി കാണുന്നതു്. ഉത്തരേന്ത്യയിൽ മിക്കവാറും ജനങ്ങൾ ആര്യന്മാരും ദക്ഷിണേന്ത്യയിൽ ദ്രാവിഡരുമാണ്. മേൽപ്പറഞ്ഞ വർഗ്ഗങ്ങളിൽപ്പെടാത്ത മററനേകം വർഗ്ഗക്കാരും ഈ വിസ്തൃതമായ ഭൂഖണ്ഡത്തിലുണ്ടു്. സൈബീരിയായിലെ ടൺഡ്ര്രായിൽ താമസിക്കുന്ന അല്പം ചിലർ അതിശൈത്യത്തോടു മല്ലിട്ടു താമസിക്കുന്നവരാണ്; 'ലാപ്പുകൾ', 'സാമോയിഡുകൾ' എന്നിവരാണ് ഇവിടത്തെ നിവാസികൾ.

സാമ്പത്തിക വിഭവങ്ങൾ

കൃഷി.—കാർഷികോല്പന്നങ്ങളും, വനസമ്പത്തും, ധാതുപദാർത്ഥങ്ങളും ഏഷ്യയെ സമ്പന്നമാക്കുന്നു. സ്വന്തം ആവശ്യത്തിനു് ഉപയോഗിച്ച ബാക്കിയുള്ള പദാർത്ഥങ്ങളിൽ ചിലവ അന്യരാജ്യങ്ങളിലേക്കു കയററി അയക്കപ്പെടുന്നു. ഏഷ്യയിൽനിന്നു തേയില, റബ്ബർ, തുകൽ മുതലായവ മററു രാജ്യങ്ങളിലേക്കു കയററി അയക്കുന്നുണ്ടു്. ഏഷ്യയിലെ സാമ്പത്തിക വിഭവങ്ങൾ ഏതെല്ലാമാണെന്നും അവ എവിടെയെല്ലാം ലഭിക്കുന്നുവെന്നും പരിശോധിക്കാം.

ഏഷ്യ ഒരു കാർഷിക പ്രദേശമാണ്. ഫലഭൂയിഷ്ഠമായ നദീതടങ്ങൾ കൃഷിപ്രധാനങ്ങളാണെന്നു നിങ്ങൾക്കറിയാമല്ലോ. മലഞ്ചെരിവുകളിലും കൃഷിചെയ്തുവരുന്നുണ്ടു്. കാർഷികവസ്തുക്കളെ രണ്ടായി തിരിക്കാവുന്നതാണ്. ഭക്ഷ്യവിളവുകളും നാണ്യവിളവുകളുമാണവ. ഗോതമ്പ്, നെല്ല്, തിന ഇവയാണ് പ്രധാനമായ ഭക്ഷ്യധാന്യങ്ങൾ.

(എ) ഭക്ഷ്യവിളവുകൾ

ഗോതമ്പ്.—ലോകത്തിലുള്ള ഭൂരിഭാഗം ആളുകളുടേയും പ്രധാനപ്പെട്ട ആഹാരസാധനമാണ് ഗോതമ്പ്. ഇതു് മിതശീതോഷ്ണമേഖലയിൽ ധാരാളമായി കൃഷിചെയ്യുന്നു. പശിമരാശി മണ്ണിലും ചെളിമണ്ണിലും ഇതു നന്നായി വളരുന്നു. ഗോതമ്പുകൃഷിക്ക് അധികം മഴയും ചൂടും ആവശ്യമില്ല. ഉത്തരചൈന, ഉത്തരേന്ത്യ, സൈബീരിയ എന്നിവിടങ്ങളിലാണ് ധാരാളമായി ഗോതമ്പു കൃഷിചെയ്തുവരുന്നതു്.

നെല്ല്.—ഏററവും കൂടുതൽ നെല്ല് ഉല്പാദിപ്പിക്കുന്നതു് ഏഷ്യയാണ്. ചൈന, തെക്കുകിഴക്കനേഷ്യ എന്നിവിടങ്ങളിലെ മിക്കവാറും ജനങ്ങളുടെ മുഖ്യാഹാരസാധനം അരിയാണ്. ഇന്ത്യ, ചൈന, പാക്കിസ്ഥാൻ, ബർമ്മ, ഇന്തോനേഷ്യ, തായിലൻറ്, ജപ്പാൻ, പൂർവ്വേന്ത്യാദ്വീപുകൾ, സിലോൺ എന്നിവിടങ്ങളിലാണ് നെല്ല് ധാരാളമായി കൃഷിചെയ്തുവരുന്നതു്. ജലം സുലഭമായി ലഭിക്കുന്നതും എക്കൽമണ്ണുള്ളതുമായ നദീതടങ്ങളാണ് ഈ കൃഷിക്ക് അത്യുത്തമം. ജനവർദ്ധനവനുസരിച്ച് അരിയുടെ ആവശ്യം വർദ്ധിച്ചിരിക്കുകയാണ്. അതിനാൽ ജലസേചനമാർഗ്ഗങ്ങൾ ഏർപ്പെടുത്തിയും കടുംകൃഷിചെയ്തും നെല്ലിൻെറ ഉല്പാദനം വർദ്ധിപ്പിച്ചുവരുന്നുണ്ട്.

തിന, ചോളം, റാഗി മുതലായ മററു പലയിനം ധാന്യങ്ങൾ കൃഷിചെയ്യപ്പെടുന്നു. മഴ കുറഞ്ഞ ഉഷ്ണപ്രദേശങ്ങളിലാണ് ഇവ കൃഷിചെയ്യുന്നതു്. ഡക്കാനിലും ചൈനയിലും ഉള്ള വരണ്ട പ്രദേശങ്ങളിൽ ഇവ സമൃദ്ധിയായി കൃഷിചെയ്തുവരുന്നു.

(ബി) നാണ്യ വിളവുകൾ

ചണം.—നല്ല മഴയും നല്ല ചൂടും എക്കൽമണ്ണും ചണക്കൃഷിക്ക് അനുയോജ്യമാണ്. പാക്കിസ്ഥാനിൽപ്പെട്ട പൂർവ്വ

ബംഗാളിലാണ് ഈ കൃഷി ഏററവും കൂടുതലുള്ളതു്. ഇന്ത്യയിൽ ആസ്സാം, ബീഹാർ മുതലായ സ്ഥലങ്ങളിലും ചണക്കൃഷി ഇപ്പോൾ ചെയ്തുവരുന്നുണ്ടു്. ചണനാരുപയോഗിച്ചു് ചാക്കു്, കാൻവാസ്, കാർപ്പററു് മുതലായവ ഉണ്ടാക്കുന്നു. ഇവ അന്യരാജ്യങ്ങളിലേക്കു കയററുമതി ചെയ്യപ്പെടുന്നു.

കരിമ്പു്.—ഫലപുഷ്ടിയുള്ള മണ്ണും കുറഞ്ഞ മഴയും ഇതിന്നാവശ്യമാണ്. ജലസേചനംമൂലവും ഈ കൃഷി സാദ്ധ്യമാണ്. ഇന്ത്യ, ഫിലിപ്പീൻ ദ്വീപുകൾ, പൂർവ്വേന്ത്യാദ്വീപുകൾ, തെക്കൻ ചൈന ഇവിടങ്ങളിലെല്ലാം കരിമ്പു കൃഷിചെയ്തുവരുന്നുണ്ടു്.

പരുത്തി.—പരുത്തിക്കൃഷിക്കു് സാമാന്യമായ ഉഷ്ണവും മഴയും ഫലപുഷ്ടിയുള്ള മണ്ണും ആവശ്യമാണ്. ഇന്ത്യ, പാക്കിസ്ഥാൻ, ചൈന, ബർമ്മ എന്നീ രാജ്യങ്ങളിൽ പരുത്തി നന്നായി വളരുന്നുണ്ടു്.

തേയില.—ഉഷ്ണപ്രദേശങ്ങളിൽ മഴ ധാരാളം ഉള്ളതും എന്നാൽ വെള്ളം കെട്ടിനില്ക്കാത്തതുമായ മലഞ്ചരിവുകളിലാണ് തേയിലക്കൃഷി ധാരാളമുള്ളതു്. ചൈനയാണ് ആദ്യം തേയിലക്കൃഷി തുടങ്ങിയതു്. ഇന്ത്യയിൽ ആസ്സാം, കേരളം എന്നീ സംസ്ഥാനങ്ങളിലും ചൈന, സിലോൺ, ജപ്പാൻ, ഇന്തോനേഷ്യ എന്നീ രാജ്യങ്ങളിലും ഇതു് കൃഷിചെയ്തുവരുന്നു.

റബ്ബർ.—മദ്ധ്യരേഖാപ്രദേശങ്ങളിൽ നല്ല മഴയും ചൂടും ലഭിക്കുന്ന ഫലപുഷ്ടിയുള്ളതും വെള്ളം കെട്ടിനില്ക്കാത്തതുമായ മണ്ണിൽ ഇതു കൃഷിചെയ്തുവരുന്നു. റബ്ബർക്കൃഷി ഉഷ്ണരാജ്യങ്ങളിലെ ആദായകരമായ ഒരു തൊഴിലായിത്തീർന്നിട്ടുണ്ടു്. ലോകത്തിൽ ഏററവും കൂടുതൽ റബ്ബർക്കൃഷിയുള്ളതു് മലേഷ്യയിലാണ്. ദക്ഷിണേന്ത്യ, സിലോൺ, ബർമ്മ, ദക്ഷിണപൂർവ്വേഷ്യ, പൂർവ്വേന്ത്യാദ്വീപുകൾ എന്നിവിടങ്ങളിൽ ഇതു ധാരാളമായി കൃഷിചെയ്തുവരുന്നു.

വനങ്ങൾ

ഏതൊരു രാജ്യത്തെ സംബന്ധിച്ചും വളരെ പ്രാധാന്യമർഹിക്കുന്ന സമ്പത്താണു വനങ്ങൾ. ഏഷ്യയിൽ പ്രധാനമായി രണ്ടു തരം വനങ്ങളാണു കണ്ടുവരുന്നതു്. കട്ടപ്പം കൂടിയവയും കട്ടപ്പം കുറഞ്ഞവയും ആയ തടികളുള്ള വൃക്ഷങ്ങൾ വളരുന്ന വനങ്ങളാണവ. കട്ടപ്പമുള്ള തടി കിട്ടുന്ന വൃക്ഷങ്ങൾ ധാരാളം ചൂടും മഴയുമുള്ള ഉഷ്ണമേഖലാപ്രദേശങ്ങളിലെ വനങ്ങളിലാണു് വളരുന്നതു്. ഏഷ്യയിൽ മലയാളപദ്വീപു്, പൂർവ്വേന്ത്യാദ്വീപുകൾ എന്നിവിടങ്ങളിലും ഇന്ത്യ, ബർമ്മ, ദക്ഷിണപൂർവ്വേഷ്യ എന്നീ രാജ്യങ്ങളിലും ഇത്തരത്തിലുള്ള വനങ്ങൾ കണ്ടുവരുന്നു. ഈ വനങ്ങളിൽനിന്നു് തേക്കു്, മഹാഗണി, വീട്ടി, ചന്ദനം മുതലായ കട്ടപ്പമുള്ള നല്ല തടികൾ ധാരാളമായി ലഭിക്കുന്നുണ്ടു്. ഇവ കപ്പൽ നിർമ്മാണത്തിനും വീട്ടുപണിക്കും മരസ്സാമാനങ്ങളുണ്ടാക്കുന്നതിനും മററും ഉപയോഗിക്കുന്നു. വിലപിടിച്ച ചന്ദനമരത്തിൽനിന്നു് എടുക്കുന്ന ചന്ദനത്തൈലം മേൽത്തരം വാസനദ്രവ്യമാണു്.

കേരളത്തിൽ കൂട്ടമായി വളരുന്ന മുള നിങ്ങൾ കണ്ടിരിക്കും. ഇതു് ഉഷ്ണരാജ്യങ്ങളിൽ മിക്കപ്രദേശത്തും വളരുന്നുണ്ടു്. കടലാസ്സുണ്ടാക്കുന്നതിനും കൃത്രിമപ്പട്ടുകളുണ്ടാക്കുന്നതിനും മുളയുപയോഗിക്കുന്നു.

കട്ടപ്പംകുറഞ്ഞ പാല, പഞ്ഞിമരം, മുരിക്കു്, പൈൻ എന്നിവയുടെ തടികൾകൊണ്ടു് കടലാസ്, റയാൺ, തീപ്പെട്ടി മുതലായവ നിർമ്മിക്കുന്നു. ഈ ഇനം വൃക്ഷങ്ങൾ സൈബീരിയയിലും ജപ്പാനിലുമാണു് കൂടുതലായി കാണുന്നതു്.

ഏഷ്യയിലെ വനങ്ങളിൽനിന്നു് തടി, മുള എന്നിവയ്ക്കു പുറമെ മററു വനവിഭവങ്ങളും ലഭിക്കുന്നുണ്ടു്. അവയിൽ പ്രധാനമായവ ആനക്കൊമ്പു്, കോലരക്കു്, ചൂരൽ, തേൻ, മെഴുകു്,

ഔഷധച്ചെടികൾ എന്നിവയാണ്. ഇവയും ഈ ഭൂഖണ്ഡത്തിനു സമ്പത്തുണ്ടാക്കുന്നു.

ധാതു പദാർത്ഥങ്ങൾ

ഭൂമിയിൽനിന്നു കുഴിച്ചെടുക്കുന്നതോ, മണ്ണിലോ, സമുദ്രത്തിലോ കലർന്നുകിടക്കുന്നതോ ആയ ധാതുപദാർത്ഥങ്ങളാണ് നമ്മുടെ മറെറാരു പ്രകൃതിസമ്പത്ത്. ഇവ മനുഷ്യന് വളരെ ഉപയോഗമുള്ള വസ്തുക്കളാണ്. ഇരുമ്പ്, കൽക്കരി, പെട്രോളിയം, മാംഗനീസ്, അഭ്രം, സ്വർണ്ണം തുടങ്ങിയവയാണ് ഏഷ്യയിലെ പ്രധാന ധാതുപദാർത്ഥങ്ങൾ.

ഇരുമ്പ്.—മണ്ണും മററു പദാർത്ഥങ്ങളും കലർന്ന ഇരുമ്പയിര് ശുദ്ധീകരിച്ചാണ് ഇരുമ്പുണ്ടാക്കുന്നത്. യന്ത്രങ്ങൾ നിർമ്മിക്കുന്നതിനും മററും ആവശ്യമാകയാൽ ഇരുമ്പ് വ്യാവസായികമായി ഏററവും പ്രാധാന്യമർഹിക്കുന്ന ഒരു ലോഹമാണ്. ഏഷ്യയിൽ ഇന്ത്യ, ചൈന, തെക്കൻ സൈബീരിയ എന്നീ രാജ്യങ്ങളിൽ നിന്നാണ് ഇരുമ്പയിര് കുഴിച്ചെടുക്കുന്നത്.

കൽക്കരി.—ഭൂകമ്പംകൊണ്ടോ, മററു പ്രകൃതിക്ഷോഭം കൊണ്ടോ മണ്ണിനടിയിൽപ്പെട്ടുപോയ വൃക്ഷങ്ങൾക്ക് അനേകം നൂററാണ്ടുകൾകൊണ്ടു മാററം സംഭവിച്ചിട്ടുണ്ടായതാണ് കല്ക്കരി. ഫാക്ടറികളിലും മില്ലുകളിലും ഉള്ള യന്ത്രങ്ങൾ നടത്തുവാനും തീവണ്ടി യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുവാനും കൽക്കരി ഉപയോഗിക്കുന്നു. ഏഷ്യയിൽ ഇതു് ചൈന, ദക്ഷിണപൂർവ്വേഷ്യ, മഞ്ചൂറിയ, ഇന്ത്യ, ജപ്പാൻ എന്നിവിടങ്ങളിൽ ലഭിക്കുന്നു.

പെട്രോളിയം.—മണ്ണിനടിയിൽനിന്നു കിട്ടുന്ന എണ്ണയാണ് പെട്രോളിയം. ഇതു് ശുദ്ധീകരിക്കുമ്പോൾ പെട്രോൾ, മണ്ണെണ്ണ, ടാർ മുതലായ പദാർത്ഥങ്ങൾ ലഭിക്കുന്നു. ഇറാൻ, ഇറാക്ക്, സിറിയ, അറേബ്യ, ബർമ്മ, പൂർവ്വേന്ത്യാദ്വീപുകൾ എന്നീ രാജ്യങ്ങളിൽ നിന്നാണ് ഇതു് ധാരാളം കുഴിച്ചെടുക്കുന്നതു്. ഇന്ത്യയിലും ചൈനയിലും എണ്ണപ്പാടങ്ങൾ ഉണ്ട്.

മാംഗനീസ്.—നല്ലതരം ഉരുക്കുണ്ടാക്കുവാൻ മാംഗനീസ് ഉപകരിക്കുന്നു. ഏഷ്യയിൽ ധാരാളമായി മാംഗനീസ് കുഴിച്ചെടുക്കുന്ന രാജ്യം ഇന്ത്യയാണ്.

അഭ്രം.—വൈദ്യുതോപകരണങ്ങൾക്കു ധാരാളമായി ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഒരു ധാതുപദാർത്ഥമാണിതു്, മറ്റെല്ലാ രാജ്യങ്ങളെക്കാളും കൂടുതൽ അഭ്രം ഇന്ത്യയിൽനിന്നു കുഴിച്ചെടുക്കുന്നു.

വെള്ളത്തീയം.—തെക്കുകിഴക്കെ ഏഷ്യയിലാണ് ഇതു് അധികമായി ഖനനം ചെയ്യപ്പെടുന്നതു്. ലോകത്തിൽ ആകെ ലഭിക്കുന്ന വെള്ളത്തീയത്തിൽ മൂന്നിൽ രണ്ടുഭാഗവും മലേഷ്യയിൽനിന്നാണ് കിട്ടുന്നതു്. പൂർവ്വേന്ത്യാദ്വീപുകൾ, തായ്‌ലൻറ്, ദക്ഷിണ ബർമ്മ, ദക്ഷിണ ചൈന എന്നിവയാണ് വെള്ളത്തീയം ലഭിക്കുന്ന മററു പ്രദേശങ്ങൾ. പാത്രങ്ങൾ പൂശുന്നതിനും ഓട്ടുപാത്രങ്ങൾ ഉണ്ടാക്കുന്നതിനും മററും വെള്ളത്തീയം ഉപയോഗിക്കുന്നു.

സ്വർണ്ണം.—സൌദിഅറേബ്യ, ബർമ്മ, ചൈന, ഇന്ത്യ, ഇന്തോനേഷ്യ, കൊറിയ എന്നീ ഏഷ്യൻ രാജ്യങ്ങളിൽ സ്വർണ്ണഖനികളുണ്ടു്. ഇന്ത്യയിലെ കോലാർ ഖനിയിൽനിന്നും സ്വർണ്ണം കിട്ടുന്നുവെന്നു നിങ്ങൾ പഠിച്ചിട്ടുണ്ടല്ലോ.

കന്നുകാലികൾ

ലോകത്തിൽ ഏററവും കൂടുതൽ കന്നുകാലികൾ ഉള്ള രാജ്യം ഏഷ്യയാണ്. ഇവിടത്തെ കന്നുകാലികൾ എണ്ണത്തിൽ അധികം ഉണ്ടെങ്കിലും ഗുണം കുറഞ്ഞവയാണ്.

കടൽസമ്പത്തു്

ഏഷ്യയിൽപ്പെട്ട ജപ്പാനാണ് മത്സ്യബന്ധനത്തിൽ മുന്നിട്ടുനില്ക്കുന്നതു്. ചൈനയും റഷ്യയും മത്സ്യബന്ധനത്തിനു പ്രസിദ്ധമാണ്.

ഏഷ്യയിലെ ഗതാഗതമാർഗ്ഗങ്ങൾ

കണ്ണൂരിലുള്ള ഒരാളിനു് തിരുവനന്തപുരത്തു് എത്തിച്ചേരുവാൻ പതിനഞ്ചു മണിക്കൂർ സമയം മാത്രമേ വേണ്ടു. എറണാകുളത്തുനിന്നു രാവിലെ വിമാനത്തിൽ പുറപ്പെട്ടാൽ ഉച്ചയാകുമ്പോഴേക്കും ബോംബെയിൽ എത്തുന്നു. അനേകായിരം നാഴിക അകലെയുള്ള അമേരിക്കയിൽനിന്നു ഗോതമ്പു് അല്പദിവസങ്ങൾകൊണ്ടു് ഇവിടെ ഇറക്കുമതി ചെയ്യുന്നില്ലേ? നമ്മുടെ നാട്ടിലെ തേയിലയും സുഗന്ധവസ്തുക്കളും യൂറോപ്യൻ രാജ്യങ്ങളിലേക്കയക്കുന്നു. ആംസ്ട്രോങ്ങും കൂട്ടുകാരനും പിന്നീടു് കോൺറാഡും കൂട്ടുകാരനും ചന്ദ്രനിൽ ഇറങ്ങിയ കഥകൾ നിങ്ങൾ പത്രത്തിൽ വായിച്ചിരിക്കുമല്ലോ. യന്ത്രങ്ങൾ ഘടിപ്പിച്ച വാഹനങ്ങളുടെ സഹായത്താൽമാത്രമാണു് ഇതൊക്കെ എളുപ്പമായിത്തീരുന്നതു്. കരയിലും ആകാശത്തിലും വെള്ളത്തിലും സഞ്ചരിക്കുന്ന വാഹനങ്ങൾ നിങ്ങൾ കണ്ടിരിക്കുമല്ലോ. ഇവയിൽ ചില വാഹനങ്ങളിൽ നിങ്ങൾ സഞ്ചരിച്ചിട്ടുമുണ്ടാകും. ആളുകൾക്കു യാത്രചെയ്യാനും സാധനങ്ങൾ അങ്ങോട്ടുമിങ്ങോട്ടും എത്തിക്കുവാനുമുള്ള വഴികളാണു് ഗതാഗതമാർഗ്ഗങ്ങൾ. അവ രാജ്യങ്ങളെ ഇണക്കിച്ചേർക്കുന്നു. കച്ചവടവും വ്യവസായവും സംസ്കാരവും അഭിവൃദ്ധിപ്പെടുവാൻ ഗതാഗതമാർഗ്ഗങ്ങൾ സഹായകമാണു്. ഏഷ്യയിൽ കര, ആകാശം, കടൽ, നദി എന്നിവയിൽക്കൂടിയുള്ള ഗതാഗതമാർഗ്ഗങ്ങൾ ധാരാളമുണ്ടു്. സമ്പന്ന രാഷ്ട്രങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഭൂഖണ്ഡത്തിന്റെ വലിപ്പത്തിനനുസരിച്ചു് ഗതാഗതമാർഗ്ഗങ്ങൾ ഇവിടെ അഭിവൃദ്ധിപ്പെട്ടിട്ടില്ല. പ്രധാനപ്പെട്ട ഗതാഗതമാർഗ്ഗങ്ങൾ ഏതെല്ലാമാണെന്നു് ഇനി നമുക്കു പരിശോധിക്കാം.

കരമാർഗ്ഗങ്ങൾ

കരയിൽക്കൂടിയുള്ള ഗതാഗതമാർഗ്ഗങ്ങളിൽ റോഡുകളും റയിൽപ്പാതകളുമാണു് പ്രധാനം. പർവ്വതങ്ങളിലും മരുപ്രദേശങ്ങളിലും ഗതാഗതത്തിനു പലവിധം മൃഗങ്ങളെ ഉപയോഗിച്ചു വരുന്നു. ലാമാ, യാക്കു്, ഒട്ടകം, കുതിര, കഴുത മുതലായവയാണു് ഇവയിൽ പ്രധാനം.

റോഡുകൾ.—ഏഷ്യയിലെ വലിയ നഗരങ്ങളെല്ലാം നല്ല റോഡുകൾമൂലം ബന്ധിപ്പിക്കപ്പെട്ടിരിക്കുന്നു. ഇന്ത്യയുടെ പശ്ചിമതീരത്തിൽ ബോംബേ മുതൽ കന്യാകുമാരിവരെ പോകുന്ന നാഷനൽ ഹൈവേയുടെ ഭാഗങ്ങൾ നിങ്ങളിൽ പലരും കണ്ടിരിക്കുമല്ലോ. പരിഷ്കൃതരാജ്യങ്ങളിലെ റോഡുകൾ കാൺക്രീററുചെയ്തു കൂടുതൽ ഗതാഗതയോഗ്യമാക്കീട്ടുണ്ടു്. വേണ്ടിടത്തെല്ലാം പാലങ്ങളും നിർമ്മിച്ചിട്ടുണ്ടു്. അപായങ്ങൾ നേരിടാതിരിക്കാൻ റോഡുകൾ വീതികൂട്ടുകയും ചെയ്യുന്നുണ്ടു്.

റയിൽപ്പാതകൾ.—ദൂരയാത്രയ്ക്കു റയിൽവേകൾ ഉപയോഗപ്പെടുത്തിവരുന്നു. ഒരു രാജ്യത്തിന്റെ വിഭവങ്ങളെ അതിൻെറ വിവിധ ഭാഗങ്ങളിൽ എത്തിച്ചുകൊടുക്കുന്നതിനും വിദൂരപ്രദേശങ്ങൾ തമ്മിലുള്ള ഇടപാടുകൾ വർദ്ധിപ്പിക്കുന്നതിനും മനുഷ്യസഞ്ചാരം സുഗമമാക്കുന്നതിനും റയിൽപ്പാതകൾ വളരെ ഉപകരിക്കുന്നു.

വ്യോമ മാർഗ്ഗങ്ങൾ

വേഗത്തിൽ യാത്ര ചെയ്യുന്നതിനും തപാൽ ഉരുപ്പടികളും സാമാനങ്ങളും വളരെ വേഗത്തിൽ എത്തിക്കുന്നതിനും വിമാനങ്ങൾ ഉപയോഗപ്പെടുത്തിവരുന്നു. പർവ്വതങ്ങൾ, മരുഭൂമികൾ, ദുർഘടങ്ങളായ പ്രദേശങ്ങൾ ഇവ കടന്നുപോകുന്നതിനു് ഈ മാർഗ്ഗമാണു കൂടുതൽ സൗകര്യം. ഇപ്പോൾ എല്ലാ രാജ്യങ്ങളേയും തമ്മിൽ ബന്ധപ്പെടുത്തുന്ന വിമാനസർവ്വീസുകൾ ഏർപ്പെടുത്തി



ചിത്രം 14

യിട്ടുണ്ടു്. ഏഷ്യയിൽ വ്യോമമാൎഗ്ഗസൗകൎയ്യങ്ങൾ ഇനിയും കൂടുതൽ അഭിവൃദ്ധിപ്പെടുത്തേണ്ടതായിട്ടാണിരിക്കുന്നതു്.

ജലമാൎഗ്ഗങ്ങൾ.—രാജ്യത്തിനുള്ളിൽ ഒരു സ്ഥലത്തുനിന്നും മറെറാരു സ്ഥലത്തേക്കു് സാധനങ്ങൾ എത്തിക്കുന്നതിനു ജലമാൎഗ്ഗം ചെലവു കുറഞ്ഞതാണു്. ജലമാൎഗ്ഗങ്ങളിലധികവും പ്രകൃതിദത്തമാകയാൽ, റോഡുകൾക്കോ, റയിൽപ്പാതകൾക്കോ ചെലവഴിക്കുന്നപോലെ അത്രയധികം പണം മുടക്കേണ്ട ആവശ്യമില്ല. അതുകൊണ്ടു് ഈ മാൎഗ്ഗം ജനങ്ങൾക്കു് ആദായകരമാണു്. ജലമാൎഗ്ഗങ്ങളെ ആഭ്യന്തരജലമാൎഗ്ഗങ്ങളെന്നും സമുദ്രമാർഗ്ഗങ്ങളെന്നും രണ്ടായി വിഭജിക്കാം.

ആഭ്യന്തര ജലമാർഗ്ഗങ്ങൾ

നദികൾ, കായലുകൾ, തോടുകൾ ഇവ ആഭ്യന്തര ഗതാഗതത്തിനു് ഉപകരിക്കുന്നു. വലിയ നദികളിൽ കപ്പലുകൾ വളരെ ദൂരം ഉള്ളിലേക്കു സഞ്ചരിക്കുന്നു. ബോട്ടുകളും വഞ്ചികളും ജലഗതാഗതത്തിനു് ഉപയോഗിക്കുന്ന മററു വാഹനങ്ങളാണു്. യാങ്ങ്ടിസ്കിയാങ്ങ്, സിക്കിയാങ്ങ്, മെക്കോങ്ങ്, ഐരാവതി, ഗംഗാ, ബ്രഹ്മപുത്രാ, യൂഫ്രട്ടീസ്-ടൈഗ്രീസ് എന്നിവ ഗതാഗത പ്രാധാന്യമുള്ള നദികളാണു്.



ചിത്രം 15

സമുദ്ര മാർഗ്ഗങ്ങൾ

ഏഷ്യയിലെ മിക്ക രാജ്യങ്ങൾക്കും കടലോരമുള്ളതിനാൽ കപ്പൽ ഗതാഗതസൌകര്യമുണ്ടു്. ഇതു് വിവിധ രാജ്യങ്ങൾ

തമ്മിൽ വാണിജ്യബന്ധം പുലർത്തുന്നതിനു വളരെയധികം സഹായിക്കുന്നു.

യൂറോപ്പിനെയും കിഴക്കൻ രാജ്യങ്ങളെയും തമ്മിൽ യോജിപ്പിക്കുന്ന അതിപ്രധാനമായ ഒരു ജലമാർഗ്ഗമാണ് സൂയസ്തോട്. പശ്ചിമ യൂറോപ്യൻ രാജ്യങ്ങളിൽനിന്നു വരുന്ന കപ്പലുകൾ ജിബ്രാൾട്ടർവഴി മെഡിററേനിയൻ കടലിൽ പ്രവേശിച്ച് സൂയസ്തോടുമാർഗ്ഗം ഏഡനിൽ എത്തുന്നു. അവിടെനിന്നും സിലോൺ, ഇന്ത്യ, പാക്കിസ്ഥാൻ, ബമ്മ, പൂർവ്വേഷ്യൻ രാജ്യങ്ങൾ എന്നിവിടങ്ങളിലേക്കു സഞ്ചരിക്കുന്നു. ഈ മാർഗ്ഗത്തിൽ കിടക്കുന്ന പ്രധാന തുറമുഖങ്ങൾ ഏഡൻ, ബസ്രാ, കറാച്ചി, ബോംബെ, കൊച്ചി, കൊളംബോ, മദ്രാസ്, വിശാഖപട്ടണം, കൽക്കത്ത, റംഗൂൺ, പെനാംഗ്, സിംഗപ്പൂർ, സെയിഗോൺ, ഹോംഗ്കോംഗ്, കാൻടൺ, ഷാംഗ്ഹായ്, യോക്കഹോമ തുടങ്ങിയവയാണ്.

കയററുമതിയും ഇറക്കുമതിയും

നമുക്കും മററുരാജ്യക്കാക്കും ആവശ്യമുള്ള പല സാധനങ്ങളും നാം ഉല്പാദിപ്പിക്കുന്നു. വിദേശങ്ങളിലേക്കു നാം വില്ക്കുന്ന സാധനങ്ങൾക്കു കയററുമതികൾ എന്നും വിദേശങ്ങളിൽനിന്നും നാം വാങ്ങുന്ന സാധനങ്ങൾക്ക് ഇറക്കുമതികൾ എന്നും പറയുന്നു.

ഏഷ്യ പൊതുവേ ഒരു കാഷികരാജ്യമാണല്ലോ. അതിനാൽ ഇവിടത്തെ കയററുമതികൾ അധികവും കാർഷിക വിഭവങ്ങൾ ആണ്. തേയില, ചണം, എണ്ണവിത്തുകൾ, വസ്ത്രങ്ങൾ, കയർ, സുഗന്ധദ്രവ്യങ്ങൾ, തടി, ടിൻ (വെളുത്തീയം), മാംഗനീസ് എന്നിവയാണ് ഇവിടത്തെ പ്രധാന കയററുമതികൾ.

ഈ ഭൂഖണ്ഡം വ്യവസായപരമായി അഭിവൃദ്ധി പ്രാപിച്ചു വരുന്നേയുള്ളൂ. അതിനാൽ ഇവിടെ കുറെ അധികം സാധനങ്ങൾ ഇറക്കുമതിചെയ്യപ്പെടുന്നുണ്ട്. ഇവയിൽ പ്രധാനമായവ നിമ്മിത വസ്തുക്കളാണ്. യന്ത്രങ്ങൾ, പെട്രോൾ, രാസവസ്തുക്കൾ, ഔഷധങ്ങൾ, ലോഹവസ്തുക്കൾ, മോട്ടോർ വാഹനങ്ങൾ എന്നിവയാണ് പ്രധാനമായും ഇവിടെ ഇറക്കുമതി ചെയ്യപ്പെടുന്നത്. ജനപ്പെരുപ്പമുള്ള ചില ഏഷ്യൻരാജ്യങ്ങൾ വിദേശങ്ങളിൽനിന്നു ഭക്ഷ്യധാന്യങ്ങൾ ഇറക്കുമതി ചെയ്യുന്നു.

പ്രായോഗിക പ്രവത്തനങ്ങൾ

1. ഏഷ്യയുടെ ഔട്ട്ലൈൻ പടത്തിൽ അതിരുകൾ, പ്രധാന പവ്വതങ്ങൾ, പീഠഭൂമികൾ, നദികൾ ഇവ. കുട്ടികൾ അടയാളപ്പെടുത്തട്ടെ.

2. നിങ്ങളുടെ സ്കൂളിന്റെ മുൻവശത്തു് ഒരു കോണിൽ ഏഷ്യയുടെ രൂപം വെട്ടിയുണ്ടാക്കുക. അതിൽ വൻപവ്വതങ്ങൾ, നദികൾ, തടാകങ്ങൾ എന്നിവ കാണിക്കുക. മലകളെ കുഴമണ്ണുകൊണ്ടു ഉയത്തിയും, നദികളെ ചെറിയ ചാലുകൾ മൂലവും, തടാകങ്ങൾ ചെറിയ കുഴികൊണ്ടും നിമ്മിക്കുക. നദീതടങ്ങളിലുള്ള പ്രധാന പട്ടണങ്ങളുടെ പേരുകൾ എഴുതി അതാതിടങ്ങളിൽ പതിക്കുക.

3. ഏഷ്യയുടെ വർഷപാതം കുറിക്കുന്ന ഒരു പടം വരയ്ക്കട്ടെ അതിൽ വനം, നദീതടങ്ങൾ, മരുഭൂമി എന്നിവ കുറിക്കുന്നതിനു് പ്രത്യേകം നിറംകൊടുത്തു് അടയാളം കൊടുക്കട്ടെ.

4. പാമീർ പർവ്വതക്കെട്ടിൽനിന്നു പുറപ്പെടുന്ന പ്രധാന പവ്വതനിരകളെ കാണിക്കുന്ന ഒരു പടം കുട്ടികൾ അവരുടെ നോട്ടുബുക്കിൽ വരയ്ക്കട്ടെ.

5. ഏഷ്യയുടെ ഒരു പടംവരച്ച് അതിൽ ഏഡൻ മുതൽ യോക്കഹാമ വരെയുള്ള സമുദ്രഗതാഗതമാൎഗ്ഗം അടയാളപ്പെടുത്തുക.

6. ഇന്ത്യയുടെ കയററുമതി ഇറക്കുമതി കാണിക്കുന്ന ഒരു പട്ടിക തയ്യാറാക്കുക.

അദ്ധ്യായം 4

പ്രാചീന കേരളം

കേരളത്തിൻെറ കിടപ്പ്

കേരളം നമ്മുടെ ജന്മദേശമാണ്. ഇന്ത്യയുടെ തെക്കെ അററത്ത് പടിഞ്ഞാറെ തീരത്താണ് കേരളം സ്ഥിതിചെയ്യുന്നത്. കന്യാകുമാരിമുതൽ ഗോകൎണ്ണംവരെ ഒരുകാലത്തു കേരളം വ്യാപിച്ചിരുന്നു. എന്നാൽ ഇന്നു കേരളത്തിന്റെ വിസ്തൃതിയിൽ വ്യത്യാസമുണ്ട്. കേരളത്തിൻെറ അതിരുകൾ നിങ്ങൾക്കറിയാമല്ലോ. അറബിക്കടലിനും സഹ്യപർവ്വതത്തിനും ഇടയിൽ നീണ്ടുകിടക്കുന്ന ഒരു ഭൂഭാഗമാണ് കേരളം. പൎവ്വതവും സമുദ്രവും കേരളത്തിൻെറ ചരിത്രത്തിൽ ഗണ്യമായ പങ്കു വഹിച്ചിട്ടുണ്ട്. കേരളം ഇന്ത്യയുടെ അവിഭാജ്യഘടകമാണ്. കേരളത്തിന്റെ സംസ്കാരം ഭാരതീയ സംസ്കാരത്തെ സമ്പന്നമാക്കുവാൻ സഹായിച്ചിട്ടുണ്ട്.

കേരളോൽപത്തി

അതിപുരാതനകാലത്ത് കേരളഭൂമിയുടെ നല്ലൊരു ഭാഗം കടലിനടിയിലായിരുന്നു എന്നാണ് പണ്ഡിതന്മാരുടെ

അഭിപ്രായം. ഒരുകാലത്തു് അറബിക്കടൽ സഹ്യന്റെ അടിവാരം വരെ വ്യാപിച്ചിരുന്നു. ആലപ്പുഴ ജില്ലയിലെ തീരപ്രദേശം, എറണാകുളം ജില്ലയിലെ വൈപ്പിൻകര മുതലായവ കടൽ മാറിപ്പോയി ഉണ്ടായ കരകളാണു്. ഇതു് സംഭവിച്ചതു് അധികം പുരാതനകാലത്തുമല്ല. അഗ്നിപർവ്വതങ്ങൾ പൊട്ടിത്തെറിച്ചോ, ഭൂകമ്പങ്ങൾ നിമിത്തമോ ആയിരിക്കണം ഈ ഭൂവിഭാഗം സമുദ്രത്തിൽനിന്നും പൊന്തിവന്നതു്. സഹ്യപർവ്വതത്തിൽനിന്നും ഉത്ഭവിക്കുന്ന അനവധി നദികൾ അവയുടെ ഗതിയിൽ ധാരാളം മണ്ണും ചെളിയും സമുദ്രതീരത്തെത്തിക്കുകയും ചെയ്തിട്ടുണ്ടെന്നാണു് ഭൂഗർഭശാസ്ത്രകാരന്മാരുടെ അഭിപ്രായം. കേരളഭൂമിയുടെ നല്ലൊരംശം ഇങ്ങനെ ചെളിയും മണലും അടിഞ്ഞു് ഉണ്ടായതായിരിക്കണം.

കേരളത്തിലെ ആദിമനിവാസികൾ

ചെറുമർ.—കേരളത്തിലെ വനപ്രദേശങ്ങളിൽ കാണുന്ന കാടർ, കാണിക്കാർ, മലമ്പണ്ടാരങ്ങൾ, മുതുവന്മാർ, ഊരാളിമാർ, പണിയന്മാർ തുടങ്ങിയവരാണു് ഇവിടത്തെ ആദിമനിവാസികൾ. ഈ വർഗ്ഗക്കാരിൽ അധികംപേർക്കും ചുരുണ്ട മുടിയും, കറുത്ത നിറവും, വട്ടത്തലയും, വീതിയേറിയ മൂക്കുമാണുള്ളതു്. ഇവർ തലയിൽ ചീപ്പു് അണിയുന്നു. അപരിഷ്കൃതരായിരുന്ന ഈ ജനവിഭാഗം സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം പുരോഗമിച്ചുവരുകയാണു്. കേരളത്തിലെ മററു ജനവിഭാഗങ്ങളോടൊപ്പം ഇവരെ ഉയർത്തിക്കൊണ്ടുവരുകയാണു് നമ്മുടെ ഗവണ്മെന്റിന്റെ ലക്ഷ്യം.

പുരാതനകാലംമുതൽതന്നെ ലോകത്തിലെ പ്രധാന മതങ്ങളെല്ലാം കേരളത്തിൽ പ്രചരിച്ചിരുന്നു. പ്രാചീനകേരളത്തിലെ ഹിന്ദുരാജാക്കന്മാർ ഇതരമതങ്ങളേയും, പ്രോത്സാഹിപ്പിച്ചിരുന്നതുകൊണ്ടാണ് ജൈനമതവും, ബുദ്ധമതവും ഇവിടെ പ്രചരിക്കാൻ ഇടയായതു്. കേരളത്തിനു് വാണിജ്യപരമായി വിദേശരാജ്യങ്ങളുമായി ബന്ധമുണ്ടായിരുന്നു. ഈ ബന്ധമാണു് ക്രിസ്തുമതവും, യഹൂദമതവും, ഇസ്ലാംമതവും ആദ്യകാലത്തുതന്നെ ഇവിടെ പ്രചരിക്കാൻ ഇടയാക്കിയതു്. ഇന്ത്യയിൽ ആദ്യമായി ഈ മതക്കാരുടെ ദേവാലയങ്ങൾ സ്ഥാപിക്കപ്പെട്ടതും കേരളത്തിലാണു്.

ചിത്രം 16

സംഘകാലം

ക്രിസ്തുവർഷത്തിന്റെ ആദ്യത്തെ അഞ്ചു നൂററാണ്ടുകൾ തമിഴ് സാഹിത്യത്തിലെ സുപ്രസിദ്ധമായ സംഘകാലമാണ്. പ്രധാനമായും മൂന്നു രാജവംശങ്ങളാണ് സംഘകാലത്തിന്റെ ആദ്യദശയിൽ കേരളം ഭരിച്ചിരുന്നതു്. തെക്കൻ പ്രദേശങ്ങൾ ആയ് രാജാക്കന്മാരും വടക്കുള്ള പ്രദേശങ്ങൾ ഏഴിമല രാജാക്കന്മാരും ഭരിച്ചുവന്നു. ഇവയ്ക്കിടയിലുള്ള നാടായിരുന്നു ചേര രാജാക്കന്മാരുടെ ആധിപത്യത്തിലിരുന്നതു്.

ആയ്‌രാജ്യം.—തെക്കൻകേരളത്തിലെ ഏററവും പഴയ രാജവംശമാണ് ആയ്‌വംശം. പത്താംനൂററാണ്ടിന്റെ ആരംഭംവരെ ദക്ഷിണകേരളത്തിൽ അവരുടെ ശക്തി നില നിന്നിരുന്നു. തെക്കു നാഗർകോവിൽതൊട്ടു വടക്കു തിരുവല്ലാവരെ സഹ്യപർവ്വതപ്രദേശങ്ങളുൾപ്പെടെയുള്ള രാജ്യമാണ് ആയ് രാജാക്കന്മാർ ഭരിച്ചിരുന്നതു്. ചെങ്കോട്ടയ്ക്കടുത്തുള്ള പൊതിയിൽ മലയിലെ ആയിക്കുടിയായിരുന്നു അവരുടെ തലസ്ഥാനം.

ഏഴിമല രാജ്യം.—വടകരയ്ക്കും മംഗലാപുരത്തിനും ഇടയ്ക്കുള്ള തീരദേശവും അതിനു കിഴക്കുള്ള മലമ്പ്രദേശങ്ങളും ചേർന്നതാണ് ഏഴിമല രാജ്യം. ഈ രാജ്യത്തിന്റെ തലസ്ഥാനം ഏഴിമല (ഏഴിൽമല) യായിരുന്നു. നന്നൻ എന്ന പ്രസിദ്ധ രാജാവിന്റെ ഭരണത്തിൽ ഏഴിമല വളരെ അഭിവൃദ്ധി പ്രാപിച്ചു.

ചേരരാജ്യം.—ചേരരാജാക്കന്മാരിൽ പ്രസിദ്ധനായിരുന്നു നെടുംചേരലാതൻ. ഒന്നാം ചേര സാമ്രാജ്യത്തിന്റെ യഥാർത്ഥ രാജധാനി വഞ്ചിമുത്തൂർ ആയിരുന്നു. ഇതു് കേരളത്തിലെ പുരാതനമായ മുസ്സിരസ് (കൊടുങ്ങല്ലൂർ) നഗരത്തിനടുത്തായിരുന്നു.

ചേരസാമ്രാജ്യം
തെക്കൻ കന്നാടകം
കുടക്
എഴിമല
മൈസൂർ
നീലഗിരി
വള്ളുവനാട്
നെടുമ്പുരയൂർ നാട്
മഹോദയപുരം
മധുര
രാമനാട്
ഓടനാട്
വേണാട്
കൊല്ലം
തിരുവനന്തപുരം
വിഴിഞ്ഞം
തിരുനെൽവേലി

ചിത്രം 17

സംഘകാലത്തെ ജീവിതവും സംസ്കാരവും

ക്രിസ്തുവർഷത്തിൻെറ ആദ്യകാലത്തെ കേരള സമുദായത്തിൻെറയും ഭരണസമ്പ്രദായത്തിൻെറയും ഒരു ചിത്രം നമുക്കു സംഘകാലകൃതികളിൽനിന്നും ലഭിക്കുന്നു. രാജാക്കന്മാരാണ് അന്നു നാടു ഭരിച്ചിരുന്നതു്. പ്രജകളുടെ ഇഷ്ടാനുസരണമാണ് ഭരണം നടത്തിയിരുന്നതു്. രാജ്യത്തിൽ ആഭ്യന്തരസമാധാനം ഉണ്ടായിരുന്നു. അക്കാലത്തു് സ്ത്രീകളും പുരുഷന്മാരോടൊപ്പം യുദ്ധത്തിൽ പങ്കെടുത്തിരുന്നു. കവികളേയും വിദ്വാന്മാരേയും രാജാവും പൊതുജനങ്ങളും ബഹുമാനിച്ചിരുന്നു. രാജാവിനും പ്രജകൾക്കും തമ്മിലുള്ള അകൽച്ച വളരെ കുറവായിരുന്നു.

ഗ്രാമങ്ങളിലെ പ്രധാന കാര്യങ്ങൾ നടത്താൻ അക്കാലത്തു് ഒരു സഭയുണ്ടായിരുന്നു. ഈ സഭയാണ് ഗ്രാമീണർക്കിടയിലെ തർക്കങ്ങളും വഴക്കുകളും പറഞ്ഞുതീർത്തിരുന്നതു്.

സാമൂഹ്യജീവിതം.—ജനങ്ങൾക്കു് സ്വാതന്ത്ര്യവും സമത്വവും ഉണ്ടായിരുന്നു. അദ്ധ്വാനത്തിൻെറ അന്തസ്സ് എവിടെയും അംഗീകരിക്കപ്പെട്ടിരുന്നു. അതുകൊണ്ടു് ഏതു തൊഴിൽ ചെയ്യുന്നതും മോശമായിക്കരുതിയിരുന്നില്ല. പാണർ, കുറവർ, പറയർ, വേടർ തുടങ്ങിയ സമുദായങ്ങളെ രാജാക്കന്മാരും പ്രഭുക്കന്മാരും ബഹുമാനപൂർവ്വമാണ് പരിഗണിച്ചിരുന്നതു്. പ്രാചീന സംഘകാലത്തു് തീണ്ടലും തൊടീലും കേരളത്തിൽ നിലവിലില്ലായിരുന്നു.

സ്ത്രീകൾക്കു് സമുദായത്തിൽ ഉന്നതപദവി ഉണ്ടായിരുന്നു. അവർക്കും വിദ്യാഭ്യാസം ലഭിച്ചിരുന്നു.

ജനങ്ങളുടെ പ്രധാന തൊഴിൽ കൃഷിയായിരുന്നെങ്കിലും അവർ മീൻപിടിത്തം, നൂൽനൂൽപ്പു്, നെയ്ത്തു്, മരപ്പണി, തുകൽപ്പണി മുതലായ ജോലികളിലും ഏർപ്പെട്ടിരുന്നു. കച്ചവടക്കാർ വ്യാപാരം നടത്തുന്നതിനായി പല സ്ഥലങ്ങളിലും സഞ്ചരിച്ചിരുന്നു. സാധനങ്ങളുടെ കൈമാററത്തിലൂടെയായിരുന്നു

വ്യാപാരം അധികവും നടന്നതു്. ഇക്കാലത്തു് കേരളത്തിൽ നിന്നും വിദേശങ്ങളിലേയ്ക്കു കുരുമുളകു്, സുഗന്ധദ്രവ്യങ്ങൾ, ദന്തം, വിലപ്പെട്ട രത്നങ്ങൾ എന്നിവ ധാരാളം കയററുമതി ചെയ്തിരുന്നു.

മഹോദയപുരത്തെ കുലശേഖരന്മാർ

സംഘകാലത്തിനുശേഷം എ. ഡി. 800-ാമാണ്ടടുത്തു് കുലശേഖരവർമ്മയുടെ നേതൃത്വത്തിൽ ചേരശക്തി പുനഃസ്ഥാപിക്കപ്പെട്ടു. കുലശേഖരവർമ്മയാണു് രണ്ടാം ചേരസാമ്രാജ്യത്തിന്റെ സ്ഥാപകൻ. മഹോദയപുരം അഥവാ തിരുവഞ്ചിക്കുളം ആയിരുന്നു തലസ്ഥാനം. രാജശേഖരവർമ്മ കുലശേഖരന്റെ കാലത്താണു് കൊല്ലവർഷം ആരംഭിച്ചതു്.

പ്രസിദ്ധ കുലശേഖര രാജാക്കന്മാരുടെ കാലമായ ഒൻപതും പത്തും നൂററാണ്ടുകൾ കേരളചരിത്രത്തിലെ സുവർണ്ണയുഗമാണു്. പ്രജാഹിതം മാനിച്ചുകൊണ്ടാണു് കുലശേഖരചക്രവർത്തിമാർ ഭരണം നടത്തിയിരുന്നതു്. സാഹിത്യം, കലകൾ, ശാസ്ത്രം വാണിജ്യം എന്നിവ ഇക്കാലത്തു് പുരോഗതി പ്രാപിച്ചിരുന്നു.

നീലഗിരി ജില്ലയിലെ ഗൂഡല്ലൂരും സമീപപ്രദേശങ്ങളും സേലം-കോയമ്പത്തൂർ പ്രദേശങ്ങളിൽ ചിലതും ഉൾപ്പെട്ടതായിരുന്നു കുലശേഖര സാമ്രാജ്യം. ഭരണസൗകര്യത്തിനായി സാമ്രാജ്യത്തെ പല നാടുകളായി വിഭജിക്കപ്പെട്ടിരുന്നു. വേണാടായിരുന്നു തെക്കേ അററത്തെ നാടു്. ചക്രവർത്തിയെ പെരുമാൾ എന്നാണു വിളിച്ചിരുന്നതു്. രാജ്യത്തിൽ സമാധാനം പരിപാലിക്കുന്നതിൽ അദ്ദേഹം വളരെ ശ്രദ്ധിച്ചിരുന്നു. പിഴയും തടവുമായിരുന്നു സാധാരണ ശിക്ഷകൾ.

തലസ്ഥാനമായ മഹോദയപുരത്തിൽ ഒരു വാനനിരീക്ഷണശാല (observatory) പ്രവർത്തിച്ചിരുന്നു. വിഴിഞ്ഞം, കൊല്ലം, കൊടുങ്ങല്ലൂർ എന്നിവയായിരുന്നു അന്നത്തെ പ്രധാന തുറമുഖങ്ങൾ. വിദേശരാജ്യങ്ങളുമായി വ്യാപാരം അഭിവൃദ്ധിപ്പെട്ടിരുന്നു.

മലയാളഭാഷയും സാഹിത്യവും രൂപംകൊണ്ടു തുടങ്ങിയതു് കുലശേഖരന്മാരുടെ കാലത്തായിരുന്നു. തമിഴിലും സംസ്കൃതത്തിലുമായിരുന്നു വിദ്യാഭ്യാസം നടത്തിയിരുന്നതു്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്ഷേത്രങ്ങളോടുചേൎന്നു് വേദപഠനത്തിനുള്ള പാഠശാലകൾ ഉണ്ടായിരുന്നു. ഇവിടെ സൗജന്യവിദ്യാഭ്യാസം നൽകിയിരുന്നു.

കുലശേഖര ഭരണകാലത്തു് ഹിന്ദുമതം കേരളത്തിലെ പ്രമുഖ മതമായിത്തീൎന്നു. കുലശേഖര ആഴ്‌വാരുടേയും, രാജശേഖരവൎമ്മയുടേയും സമകാലികനായിരുന്നു ശങ്കരാചാൎയ്യർ. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഹിന്ദുമതം വളരെ പുരോഗതി പ്രാപിച്ചു. മതവിരോധംകൊണ്ടുള്ള ചേരിതിരിവു് ജനങ്ങളുടെ ഇടയിൽ ഇല്ലായിരുന്നു. രാജാക്കന്മാർ എല്ലാ മതങ്ങളേയും ഒരുപോലെ കരുതിയിരുന്നു. ക്രിസ്ത്യാനികൾക്കും ജൂതന്മാൎക്കും ധാരാളം അവകാശാധികാരങ്ങൾ അനുവദിച്ചുകൊടുത്തിരുന്നു. പതിനൊന്നാം നൂററാണ്ടു മുഴുവൻ ചേരന്മാരും ചോളന്മാരും തമ്മിൽ യുദ്ധംചെയ്യുകയും അതിന്റെ ഫലമായി കേരളത്തിന്റെ രാഷ്ട്രൈക്യം തകരുകയും സാമ്പത്തികവും സാമൂഹ്യവുമായ പരിവൎത്തനങ്ങൾ ഉണ്ടാവുകയും ചെയ്തു.

പ്രായോഗിക പ്രവൎത്തനങ്ങൾ

1. ഇന്ത്യയുടെ ഔട്ട്‌ലൈൻ പടത്തിൽ വിദ്യാൎത്ഥികൾ കേരളം അടയാളപ്പെടുത്തട്ടെ.
2. സംഘകാലത്തുള്ള കേരളത്തിലെ മൂന്നു രാജസ്ഥാനങ്ങൾ കേരളത്തിന്റെ പടത്തിൽ കുട്ടികൾ അടയാളപ്പെടുത്തട്ടെ.
3. വിവിധ തൊഴിലുകളിൽ ഏൎപ്പെട്ടിരിക്കുന്നവരുടെ ചിത്രം വിദ്യാൎത്ഥികൾ ശേഖരിക്കട്ടെ.
4. എല്ലാ മതക്കാരുടേയും ദേവാലയങ്ങളുടെ പടങ്ങൾ ശേഖരിച്ചു് കുട്ടികൾ അവരുടെ ആൽബത്തിൽ സൂക്ഷിക്കട്ടെ.

KOTTAYAM

അദ്ധ്യായം 5

ഹർഷന്റെ കാലഘട്ടംവരെയുള്ള ഇന്ത്യയുടെ ചരിത്രം

പുരാതന ഇന്ത്യ

ഇന്ത്യയ്ക്കു വളരെ പുരാതനമായ ഒരു ചരിത്രമുണ്ട്. അനേകായിരം വർഷങ്ങളായി ഇന്ത്യയിൽ ജനങ്ങൾ പാർത്തുവരുന്നു. ഏതാണ്ട് 5000 കൊല്ലം മുമ്പ് ഇവിടെ ജീവിച്ചിരുന്നവരെപ്പററി പല വിവരങ്ങളും നമുക്കു ലഭിച്ചിട്ടുണ്ട്. അനേകം മഹാന്മാർക്കും മഹതികൾക്കും ജന്മം നൽകിയ നാടാണ് ഇന്ത്യ. ആ മഹത്ത്വത്തിന്റെ പാരമ്പര്യത്തിൽ നമുക്കും അഭിമാനംകൊള്ളാം. നമ്മെത്തന്നെ നാം ശരിക്കു മനസ്സിലാക്കണമെങ്കിൽ നമ്മുടെ കഴിഞ്ഞ കാലങ്ങളെപ്പററി അറിഞ്ഞേതീരൂ.

പണ്ടുപണ്ടു നടന്ന സംഭവങ്ങളെക്കുറിച്ച് ഇന്നു നാം മനസ്സിലാക്കുന്നതെങ്ങനെയാണ്? പഴയ കാലത്തെ ഗ്രന്ഥങ്ങളും, പാട്ടുകളും, ചിത്രങ്ങളും, വീട്, ക്ഷേത്രം തുടങ്ങിയ കെട്ടിടങ്ങളും നമുക്കു ചില അറിവുകൾ നൽകും. അന്നു മനുഷ്യർ ഉപയോഗിച്ചിരുന്ന പാത്രങ്ങളും, വള, മാല തുടങ്ങിയ ആഭരണങ്ങളും ആയുധങ്ങളായി ഉപയോഗിച്ചിരുന്ന കൂർത്ത കല്ലുകളും ചില സ്ഥലങ്ങളിൽ നിന്നു് കണ്ടുകിട്ടിയിട്ടുണ്ട്. അവയെ പരിശോധിച്ചുനോക്കി അവ ഉപയോഗിച്ചിരുന്ന ജനങ്ങളുടെ ജീവിതരീതികളെക്കുറിച്ചു പണ്ഡിതന്മാർക്കു പലതും പറയുവാൻ കഴിയുന്നു.

ആദിമനിവാസികൾ

ആദ്യകാലത്തു ജനങ്ങൾ വെറും കാട്ടുമനുഷ്യരായി ജീവിതം നയിച്ചിരുന്നു. ആഹാരംതേടി അവർ കൂട്ടംകൂട്ടമായി പല

സ്ഥലങ്ങളിൽ മാറിമാറി താമസിച്ചിരുന്നു. കായ്കനികളും, വേട്ടയാടി കിട്ടുന്ന മാംസവുമായിരുന്നു അവരുടെ ആഹാരം. അവർക്കു കൃഷിചെയ്യാനോ, ആഹാരം പാകംചെയ്യാനോ അറിഞ്ഞുകൂടായിരുന്നു. ഗുഹകളിലാണ് അവർ പാർത്തിരുന്നതു്. അവർ വസ്ത്രങ്ങളായി തോലും, മരവുരിയും ധരിച്ചിരുന്നു. മൂർച്ചവരുത്തിയ കല്ല് അവർ ആയുധമായി ഉപയോഗിച്ചിരുന്നു.

ക്രമേണ മനുഷ്യരുടെ ജീവിതത്തിൽ പല മാററങ്ങളും വന്നു. അവർ മൃഗങ്ങളെ ഇണക്കി വളർത്താൻ തുടങ്ങി. കൃഷിചെയ്യാനും അവർ പഠിച്ചു. അതോടുകൂടി ആദിമമനുഷ്യർ സ്ഥിരമായി ഒരു സ്ഥലത്തു താമസവും ആരംഭിച്ചു. കന്നുകാലികളെ വളർത്തുവാനും കൃഷിചെയ്യുവാനും പററിയ സ്ഥലങ്ങൾ അവർ കണ്ടുപിടിച്ചു. മിക്കവാറും ഫലഭൂയിഷ്ഠമായ നദീതടങ്ങൾതന്നെയാണ് ഇതിനു വേണ്ടി തിരഞ്ഞെടുത്തതു്. മൃഗങ്ങളെ നിലം ഉഴുന്നതിനും അവർ ഉപയോഗിച്ചിരുന്നു.

ലോഹത്തിൻെറ ഉപയോഗം മനസ്സിലാക്കിയതോടുകൂടി മനുഷ്യജീവിതം കൂടുതൽ പുരോഗമിച്ചു. കല്ലിനുപകരം ലോഹം കൊണ്ടുള്ള പണിയായുധങ്ങളും, വണ്ടിച്ചക്രങ്ങളും ഉണ്ടാക്കി. തീയ് ഉണ്ടാക്കുന്നതു് കണ്ടുപിടിച്ചതോടുകൂടി അവർ ആഹാരം പാകംചെയ്തു ഭക്ഷിക്കാനും പഠിച്ചു. എല്ലുകൾകൊണ്ടും ചിപ്പികൾകൊണ്ടും നിർമ്മിച്ച ആഭരണങ്ങൾ സ്ത്രീകളും പുരുഷന്മാരും അണിഞ്ഞിരുന്നു. മരവുരിക്കുപകരം അവർ പരുത്തിവസ്ത്രങ്ങൾ നെയ്തു് ഉപയോഗിച്ചു. അവർ പ്രകൃതിശക്തികളെ ആരാധിച്ചിരുന്നു. ആദ്യകാലത്തു് ഗ്രാമജീവിതമാണ് അവർ നയിച്ചിരുന്നതു്. ക്രമേണ ഗ്രാമങ്ങൾ വളർന്നു കൂടുതൽ പരിഷ്കാരമുള്ള നഗരങ്ങളായിത്തീർന്നു.

സിന്ധുനാഗരികത

ഏകദേശം അയ്യായിരം വർഷങ്ങൾക്കുമുമ്പ് സിന്ധുതീരങ്ങളിൽ മഹത്തായ പരിഷ്കാരം നിലനിന്നിരുന്നുവെന്നുള്ളതിനു്

നമുക്കു് തെളിവുകൾ ലഭിച്ചിട്ടുണ്ടു്. സിൻഡിൽ സിന്ധു നദീതടത്തിലുള്ള മോഹഞ്ചോദാരോവിൽനിന്നും പഞ്ചാബിലെ ഹാരപ്പ എന്ന സ്ഥലത്തുനിന്നുമാണു് പുരാതന സാംസ്കാരത്തിന്റെ അവശിഷ്ടങ്ങൾ കണ്ടെടുത്തിട്ടുള്ളതു്. ഇവിടെ വസിച്ചിരുന്ന ആളുകൾ ദ്രാവിഡവർഗ്ഗത്തിൽപ്പെട്ടവരായിരുന്നു. ഈ രണ്ടു സ്ഥലങ്ങളിൽനിന്നും ലഭിച്ചിട്ടുള്ള തെളിവുകളിൽനിന്നു് അക്കാലത്തു് അവിടെ ജീവിച്ചിരുന്ന ജനങ്ങളുടെ ജീവിതരീതിയെപ്പററിയും, പരിഷ്കാരത്തെക്കുറിച്ചും നമുക്കു പലതും മനസ്സിലാക്കുവാൻ കഴിയും.



ചിത്രം ൧൮

ഇഷ്ടികകൊണ്ടു രണ്ടു നിലകളുള്ള വീടുകൾ അക്കാലത്തു് നിർമ്മിച്ചിരുന്നതായി കാണപ്പെടുന്നു. വീടുകൾക്കെല്ലാം ധാരാളം ശുദ്ധവായു കടക്കത്തക്കവിധത്തിലുള്ള വാതിലുകളും ജനാലകളും ഉണ്ടായിരുന്നു. മിക്കവാറും എല്ലാ വീടുകൾക്കും പ്രത്യേകമായി കിണർ, കുളിമുറി, അടുക്കള, സ്വീകരണമുറി, മലിനജലം ഒഴുകിപ്പോകുന്നതിനുള്ള ചാലുകൾ എന്നിവ ഉണ്ടായിരുന്നു. വിശാലമായ തെരുവീഥികളുടെ വശങ്ങളിലാണു് ഇരുനിലമാളികകൾ പണിചെയ്തിരുന്നതു്. നഗരത്തിന്റെ മദ്ധ്യഭാഗത്തായിരുന്നു നീന്തൽക്കുളം. മലിനജലം ഒഴുക്കിക്കളയാനുള്ള ഓടകളും നിർമ്മിച്ചിരുന്നു.



ചിത്രം 19

പരുത്തിവസ്ത്രങ്ങളായിരുന്നു അവർ സാധാരണയായി ഉപയോഗിച്ചിരുന്നതു്. സ്ത്രീപുരുഷഭേദമെന്യെ എല്ലാവരും ആഭരണങ്ങൾ അണിഞ്ഞിരുന്നു. അവർ കരകൗശലവിദഗ്ദ്ധരായിരുന്നുവെന്നുള്ളതിനു് അവിടെനിന്നും കണ്ടെടുത്ത മനോഹരമായ മൺപാത്രങ്ങളും, ചെമ്പും ഓട്ടും കൊണ്ടുണ്ടാക്കിയ ആയുധങ്ങളും തെളിവുകളാണു്. ചില മൺപാത്രങ്ങളിൽ മിനുക്കുപണികളും ചായപ്പണികളും ചെയ്തിരുന്നതായി കാണാം.

ജനങ്ങളുടെ പ്രധാനാഹാരം ഗോതമ്പും ബാർലിയുമായിരുന്നു. അവർ മത്സ്യവും മാംസവും ഭക്ഷിച്ചിരുന്നു. അവക്കു കൃഷി ചെയ്യുവാൻ അറിയാമായിരുന്നു. ഇന്ത്യയിലെ വിവിധ ഭാഗങ്ങളുമായും, വിദേശരാജ്യങ്ങളുമായും അവർ കച്ചവടത്തിൽ ഏർപ്പെട്ടിരുന്നു. പ്രകൃതിശക്തികളെയാണു് അവർ ആരാധിച്ചിരുന്നതു്. സമീപകാലത്തു കണ്ടുകിട്ടിയ ചരിത്രാവശിഷ്ടങ്ങളിൽനിന്നും സിന്ധു നാഗരികത രാജസ്ഥാൻ, ഗുജറാത്തു് മുതലായ സ്ഥലങ്ങളിലും വ്യാപിച്ചിരുന്നതായി മനസ്സിലായിട്ടുണ്ടു്.

ഹാരപ്പയും പഞ്ചാബും ഇപ്പോൾ പാക്കിസ്ഥാനിലാണു്.

വേദകാലത്തെയും ഇതിഹാസകാലത്തെയും ജനങ്ങളുടെ ജീവിതം

ആര്യന്മാർ എന്ന ഒരു വർഗ്ഗക്കാർ മദ്ധ്യേഷ്യയിൽനിന്നും ഇറാനിൽക്കൂടി ഇന്ത്യയിൽ വന്നു. അവർ പല കാലങ്ങളിൽ പല സംഘങ്ങളായിട്ടാണ് ഇന്ത്യയിൽ കുടിയേറിപ്പാർത്തിട്ടുള്ളതു്. പഞ്ചാബിലാണ് അവർ താമസമുറപ്പിച്ചതു്. ഇവിടെ വച്ച് അവർ വേദങ്ങൾ രചിച്ചു. ആര്യന്മാരുടെ ജീവിതരീതിയെപ്പററി കൂടുതൽ വിവരങ്ങൾ നമുക്കു വേദങ്ങളിൽനിന്നും ലഭിക്കുന്നു. സമുദായത്തിലെ ഏററവും ചെറിയ ഘടകം കുടുംബമായിരുന്നു. ആ കുടുംബത്തിലെ പ്രായംകൂടിയ പുരുഷനായിരുന്നു കുടുംബത്തിന്റെ തലവൻ. കുടുംബത്തിലും സമുദായത്തിലും ഒരു മാന്യസ്ഥാനമാണ് സ്ത്രീകൾക്കു നൽകിയിരുന്നതു്. ഗൃഹനാഥനോടൊപ്പം അവർ മതകർമ്മങ്ങളിൽ പങ്കുകൊണ്ടിരുന്നു.

പല കുടുംബങ്ങൾ ചേന്ന് ഗോത്രവും, ഗോത്രങ്ങൾ ചേന്ന് വർഗ്ഗവും ഉണ്ടായി. വർഗ്ഗത്തലവനായിരുന്നു രാജാവു്. രാജത്വം പരമ്പരാഗതമായിരുന്നു. വർഗ്ഗത്തിനെ സംരക്ഷിക്കുകയെന്നതായിരുന്നു രാജാവിന്റെ പ്രധാന ചുമതല. രാജാവു് വർഗ്ഗത്തിന്റെ അഭിപ്രായമനുസരിച്ചാണ് ഭരണം നടത്തിയിരുന്നതു്. സേനാനിയും പുരോഹിതനും രാജാവിനെ ഭരണകാര്യങ്ങളിൽ സഹായിച്ചിരുന്നു. കൂടാതെ പ്രധാന കാര്യങ്ങളിൽ രാജാവിനെ ഉപദേശിച്ചിരുന്നതു് രണ്ടു സഭകളായിരുന്നു—ഗോത്രസമിതിയും, ഗ്രാമസഭയും.

ആര്യന്മാരുടെ മുഖ്യതൊഴിൽ കൃഷിയും കന്നുകാലിവളർത്തലുമായിരുന്നു. പാൽ, വെണ്ണ, ധാന്യങ്ങൾ, സസ്യങ്ങൾ, ഫലവർഗ്ഗങ്ങൾ, മാംസം എന്നിവയായിരുന്നു ഇവരുടെ പ്രധാനാഹാരം. നൂൽനൂൽപ്പും നെയ്ത്തും മിക്കവാറും എല്ലാ വീടുകളിലും ഉണ്ടായിരുന്നു. സ്വർണ്ണം, വെള്ളി മുതലായ ലോഹങ്ങൾകൊണ്ടുള്ള ആഭരണങ്ങൾ സ്ത്രീകളും പുരുഷന്മാരും അണിഞ്ഞിരുന്നു. നൃത്തം,

സംഗീതം എന്നിവയായിരുന്നു പുരാതനാൎയ്യന്മാരുടെ വിനോദങ്ങൾ. വിനോദമത്സരങ്ങളിൽ പ്രാധാന്യമർഹിച്ചിരുന്നതു് തേരോട്ടപ്പന്തയവും, കുതിരപ്പന്തയവുമായിരുന്നു. യോദ്ധാക്കൾ അമ്പും വില്ലും ഉപയോഗിച്ചാണു് യുദ്ധം ചെയ്തിരുന്നതു്.

ആൎയ്യന്മാർ പിൽക്കാലത്തു പഞ്ചാബിൽനിന്നും പല സ്ഥലത്തേക്കും വ്യാപിച്ചു. അവർ ഗംഗാതടത്തിൽ പ്രവേശിച്ചതോടുകൂടി ജീവിതരീതിക്കും മാററംവന്നു. അവർ ഏർപ്പെട്ടിരുന്ന തൊഴിലനുസരിച്ചു് പല ജാതികളായിപ്പിരിഞ്ഞു. ആൎയ്യന്മാർ ആദിമനിവാസികളോടും, ദ്രാവിഡന്മാരോടും നിരന്തരമായി യുദ്ധം ചെയ്തിരുന്നു. തന്മൂലം കുറേപ്പേർ യുദ്ധംതന്നെ തൊഴിലായി സ്വീകരിച്ചു. ഇവർ 'ക്ഷത്രിയർ' എന്നറിയപ്പെട്ടു. പുരോഹിതൻെറ കൃത്യങ്ങൾ നടത്തിവന്നിരുന്നവരെ 'ബ്രാഹ്മണർ' എന്നു് വിളിച്ചുവന്നു. കൃഷിയും കച്ചവടവും തൊഴിലായി സ്വീകരിച്ചവൎക്കു് 'വൈശ്യർ' എന്ന പേർ നൽകി. മററു ജോലികൾ ചെയ്തിരുന്നവരെ 'ശൂദ്രർ' എന്നും വിളിച്ചു. ഇങ്ങനെ ആദ്യമായി ജാതി വ്യത്യാസം ഉണ്ടായി.

ആൎയ്യന്മാർ പ്രകൃതിശക്തികളായ സൂൎയ്യൻ, ചന്ദ്രൻ, വായു, അഗ്നി, ഇടി, മിന്നൽ എന്നിവയെ പൂജിച്ചിരുന്നു. ഈ ദേവന്മാരേയും ഇന്ദ്രനേയും പ്രീതിപ്പെടുത്തുന്നതിനു് പുരോഹിതന്മാർ ബലികളും, കൎമ്മങ്ങളും നടത്തിയിരുന്നു. കൂടാതെ ദേവന്മാരെ ആരാധിക്കുന്നതിനു സ്തുതികളും ഉണ്ടായിരുന്നു. ഈ സ്തുതികളാണു് പിൽക്കാലത്തു് വേദങ്ങളായി അറിയപ്പെട്ടതു്. ഋക്കു്, യജുസ്സ്, സാമം, അഥൎവ്വം എന്നു് നാലു വേദങ്ങളാണുള്ളതു്.

ഹിന്ദുക്കളുടെ രണ്ടു് ഇതിഹാസങ്ങളാണു് രാമായണവും മഹാഭാരതവും. രാമായണം രചിച്ചതു വാല്മീകിയാണു്. വാല്മീകിയെ 'ആദികവി'യെന്നും, രാമായണത്തെ 'ആദികാവ്യം' എന്നും പറയുന്നു. ഇന്ത്യ ഒട്ടാകെ രാമായണം ഒരു പുണ്യഗ്രന്ഥ

മായി കരുതപ്പെടുന്നു. ശ്രീരാമനെ ഉത്തമനായ ഒരു രാജാവാ യിട്ടും സീതയെ ഒരു ഉത്തമപത്നിയായിട്ടും, ഭരതൻ, ലക്ഷ്മണൻ എന്നിവരെ ഭ്രാതൃഭക്തിയുടെ ഉദാഹരണങ്ങളായിട്ടും രാമായണ ത്തിൽ ചിത്രീകരിച്ചിരിക്കുന്നു.

വ്യാസനാണു മഹാഭാരതം രചിച്ചതു്. ലോകത്തിലെ ഏററവും വലിയ ഇതിഹാസമാണു് മഹാഭാരതം. പ്രാധാന്യം കൊണ്ടു് 'അഞ്ചാമത്തെ വേദം' എന്നു മഹാഭാരതത്തെ വിളി ക്കാറുണ്ടു്. ധർമ്മവും അധർമ്മവും തമ്മിലുള്ള പോരാട്ടമാണു് മഹാഭാരതത്തിലെ പ്രതിപാദ്യം. ഭഗവദ്ഗീത മഹാഭാരതത്തി ലുള്ള ഒരു ഭാഗമാകുന്നു.

വേദകാലത്തു് ആരാധിക്കപ്പെട്ടിരുന്ന ഇന്ദ്രൻ, വരുണൻ മുതലായ പ്രകൃതിദേവന്മാർക്കുപകരം ഇതിഹാസകാലത്തു ബ്രഹ്മാവു്, വിഷ്ണു, ശിവൻ മുതലായ ദേവന്മാരെ ആരാധിക്കാൻ തുടങ്ങി.

ബുദ്ധമതവും ജൈനമതവും

ആര്യന്മാരുടെ മതവിശ്വാസങ്ങളേയും ആചാരങ്ങളേയും പരിഷ്കരിക്കാൻ ശ്രമിച്ച രണ്ടു മഹാപുരുഷന്മാരാണു് ജൈനമത സ്ഥാപകനായ മഹാവീരനും, ബുദ്ധമതസ്ഥാപകനായ ശ്രീ ബുദ്ധനും.

ജൈനമതം.—വർദ്ധമാന മഹാവീരൻ വൈശാലിയിൽ ജനിച്ചു. ചെറുപ്പത്തിൽത്തന്നെ രാജസുഖങ്ങളെല്ലാം ഉപേക്ഷിച്ചു് അദ്ദേഹം കാട്ടിൽ അലഞ്ഞുനടന്നു. അക്കാലത്തു ലഭിക്കാവുന്ന ജ്ഞാനസമ്പാദനം അവിരാമം നടത്തി. ഉപവാസവും കഠിന തപസ്സുമായി കുറേ വർഷങ്ങൾ കഴിച്ചുകൂട്ടി. അദ്ദേഹത്തിനു് അവ സാനം ബോധോദയം ഉണ്ടാവുകയും "മഹാവീരൻ" എന്നു നാമ ധേയം സ്വീകരിക്കുകയും ചെയ്തു. അദ്ദേഹം സ്ഥാപിച്ച മതമാണു് 'ജൈനമതം'. ജൈനമത വിശ്വാസികളെ 'ജൈനർ' എന്നു പറയുന്നു.

ജൈനമതത്തിലെ പ്രധാന തത്വങ്ങൾ താഴെ പറയുന്നവയാകുന്നു. വാക്കുകൊണ്ടോ, പ്രവൃത്തികൊണ്ടോ ആരെയും ദ്രോഹിക്കരുതു്. പാപകരമായ ചിന്തയിൽനിന്നും ആഗ്രഹങ്ങളിൽനിന്നും വിട്ടൊഴിഞ്ഞു് പുണ്യജീവിതം നയിക്കണം. ജീവനെ ഹനിക്കുന്നതു് പാപമാണു്. മുപ്പതു കൊല്ലത്തോളം തൻെറ തത്വങ്ങൾ പ്രചരിപ്പിച്ചശേഷം എഴുപത്തിരണ്ടാമത്തെ വയസ്സിൽ അദ്ദേഹം ബീഹാറിൽവച്ചു് നിർവ്വാണം പ്രാപിച്ചു. വടക്കെ ഇന്ത്യയിലെ പല ഭാഗങ്ങളിലും, ഒരു കാലത്തു് തെക്കെ ഇന്ത്യയിലും വ്യാപിച്ചിരുന്ന ഈ മതം ഇപ്പോൾ രാജസ്ഥാൻ, ഗുജറാത്തു് മുതലായ സ്ഥലങ്ങളിൽ മാത്രമേ അവശേഷിച്ചിട്ടുള്ളു.

ബുദ്ധമതം.—സിദ്ധാർത്ഥൻ കപിലവസ്തുവിലെ ശുദ്ധോദന രാജാവിൻെറ പുത്രനായി ജനിച്ചു. ഇരുപത്തിഒൻപതാമത്തെ വയസ്സിൽ അദ്ദേഹം തൻെറ പത്നിയേയും പുത്രനേയും ഉപേക്ഷിച്ചു് സന്ന്യാസം സ്വീകരിച്ചു. മനുഷ്യൻെറ കഷ്ടപ്പാടും വേദനയും നീക്കാൻ സിദ്ധാർത്ഥൻ അതിയായി ആഗ്രഹിച്ചു. ഗയയിലുള്ള ഒരു വടവൃക്ഷച്ചുവട്ടിൽ ധ്യാനിച്ചുകൊണ്ടിരുന്ന അദ്ദേഹത്തിനു് വളരെ വർഷങ്ങൾക്കുശേഷം ബോധോദയം ഉണ്ടായി. അതിനുശേഷമാണു് അദ്ദേഹം ബുദ്ധനെന്നറിയപ്പെട്ടതു്.

ഈ ലോകം മുഴുവനും ദുഃഖങ്ങളും കഷ്ടതകളും നിറഞ്ഞതാണെന്നും ഇതിനുള്ള കാരണം മനുഷ്യൻെറ ദുരാഗ്രഹവും ധനമോഹവും ആണെന്നും അദ്ദേഹം കണ്ടു. ജീവിതത്തിലെ ദുഃഖങ്ങളിൽനിന്നും മോചനം നേടുന്നതിനു് എല്ലാവരും "അഷ്ടാംഗമാർഗ്ഗം" സ്വീകരിക്കേണ്ടതാണെന്നു് അദ്ദേഹം ഉപദേശിച്ചു. അദ്ദേഹത്തിൻെറ അഷ്ടാംഗമാർഗ്ഗങ്ങളിൽ പ്രധാനമായവ 'ശരിയായ ചിന്ത, ശരിയായ വാക്കു്, ശരിയായ പ്രവൃത്തി' എന്നിവയാണു്.

ജാതിവ്യത്യാസത്തെ അദ്ദേഹം എതിർത്തിരുന്നു. ഒരുവൻ്റെ ജീവിതരീതിയും പെരുമാററവുമാണു് അവനെ നന്നാക്കുന്ന

തെന്നാണ് ബുദ്ധൻ പഠിപ്പിച്ചതു്. ബുദ്ധമതത്തിലെ കാതലായ തത്വം അഹിംസയാണ്. ബുദ്ധന്റെ ഉപദേശങ്ങളും തത്വങ്ങളും അടങ്ങിയ ഗ്രന്ഥങ്ങളിൽ പ്രധാനപ്പെട്ടതു് 'ധമ്മപാത' എന്ന ഗ്രന്ഥമാണ്. അദ്ദേഹത്തിന്റെ ജീവിതവും തത്വങ്ങളും രാജ്യത്തു് പല മാററങ്ങളും വരുത്തി. ബുദ്ധമതം ഇന്ത്യയിലും പിന്നീട്ട് സിലോൺ, ബർമ്മ, ചൈന, ജപ്പാൻ എന്നീ രാജ്യങ്ങളിലും വ്യാപിച്ചു. ഇന്നും ബുദ്ധമതാനുയായികൾ ഈ രാജ്യങ്ങളിലെല്ലാം ഉണ്ടു്.

പ്രായോഗിക പ്രവർത്തനങ്ങൾ

1. പുരാവസ്തുക്കൾ ശേഖരിച്ചുവച്ചിരിക്കുന്ന സ്ഥലങ്ങൾ എവിടെ എന്നു് അന്വേഷിച്ചറിഞ്ഞു് അവ കാണാൻ വിദ്യാർത്ഥികൾ ശ്രമം നടത്തണം.
2. പത്രങ്ങൾ, മാസികകൾ ഇവയിൽനിന്നും ഭൂഗർഭഗവേഷണ വസ്തുക്കളുടെ ചിത്രവും വിവരണവും ശേഖരിച്ചു് കുട്ടികൾ അവരുടെ ആൽബത്തിൽ സൂക്ഷിക്കണം.
3. ഇന്ത്യയിലെ വിവിധ ദേവാലയങ്ങളുടെ ചിത്രം വിദ്യാർത്ഥികൾ ശേഖരിച്ചു് അവരുടെ ആൽബത്തിൽ സൂക്ഷിക്കട്ടെ.

അദ്ധ്യായം 6

ഇന്ത്യയിലെ പുരാതന സാമ്രാജ്യങ്ങളും ജനങ്ങളുടെ ജീവിതരീതിയും

പേർഷ്യക്കാരുടെ ആക്രമണം

ഡാരിയസ്സ് എന്ന പേഷ്യൻ ചക്രവർത്തി സിന്ധു താഴ്‌വര വരെയുള്ള പ്രദേശങ്ങൾ തന്റെ സാമ്രാജ്യത്തിൽ ചേർത്തു. ഈ പ്രദേശത്തെ ഗാന്ധാരം എന്നു വിളിച്ചിരുന്നു. ഇൻഡോഗ്രീക്കു് സാംസ്കാരിക സങ്കലനത്തിൽനിന്നും ഉടലെടുത്തതാണ് ഗാന്ധാര ശില്പകല. ഇക്കാലത്തു് പാശ്ചാത്യരുമായുള്ള വ്യാപാരം

അഭിവൃദ്ധിപ്പെട്ടു. ഗ്രീക്കുകാരുടെ ആക്രമണത്തിനു് അവർ വഴി തെളിക്കുകയും ചെയ്തു.

അലക്സാണ്ടരുടെ ആക്രമണം

ക്രിസ്തു ജനിക്കുന്നതിനു് മൂന്നൂറിൽപ്പരം വർഷങ്ങൾക്കു മുമ്പു് ഗ്രീക്കു ചക്രവർത്തിയായ അലക്സാണ്ടർ ഇന്ത്യ ആക്രമിച്ചു. അക്കാലത്തു് ഇന്ത്യയിൽ പല ചെറിയ രാജ്യങ്ങൾ ഉണ്ടായിരുന്നു. അവിടത്തെ രാജാക്കന്മാർ പരസ്പരം കലഹിച്ചിരുന്നതു് അലക്സാണ്ടരുടെ ആക്രമണത്തിനു സഹായകമായി.

ബാലനായിരുന്നപ്പോൾത്തന്നെ അലക്സാണ്ടർക്കു ലോകം മുഴുവനും കീഴടക്കണമെന്നുള്ള ആഗ്രഹമുണ്ടായിരുന്നു. രാജാവായപ്പോൾ അദ്ദേഹം ഒരു വലിയ സൈന്യം ശേഖരിച്ചു് ഗ്രീസിൽനിന്നും ജൈത്രയാത്ര ആരംഭിച്ചു. വഴിക്കു പല പല രാജാക്കന്മാരെയും അദ്ദേഹം പരാജയപ്പെടുത്തി. വിജയശ്രീലാളിതനായ അലക്സാണ്ടരും സൈന്യവും ഇന്ത്യയിൽ പ്രവേശിച്ചു. പഞ്ചാബിലെ പല രാജാക്കന്മാരും എതിർത്തുനോക്കിയെങ്കിലും ഫലിച്ചില്ല. അലക്സാണ്ടർ വളരെ പ്രബലനായിരുന്നു. അലക്സാണ്ടർക്കു് എതിരായി സധൈര്യം പൊരുതിയ രാജാക്കന്മാരിൽ ഒരാളായിരുന്നു പോറസ്. പോറസ് അലക്സാണ്ടരെ എതിരിട്ടെങ്കിലും ഒടുവിൽ ഗ്രീക്കു സൈന്യങ്ങൾ അദ്ദേഹത്തെ ബന്ധനസ്ഥനാക്കി. പോറസ്സിൻെറ ധൈര്യത്തിൽ മതിപ്പുതോന്നിയ അലക്സാണ്ടർ പോറസ്സിനു് അദ്ദേഹത്തിൻെറ രാജ്യങ്ങൾ വിട്ടുകൊടുത്തു.

ഗംഗാസമതലത്തിലെ മഗധയെന്ന രാജ്യം അക്കാലത്തു് സമ്പൽസമൃദ്ധമായിരുന്നു. ബീഹാറിൻെറ തെക്കൻ പ്രദേശങ്ങളാണു് മഗധയിൽപ്പെട്ടിരുന്നതു്. അലക്സാണ്ടർ ആ രാജ്യത്തെപ്പററി കേട്ടിരുന്നു. ആ രാജ്യവും പിടിച്ചടക്കാൻ അദ്ദേഹം ആഗ്രഹിച്ചു. പക്ഷേ അദ്ദേഹത്തിനു് അതിനു് അവസരം ലഭിച്ചില്ല. അലക്സാണ്ടർ സ്വരാജ്യത്തേയ്ക്കു മടങ്ങിപ്പോകുമ്പോൾ മാർഗ്ഗമദ്ധ്യേ മരണമടഞ്ഞു.

മൗര്യസാമ്രാജ്യം

ചന്ദ്രഗുപ്തമൗര്യൻ.—അലക്സാണ്ടർ ഇന്ത്യ ആക്രമിക്കു മ്പോൾ നന്ദരാജവംശമായിരുന്നു മഗധ ഭരിച്ചിരുന്നത്. നന്ദ രാജാക്കന്മാരുടെ ഭരണത്തിൽ ജനങ്ങൾ അസംതൃപ്തരായിരുന്നു. ഈ അവസരത്തിലാണ് മൗര്യവംശത്തിലെ ചന്ദ്രഗുപ്തമൗര്യൻ നന്ദരാജാവിനെ തോല്പിച്ച് മഗധയിൽ ആധിപത്യം സ്ഥാപി ച്ചത്. അദ്ദേഹത്തിനെ ഇക്കാര്യത്തിൽ സഹായിച്ചിരുന്നത് അതിബുദ്ധിമാനും തന്ത്രശാലിയുമായ ചാണക്യൻ ആയിരുന്നു. ചന്ദ്രഗുപ്തമൗര്യനാണ് മൗര്യസാമ്രാജ്യ സ്ഥാപകൻ.

അലക്സാണ്ടരുടെ മരണശേഷം ഇന്ത്യയുടെ വടക്കുപടി ഞ്ഞാറൻ പ്രദേശത്തിൻെറ അധിപതി സെലൂക്കസ് ആയിരുന്നു. ചന്ദ്രഗുപ്തൻ പഞ്ചാബ് പിടിച്ചടക്കിയശേഷം സെലൂക്കസ്സിനെ തോല്പിച്ച് ആ പ്രദേശങ്ങളും തൻെറ സാമ്രാജ്യത്തോടു ചേർത്തു. സെലൂക്കസ് തൻെറ പുത്രിയെ ചന്ദ്രഗുപ്തനു് വിവാഹം കഴിച്ചു കൊടുക്കുകയും ഗ്രീക്കുസ്ഥാനപതിയായി മെഗസ്തനീസിനെ മൗര്യ സാമ്രാജ്യത്തിൻെറ തലസ്ഥാനമായ പാടലീപുത്രത്തിലേക്കയക്കു കയും ചെയ്തു. പണ്ഡിതനായ മെഗസ്തനീസ് രചിച്ച ഗ്രന്ഥമാണ് ഇൻഡിക്കാ. ചന്ദ്രഗുപ്തൻെറ മന്ത്രിയായ ചാണക്യൻ അർത്ഥശാസ്ത്രം എന്ന ഒരു ഗ്രന്ഥമെഴുതിയിട്ടുണ്ട്. ഈ രണ്ടു ഗ്രന്ഥങ്ങളിൽ നിന്നുമാണ് നമുക്ക് ചന്ദ്രഗുപ്തൻെറ ഭരണരീതിയെക്കുറിച്ചു കൂടുതൽ വിവരങ്ങൾ ലഭിക്കുന്നത്.

വടക്കേ ഇന്ത്യ മുഴുവനും ഉൾക്കൊള്ളുന്ന ഒരു സാമ്രാജ്യമായി രുന്നു ചന്ദ്രഗുപ്തൻെറ ഭരണത്തിൻകീഴിലുണ്ടായിരുന്നത്. ഭരണം രാജാവിൽ കേന്ദ്രീകൃതമായിരുന്നു. രാജ്യത്തു ക്രമസമാധാനം പാലിക്കുന്നതിനു് രാജാവിനെ സഹായിക്കുവാൻ ഒരു ചാര സംഘത്തെ ചന്ദ്രഗുപ്തൻ ഏർപ്പെടുത്തിയിരുന്നു.

ജനാധിപത്യത്തിൻെറ അടിസ്ഥാനമായ പഞ്ചായത്തുസമ്പ്ര ദായം അദ്ദേഹം നടപ്പിലാക്കി. ജനങ്ങളിൽ ഭൂരിഭാഗവും കൃഷി

ക്കാരായിരുന്നു. ആടുമാടുകളെ മേയ്ക്കുന്നതു് തൊഴിലായി സ്വീകരിച്ചിരുന്നവരും ഉണ്ടായിരുന്നു. ഇവർ കൂടുതലും ഗ്രാമത്തിലാണു് ജീവിതം നയിച്ചിരുന്നതു്. നെയ്ത്തു്, മരപ്പണി, സ്വർണ്ണപ്പണി, കളിമൺപാത്ര നിർമ്മാണം എന്നിവ നഗരത്തിലെ ജനങ്ങളുടെ ഉപജീവന മാർഗ്ഗങ്ങളായിരുന്നു. വ്യവസായവും വാണിജ്യവും ഇക്കാലത്തു വളരെ പുരോഗമിച്ചിരുന്നു.

ചിത്രം 20

അശോകനായിരുന്നു മൗര്യവംശത്തിലെ ഏററവും പ്രസിദ്ധ നായ രാജാവ്. ചന്ദ്രഗുപ്തൻെറ പൗത്രനായിരുന്നു അശോകൻ. അദ്ദേഹത്തെക്കുറിച്ചുള്ള വിവരങ്ങൾ നിങ്ങൾ പഠിച്ചിട്ടുണ്ടല്ലോ.



ചിത്രം 21

സാഞ്ചിയിലെ സ്തൂപം

ഗുപ്തസാമ്രാജ്യം

അശോകൻെറ കാലശേഷം മൗര്യവംശം ക്ഷയിച്ചു. അതിനു ശേഷം കുറെക്കാലത്തേക്ക് മഗധയിൽ ശക്തമായ ഒരു ഭരണം ഉണ്ടായിരുന്നില്ല. മൗര്യസാമ്രാജ്യത്തിനുശേഷം ശാകന്മാർ, ഇന്തോബാക്ട്രിയക്കാർ, കുഷാണന്മാർ തുടങ്ങിയ പലരും ഇന്ത്യയിൽ ഭരണം നടത്തി. കുഷാണന്മാരിൽ ഏററവും പ്രധാനിയായ രാജാവ് കനിഷ്കനായിരുന്നു. പുരുഷപുരമായിരുന്നു അദ്ദേഹത്തിൻെറ തലസ്ഥാനം. അദ്ദേഹം ബുദ്ധമതം പ്രചരിപ്പിച്ചു. ഗാന്ധാരകലയ്ക്കും, സംസ്കൃതസാഹിത്യത്തിനും അക്കാലത്ത് അഭിവൃദ്ധി ഉണ്ടായി. മഗധ കേന്ദ്രമാക്കി വീണ്ടും ഒരു സുശക്തഭരണം സ്ഥാപിച്ച മഹാനായിരുന്നു ചന്ദ്രഗുപ്തൻ. അദ്ദേഹമാണ് ഗുപ്ത സാമ്രാജ്യസ്ഥാപനത്തിന് അടിസ്ഥാനമിട്ടത്.

ചന്ദ്രഗുപ്തന്റെ പുത്രനായ സമുദ്രഗുപ്തൻ വലിയൊരു യോദ്ധാവായിരുന്നു. അദ്ദേഹത്തിന്റെ കാലത്തു് ഗുപ്തസാമ്രാജ്യം ദക്ഷിണേന്ത്യവരെ വ്യാപിച്ചു. അദ്ദേഹം ഒരു കവിയും സംഗീതജ്ഞനുമായിരുന്നു. അദ്ദേഹം വീണവായിച്ചുകൊണ്ടിരിക്കുന്നതായി ചിത്രീകരിച്ചിട്ടുള്ള നാണയങ്ങൾ അക്കാലത്തു് നിലവിലുണ്ടായിരുന്നു.

സമുദ്രഗുപ്തനുശേഷം അദ്ദേഹത്തിന്റെ പുത്രൻ ചന്ദ്രഗുപ്തൻ രണ്ടാമൻ രാജാവായി. അദ്ദേഹവും പിതാവിനെപ്പോലെ പ്രസിദ്ധനും പ്രാപ്തനുമായിരുന്നു. അദ്ദേഹം വിക്രമാദിത്യൻ (പരാക്രമത്തിൽ സൂര്യതുല്യൻ) എന്ന അപരനാമത്താൽ അറിയപ്പെടുന്നു. തന്റെ പിതാവിൽനിന്നും കിട്ടിയ സാമ്രാജ്യം ചന്ദ്രഗുപ്തൻ കൂടുതൽ വിപുലമാക്കുകയും ശക്തിപ്പെടുത്തുകയും ചെയ്തു. പണ്ഡിതന്മാരേയും കലാകാരന്മാരേയും അദ്ദേഹം പ്രോത്സാഹിപ്പിച്ചിരുന്നു. അദ്ദേഹത്തിന്റെ കാലത്തു് ഫാഹിയാൻ എന്ന ബുദ്ധസന്ന്യാസി ചൈനയിൽനിന്നും ഇന്ത്യയിൽ വന്നു. ഫാഹിയാന്റെ യാത്രാവിവരണങ്ങളിൽനിന്നും അന്നത്തെ സ്ഥിതിയെക്കുറിച്ചു് വളരെ അധികം കാര്യങ്ങൾ നമുക്കു ഗ്രഹിക്കുവാൻ കഴിയുന്നു.

ഇന്ത്യാചരിത്രത്തിലെ ഒരു സുവർണ്ണ കാലഘട്ടമാണു് ഗുപ്തന്മാരുടെ ഭരണകാലം. ജനങ്ങൾ ധനികരും സന്തുഷ്ടരുമായിരുന്നു. വള്ളംകളി, ഓട്ടപ്പന്തയം, സാഹിത്യമത്സരങ്ങൾ എന്നിങ്ങനെയുള്ള വിവിധ വിനോദങ്ങൾ അന്നു നിലവിലുണ്ടായിരുന്നു. ദൂരദേശങ്ങളുമായുള്ള വ്യാപാരം അഭിവൃദ്ധിപ്പെടുകയും നഗരങ്ങൾ ആവിർഭവിക്കുകയും ചെയ്തു. വ്യാപാരബന്ധങ്ങളോടൊപ്പം ഭാരതത്തിന്റെ സംസ്കാരം, കല, ഭാഷ, മതം എന്നിവ തെക്കു കിഴക്കേ ഏഷ്യയിലേക്കു് വ്യാപിക്കുവാൻ തുടങ്ങി.

ചിത്രം 22—ചന്ദ്രഗുപ്തവിക്രമാദിത്യൻ

ഗുപ്തരാജാക്കന്മാരുടെ കാലത്തു് ഹിന്ദുമതത്തിനു് ഒരു പുതിയ ഉണർവുണ്ടായി. വിക്രമാദിത്യന്റെ രാജധാനിയിൽ നവരത്നങ്ങൾ എന്നറിയപ്പെടുന്ന പണ്ഡിതാഗ്രേസരന്മാരും സാഹിത്യകുശലന്മാരും ഉണ്ടായിരുന്നു. കാളിദാസനായിരുന്നു അവരിൽ ഏററവും പ്രസിദ്ധൻ. അദ്ദേഹം എഴുതിയ നാടകമാണു് ശാകുന്തളം. ചിത്രമെഴുത്തു്, കല, ജ്യോതിശാസ്ത്രം, തത്വശാസ്ത്രം എന്നിവ അഭിവൃദ്ധിപ്പെട്ടു. അജന്തയിലെ ചിത്രങ്ങളിൽ പലതും ഗുപ്തകാലത്തുണ്ടായവയാണു്. ദൂരസ്ഥലങ്ങളിൽനിന്നും വിദ്യാർത്ഥികളെ ആകർഷിച്ച ഒരു വിദ്യാപീഠം നളന്ദയിൽ ഉയർന്നുവന്നു.

ഹർഷസാമ്രാജ്യം

ഗുപ്തരാജവംശത്തിന്റെ അധഃപതനത്തിനുശേഷം ഹൂണന്മാരുടെ ആക്രമണം ഉണ്ടായി. അവരെ തോല്പിച്ചു് ഹർഷൻ

വടക്കേ ഇന്ത്യയിൽ ശക്തമായ ഒരു സാമ്രാജ്യം സ്ഥാപിച്ചു. കന്യാകുബ്ജമായിരുന്നു തലസ്ഥാനം. ഹർഷൻ സമാധാന പ്രിയനും, ബുദ്ധമത വിശ്വാസിയും ആയിരുന്നു.

ഫാഹിയാനെപ്പോലെ മറെറാരു പ്രസിദ്ധ ചീനസഞ്ചാരി യായ ഹുയാങ്ങ്സാങ്ങ് ഇന്ത്യയിൽ വന്നതു് ഹർഷന്റെ ഭരണകാല ത്തായിരുന്നു. ഏകദേശം പതിമൂന്നുകൊല്ലം ഇന്ത്യയിൽ താമസി ച്ചിരുന്ന അദ്ദേഹം ഹർഷന്റെ ഭരണസമ്പ്രദായം, ജനങ്ങളുടെ ജീവിതരീതി എന്നിവയെക്കുറിച്ചു് തന്റെ യാത്രാവിവരണങ്ങ ളിൽ രേഖപ്പെടുത്തിയിട്ടുണ്ടു്.

ഹർഷൻ തലസ്ഥാനമായ കന്യാകുബ്ജത്തിൽ ഒരു മഹാ സമ്മേളനം വിളിച്ചുകൂട്ടിയതിൽ ഏകദേശം ഇരുപതു് സാമന്ത രാജാക്കന്മാർ പങ്കെടുത്തു. ഇന്നത്തെ അലഹബാദിനു് അന്നു് പ്രയാഗ എന്നായിരുന്നു പേരു്. കൊല്ലംതോറും ആർഭാടത്തോടു കൂടി ഇന്നും ആഘോഷിച്ചുവരുന്ന 'കുംഭമേള' ഹർഷന്റെ കാലത്തു് പ്രയാഗയിൽവച്ചു് നടത്തിയിരുന്നുവെന്നു് ഹുയാങ്ങ് സാങ്ങിന്റെ കുറിപ്പുകളിൽ പ്രസ്താവിച്ചിട്ടുണ്ടു്.

ഗുപ്തചക്രവർത്തിയായ വിക്രമാദിത്യനെപ്പോലെ ഹർഷനും സംസ്കൃത സാഹിത്യത്തിനു് പ്രോത്സാഹനം നല്കി. ഹർഷന്റെ രാജധാനിയിൽ പാർത്തിരുന്ന ബാണമഹാകവി എഴുതിയതാണു് ഹർഷചരിതം. ഹർഷനെ ഒരു മാതൃകാരാജാവായി അതിൽ ചിത്രീകരിച്ചിട്ടുണ്ടു്. ഹർഷൻ ഒരു കവിയായിരുന്നു. അക്കാലത്തു് കലകളും കൈത്തൊഴിലുകളും പുരോഗമിച്ചിരുന്നു. ലോകപ്രസിദ്ധ മായ 'നളന്ദ' എന്ന വിദ്യാഭ്യാസകേന്ദ്രത്തിൽ അനേകം വിദ്യാ ർത്ഥികളും അദ്ധ്യാപകരും ഒന്നിച്ചു താമസിച്ചിരുന്നതായി ഹുയാങ്ങ്സാങ്ങ് രേഖപ്പെടുത്തിയിട്ടുണ്ടു്. ഹർഷൻ മരിച്ചപ്പോൾ പ്രാപ്തരായ പിൻഗാമികൾ ഇല്ലാതിരുന്നതിനാൽ അദ്ദേഹത്തിന്റെ വിസ്തൃതമായ രാജ്യം ഛിന്നഭിന്നമായിപ്പോയി.

ചാലൂക്യന്മാരും പല്ലവന്മാരും

നമ്മദാ നദിക്കു തെക്കും, കൃഷ്ണാ, തുംഗഭദ്രാ നദികൾക്കു വടക്കുമായി കിടക്കുന്ന പീഠഭൂമിയാണു് ഡെക്കാൻ. വടക്കേ ഇന്ത്യയിൽ ഹർഷൻ ഭരിച്ചിരുന്ന കാലത്തു് ഡെക്കാനിൽ ചാലൂക്യന്മാർ എന്ന ഒരു രാജവംശം പ്രാബല്യത്തിലുണ്ടായിരുന്നു. ആ വംശത്തിൽപ്പെട്ട പുലികേശി രണ്ടാമൻ എന്ന രാജാവു് യുദ്ധത്തിൽ ഹർഷനെ തോല്പിച്ചിട്ടുണ്ടു്. അക്കാലത്തുതന്നെ കാഞ്ചീപുരം തലസ്ഥാനമാക്കി കൃഷ്ണാനദിക്കു തെക്കുള്ള രാജ്യമെല്ലാം കീഴടക്കി ഭരിച്ചിരുന്ന മറെറാരു വംശക്കാരായിരുന്നു പല്ലവന്മാർ. പല്ലവന്മാരിൽ ഏററവും ശക്തനായ രാജാവു് നരസിംഹവമ്മനായിരുന്നു. അദ്ദേഹത്തിൻെറ കാലത്തു് പല്ലവസാമ്രാജ്യം അതിൻെറ ഉച്ചകോടിയിലെത്തി. മദ്രാസിനടുത്തു് മഹാബലിപുരത്തു പല മനോഹര ക്ഷേത്രങ്ങളും നരസിംഹവമ്മൻ പണികഴിപ്പിച്ചിട്ടുണ്ടു്. ഒററക്കല്ലിൽ കൊത്തിയിട്ടുള്ള ഭീമാകാരങ്ങളായ ശിലാപ്രതിമകളും അവിടെ കാണാം. വലിയ പാറകൾ തുരന്നു നിമ്മിക്കപ്പെട്ടിട്ടുള്ള മനോഹരമായ ഗുഹാക്ഷേത്രങ്ങളും അവിടെ ധാരാളമുണ്ടു്.

HIGH SCHOOL KOTTAYAM

ചിത്രം 23

മഹാബലിപുരം ക്ഷേത്രം

ഇതുവരെ നാം പഠിച്ച കാൎയ്യങ്ങളിൽനിന്നും മഹത്തായ ഈ നാടിൻെറയും, നമ്മുടെ പൂൎവ്വികന്മാർ നമുക്കായി നേടിവെച്ചിട്ടുള്ള പാരമ്പൎയ്യത്തിൻെറയും, സമ്പത്തിൻെറയും, മാഹാത്മ്യത്തിന്റെയും അനന്തരാവകാശികൾ നാമാണെന്നു് മനസ്സിലാക്കാം. നമ്മുടെ ജീവിതംകൊണ്ടും പ്രവൃത്തികൊണ്ടും ഈ നാടിനെ കൂടുതൽ ധന്യമാക്കുക, ഇതിൻെറ അഭിമാനം സംരക്ഷിക്കുക—ഇതാണു് നമ്മുടെ പരമമായ കൎത്തവ്യം.

പ്രായോഗിക പ്രവൎത്തനങ്ങൾ

1. വിദ്യാൎത്ഥികൾ അവരുടെ നോട്ടുബുക്കിൽ അശോകചക്രം വരച്ചു പഠിക്കട്ടെ.
2. ഗുപ്തസാമ്രാജ്യകാലത്തെ, 'നവരത്നങ്ങളു' ടെ പേരുകൾ കുട്ടികൾ നോട്ടുബുക്കിൽ എഴുതി സൂക്ഷിക്കണം.
3. ശാകുന്തളത്തിൽനിന്നു ചില ഭാഗങ്ങൾ (കഥയോ ശ്ലോകമോ) ചൊല്ലിക്കേൾപ്പിക്കണം.
4. ഇന്ത്യയുടെ പടത്തിൽ ഗുപ്തസാമ്രാജ്യം വിദ്യാൎത്ഥികൾ അടയാളപ്പെടുത്തട്ടെ.
5. അലക്സാണ്ടർ ആക്രമിച്ച ഇന്ത്യൻ പ്രദേശങ്ങൾ അടയാളപ്പെടുത്തട്ടെ.
6. അലക്സാണ്ടറും പോറസ്സും തമ്മിലുള്ള സങ്കല്പ സംഭാഷണം നടത്തട്ടെ.
7. പല്ലവരാജാക്കന്മാരുടെ കാലത്തു പണികഴിപ്പിച്ച മനോഹര ക്ഷേത്രങ്ങളുടെ ചിത്രങ്ങൾ ശേഖരിക്കട്ടെ.
8. ഇന്ത്യയുടെ പടത്തിൽ ചാലുക്യരാജാക്കന്മാരുടെ ഭരണത്തിൻകീഴിലുള്ള രാജ്യങ്ങൾ അടയാളപ്പെടുത്തട്ടെ.

അദ്ധ്യായം 7

ചില മഹാന്മാർ

ലോകത്തെ നന്മയിലേക്കും പുരോഗതിയിലേക്കും നയിച്ച പല മഹാന്മാരും ഉണ്ട്. മനുഷ്യവർഗ്ഗത്തിന്ന് അവരെ മറക്കാൻ കഴിയുകയില്ല. അവരിൽ ചിലരെക്കുറിച്ച് അല്പം ചില വിവരങ്ങളാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്നത്.

പെരിക്ലിസ്

ഗ്രീസിലെ ഒരു ചെറിയ രാജ്യമായ ആതൻസിലാണ് പെരിക്ലിസ് ജനിച്ചത്. ചെറുപ്പത്തിൽത്തന്നെ ഇദ്ദേഹം ഉന്നത വിദ്യാഭ്യാസം നേടുകയും കലകളിൽ തല്പരനാകുകയും ചെയ്തിരുന്നു. സ്വന്തം ദേശത്തെ രാഷ്ട്രീയമായും സാംസ്കാരികമായും വളരെ ഉയർന്നനിലയിൽ എത്തിക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചിരുന്നു. പെരിക്ലിസ്സിൻെറ നേതൃത്വത്തിൽ ആതൻസ് വളർച്ചയുടെ ഉച്ചകോടിയിലെത്തി. ആതൻസിൻെറ സുവർണ്ണകാലമായിരുന്നു അത്.

ചിത്രം 24

രാജ്യത്തിലെ ഏററവും ഉയർന്ന ഉദ്യോഗം ഏററവും എളിയ പൗരനപോലും ലഭിക്കത്തക്കവണ്ണം അദ്ദേഹം വ്യവസ്ഥ

ഉണ്ടാക്കി. ആതൻസിലെ കലകളെ അങ്ങേയററം വളർത്തി. ധന സമൃദ്ധമായ ആതൻസിലെ ഭരണാധികാരിയായി അദ്ദേഹം അവരോധിക്കപ്പെട്ടു.

യുദ്ധം പൊട്ടിപ്പുറപ്പെടുകയും നാട്ടിൽ പ്ലേഗുരോഗം ബാധിക്കുകയുംചെയ്ത നിർഭാഗ്യകരമായ ഒരവസ്ഥ പെട്ടെന്നുണ്ടായി. ആ അവസരത്തിൽ അദ്ദേഹം ഭരണാധികാരത്തിൽനിന്നും മാററപ്പെട്ടു. വീണ്ടും പെരിക്ലിസ് ഭരണാധിപനായിയെങ്കിലും അധികം താമസിയാതെ മരണമടയുകയാണുണ്ടായതു്.

ജനങ്ങളെ വലിയവരെന്നും ചെറിയവരെന്നും വേർതിരിക്കുന്ന വ്യവസ്ഥയെ ആദ്യമായി എതിർത്ത മഹാനാണദ്ദേഹം.

സോക്രട്ടീസ്

ഇന്നത്തെ ഗ്രീസിൽ പണ്ടു് ഒരത്ഭുത മനുഷ്യൻ ജീവിച്ചിരുന്നു. ഉന്തിയ കണ്ണും, പതിഞ്ഞ മൂക്കും, തടിച്ച ചുണ്ടും, കുടവയറും ഉള്ള പൊക്കം കുറഞ്ഞ ഒരു മനുഷ്യൻ. വെയിലത്തും, മഞ്ഞത്തും, മഴയത്തും എപ്പോഴും എന്നും ഉപയോഗിച്ചിരുന്ന ഒരേ ഒരു നീണ്ട വസ്ത്രമുണ്ടു്. ഈ മനുഷ്യൻെറ രൂപം കണ്ടാൽ ഒരു ഭ്രാന്തനാണെന്നു തോന്നും. ആരാണീ അത്ഭുത മനുഷ്യൻ? എല്ലാവരുടേയും ശ്രദ്ധയെ ആകർഷിച്ചിരുന്ന ആ കൊച്ചു മനുഷ്യൻ സോക്രട്ടീസായിരുന്നു.

സാമാന്യമായ വിദ്യാഭ്യാസം മാത്രമേ അദ്ദേഹത്തിനു സിദ്ധിച്ചിരുന്നുള്ളു. അദ്ദേഹം പ്രത്യേക തൊഴിലൊന്നും അന്വേഷിച്ചിരുന്നില്ല. മിക്കവാറും സമയം തെരുവുകളിൽ അലഞ്ഞു നടക്കും. ആരോടും സംസാരിക്കും. ചോദ്യങ്ങൾ ചോദിക്കും. ചിലപ്പോൾ കുറേനേരം ഏകാന്തമായി ഒരിടത്തിരുന്നു ചിന്തിക്കും. ഇതായിരുന്നു അദ്ദേഹത്തിൻെറ സ്വഭാവം.



ചിത്രം 25

അക്കാലത്തു് ഗ്രീസിലെ യവനന്മാരുടെ ഇടയിലുണ്ടായിരുന്ന അനാചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും അകററുവാൻ അദ്ദേഹം ശ്രമിച്ചിരുന്നു. പക്ഷേ അതൊരു പ്രത്യേക രീതിയിലായിരുന്നു. അദ്ദേഹം പ്രസംഗങ്ങൾ ചെയ്യുകയോ ലേഖനങ്ങളോ മതഗ്രന്ഥങ്ങളോ എഴുതുകയോ ഒന്നും ചെയ്തിട്ടില്ല. തെരുവുകളിലോ പൊതുസ്ഥലങ്ങളിലോ നില്ക്കുന്ന ആളുകളെ പിടിച്ചുനിർത്തി സംസാരിക്കുകയും, ചോദ്യങ്ങൾകൊണ്ടു ബുദ്ധിമുട്ടിക്കുകയും ചെയ്യും. ഉത്തരം പറയാനാകാതെ അവർ കുഴങ്ങുമ്പോൾ അവരെ കൂടുതൽ ചിന്തിപ്പിച്ചു് സന്മാർഗ്ഗത്തിലേയ്ക്കു നയിക്കും. ഇതായിരുന്നു അദ്ദേഹത്തിൻെറ രീതി. അദ്ദേഹത്തിൽനിന്നും വിജ്ഞാനം ലഭിച്ചിട്ടുള്ളവർ അദ്ദേഹത്തിൻെറ ചോദ്യങ്ങൾക്കു് ഉത്തരം കണ്ടുപിടിക്കാൻ ശ്രമിച്ചവരായിരുന്നു.

ക്രമേണ പണ്ഡിതന്മാരും പാമരന്മാരും എല്ലാം അദ്ദേഹത്തിന്റെ ചുററും കൂടിത്തുടങ്ങി. അസത്യത്തേയും അനീതിയേയും നിർഭയം എതിർക്കുവാൻ അവരെ അദ്ദേഹം പഠിപ്പിച്ചു. മുഖം നോക്കാതെ സത്യം പറയുന്ന പ്രകൃതക്കാരനായിരുന്നു അദ്ദേഹം.

ഈ സ്വഭാവവിശേഷങ്ങൾകൊണ്ടു് അദ്ദേഹത്തിനു് ശിഷ്യന്മാരും ആരാധകരും ഉണ്ടായതോടൊപ്പം ശത്രുക്കളുമുണ്ടായി.

ഭരണാധികാരികൾ രണ്ടു കുററങ്ങൾ അദ്ദേഹത്തിൻെറമേൽ ചുമത്തി. നഗരത്തിലെ ചെറുപ്പക്കാരെ ദുർമ്മാർഗ്ഗത്തിലേക്കു നയിച്ചു എന്നതായിരുന്നു ഒരു കുററം. രണ്ടാമത്തേതു് ഗ്രീസിലെ ദേവന്മാരെ അവിശ്വസിക്കുകയും അനാദരിക്കുകയും ചെയ്തു എന്നതായിരുന്നു. ഈ കുററങ്ങൾ ചുമത്തി അദ്ദേഹത്തെ വിചാരണ ചെയ്യുകയും വധശിക്ഷയ്ക്കു വിധിക്കുകയും ചെയ്തു. എന്നാൽ പിഴ ഒടുക്കുന്ന പക്ഷം വധശിക്ഷ ഇളവുചെയ്യുവാൻ പിന്നീടു് ന്യായാധിപന്മാർ തയ്യാറായി എങ്കിലും സോക്രട്ടീസ് അതിനു വഴങ്ങിയില്ല. മൂന്നാഴ്ചയോളം തടവിൽ പാർപ്പിച്ചശേഷം ഒരു ദിവസം ശിക്ഷ നടപ്പിൽവരുത്തി. വധശിക്ഷ അനുഭവിക്കേണ്ടവരെ വിഷംകൊടുത്തു കൊല്ലുന്ന സമ്പ്രദായമാണു് അന്നു ഗ്രീസിൽ നിലവിലിരുന്നതു്. യാതൊരു ഭാവഭേദവുംകൂടാതെ സന്തോഷത്തോടുകൂടി സോക്രട്ടീസ് വിഷം കുടിച്ചു. അങ്ങനെ ലോകത്തിനു് ഒരു വലിയ ചിന്തകൻ നഷ്ടമായി.

അദ്ദേഹത്തിൻെറ ശിഷ്യന്മാരിൽ പ്രധാനിയായ പ്ളേറേറായുടെ ലേഖനങ്ങളിൽനിന്നാണു് സോക്രട്ടീസിനെക്കുറിച്ചു് ലോകം കൂടുതൽ അറിയുന്നതു്.

യേശുക്രിസ്തു

ബത്‌ലഹേമിലുള്ള ഒരു കാലിത്തൊഴുത്തിലെ പുൽക്കൂട്ടിലാണു് യേശുക്രിസ്തു ജനിച്ചതു്. ആ ദിവസം രാത്രിയിൽ ആട്ടിടയന്മാർ ഒരു ദിവ്യപ്രകാശം കണ്ടു. യേശു ജനിച്ച വിവരം അവർ ദൈവദൂതന്മാർവഴി അറിഞ്ഞു. ഇടയന്മാർ ബത്‌ലഹേമിൽവന്നു് ദൈവപുത്രനെ കണ്ടു. ദൂതന്മാരുടെ സന്ദേശം പിതാവായ ജോസഫിനേയും മാതാവായ മറിയയേയും അറിയിച്ചു മടങ്ങി.

അന്നു് ഹിറോദ് എന്ന രാജാവാണു് രാജ്യം ഭരിച്ചിരുന്നതു്. യഹൂദന്മാർക്കു് പുതിയ ഒരു രാജാവു് ജനിച്ചിരിക്കുന്നതായി

ഹിറോദ് അറിഞ്ഞു. എങ്ങനെയും ആ ശിശുവിനെ നശിപ്പിക്ക ണമെന്ന് ഹിറോദ് തീർച്ചയാക്കി. ബത്‌ലഹേമിലുള്ള രണ്ടു വയസ്സിനു താഴെ പ്രായമുള്ള എല്ലാ ആൺകുട്ടികളേയും കൊന്നു കളയുവാൻ രാജാവു കല്പിച്ചു. ജോസഫ് അന്നു രാത്രിയിൽ ഒരു സ്വപ്നത്തിൽനിന്ന് ഈ വിവരം അറിഞ്ഞു. അതിനാൽ ജോസഫും മറിയയും ശിശുവിനെയുംകൊണ്ട് ഈജിപ്തിലേക്ക് ഓടിപ്പോയി. ഹിറോദിൻെറ മരണത്തിനുശേഷമാണ് അവർ സ്വദേശത്തേയ്ക്കു മടങ്ങിവന്നതു്.

ക്രിസ്തുവിൻെറ പ്രാരംഭകാല ജീവിതത്തെക്കുറിച്ച് വ്യക്ത മായ യാതൊരറിവും ഇല്ല. മുപ്പതാമത്തെ വയസ്സു മുതലാണ് ലോകം അദ്ദേഹത്തെ വീണ്ടും അറിയുന്നതു്. യോഹന്നാനിൽ നിന്നും ജ്ഞാനസ്നാനമേററതോടുകൂടി അദ്ദേഹം ജനങ്ങളെ സേവി ക്കാനും ശുശ്രൂഷിക്കാനും തുടങ്ങി. പല അത്ഭുതങ്ങളും പ്രവ ൎത്തിച്ച് ദൈവത്തിൻെറ മഹത്ത്വത്തെ വെളിപ്പെടുത്തി. കഷ്ട പ്പെടുന്ന ജനങ്ങളെ ആശ്വസിപ്പിക്കുവാൻ രാപകൽ പരിശ്രമിച്ചു. അദ്ധ്വാനിക്കുന്നവൎക്കും യാതന അനുഭവിക്കുന്നവൎക്കും അദ്ദേഹം ആശ്രയമായിത്തീൎന്നു.

അദ്ദേഹത്തെ ജനങ്ങൾ ആദരിക്കുവാനും ആരാധിക്കുവാനും തുടങ്ങി. തന്റെ പ്രധാന ശിഷ്യന്മാർവഴി ദൈവത്തിന്റെ മഹത്ത്വം അദ്ദേഹം വെളിപ്പെടുത്തി. അന്നത്തെ യഹൂദന്മാരുടെ കപട ഭക്തിയെപ്പററി ധൈര്യമായി വിമർശിച്ചപ്പോൾ, പുരോഹിതരു ടേയും, യഹൂദപ്രമാണികളുടേയും സ്ഥാനം നഷ്ടപ്പെടുമെന്ന് അവർ ഭയപ്പെട്ടു. അവരുടെ നിർബ്ബന്ധംമൂലം അന്നത്തെ ന്യായാധിപൻ യേശുവിനെ കുരിശിൽ തറയ്ക്കാൻ വിധിച്ചു. അങ്ങനെ മനുഷ്യ രുടെ പാപമോചനത്തിനായി ക്രിസ്തു കുരിശിലേറി.

ക്രൂശിക്കപ്പെട്ടതിൻെറ മൂന്നാംദിവസം ക്രിസ്തു വീണ്ടും ഉയിർത്തെഴുന്നേററതായി വിശ്വസിക്കപ്പെടുന്നു. നാല്പതു ദിവസ ങ്ങൾക്കുശേഷം അദ്ദേഹം സ്വൎഗ്ഗാരോഹണം ചെയ്തു.

'ദൈവം സ്നേഹമാകുന്നു' എന്നും 'ശത്രുക്കളെ സ്നേഹിക്കുക' എന്നും 'നിന്റെ അയൽക്കാരനെ നിന്നെപ്പോലെ സ്നേഹിക്കുക' എന്നും ക്രിസ്തുദേവൻ ഉപദേശിച്ചു. ക്രിസ്തുവിന്റെ ഉപദേശങ്ങൾ അടങ്ങിയ വിശുദ്ധ ഗ്രന്ഥമാണ് ബൈബിൾ. ക്രിസ്തുവർഷം ആരംഭിക്കുന്നതു് ക്രിസ്തുവിന്റെ ജനനശേഷം 28 വർഷം കഴിഞ്ഞതാണ്.

മുഹമ്മദുനബി

അറേബ്യയിലെ ജനങ്ങൾ ഒരുകാലത്തു് വിഗ്രഹാരാധനയിലും അന്ധവിശ്വാസങ്ങളിലും മുഴുകിക്കഴിഞ്ഞിരുന്നു. അക്കാലത്തു് പല പല അനാചാരങ്ങളും അവിടെ നിലവിലുണ്ടായിരുന്നു. ഇവയെല്ലാം ഒരറുതിവരുത്താനെന്നവണ്ണം അവിടെ ഒരു ദിവ്യപുരുഷൻ ജനിച്ചു. അദ്ദേഹമാണ് പ്രവാചകനായ മുഹമ്മദ്.

അറേബ്യയിലെ ഒരു പ്രധാന നഗരമായ മക്കയിൽ ക്രിസ്തുവർഷം 570-ൽ മുഹമ്മദു ജനിച്ചു. മുഹമ്മദിന്റെ ജനനത്തിനു തൊട്ടു മുൻപുതന്നെ പിതാവു മരിച്ചു. അല്പകാലത്തിനു ശേഷം മാതാവും മൃതിയടഞ്ഞു. അമ്മാവന്റെ സംരക്ഷണയിലാണ് മുഹമ്മദു വളർന്നുവന്നതു്.

അറേബ്യ അക്കാലത്തു് ഒരു കച്ചവടകേന്ദ്രമായിരുന്നു. അമ്മാവനെ സഹായിക്കുവാൻ കച്ചവടകാര്യങ്ങൾക്കായി മുഹമ്മദ് അറേബ്യയിൽ പല സ്ഥലങ്ങളിലും സഞ്ചരിക്കുവാനിടയായി. അക്കാലത്തു് 'വിശ്വസ്തൻ' (അൽ അമീൻ) എന്ന പേരു കരസ്ഥമാക്കി.

ചെറുപ്പത്തിൽതന്നെ ഏകാന്തമായി ഒരിടത്തിരുന്നു ചിന്തിക്കുന്ന ശീലം മുഹമ്മദിനുണ്ടായിരുന്നു. നാൽപതു വയസ്സു പ്രായ

മുള്ളപ്പോൾ ഏകാന്തമായി ഒരു ഗുഹയ്ക്കകത്തു് ധ്യാനിച്ചുകൊണ്ടിരിക്കവേ അദ്ദേഹത്തിനു് ബോധോദയമുണ്ടായി. ദൈവത്തിന്റെ കല്പനകൾ അദ്ദേഹം ജനങ്ങളെ അറിയിച്ചു. ദൈവം ഒന്നേ ഉള്ളു എന്നും ആ ദൈവത്തെ വിശ്വസിക്കണമെന്നും അദ്ദേഹം ജനങ്ങളെ ഉപദേശിച്ചു. സ്ത്രീകളെ ബഹുമാനിക്കുന്നതിനും അദ്ദേഹം നിർദ്ദേശിച്ചു. അദ്ദേഹം പ്രചരിപ്പിച്ച മതത്തെ "ഇസ്ലാംമതം" എന്നു പറയുന്നു. ഇസ്ലാംമതം സ്വീകരിച്ചവരാണു് മുസ്ലീമങ്ങൾ.

നബിക്കു് അനുയായികൾ ഉണ്ടായതോടുകൂടി അനവധി ശത്രുക്കളും ഉണ്ടായി. അതുവരെ നിലവിലിരുന്ന ആചാരങ്ങളെ പാടേ മാററിമറിക്കുന്നതിൽ എതിപ്പുള്ളവരായിരുന്നു ഈ ശത്രുക്കൾ. ഇവർ നബിയെ വധിക്കുവാനുള്ള ഗൂഢാലോചന നടത്തുകയുണ്ടായി. ശത്രുക്കളെ ഭയന്നു് നബി ജീവരക്ഷയ്ക്കായി മക്കയിൽനിന്നും കുറച്ചകലെയുള്ള മറെറാരു പട്ടണമായ മദീനയിലേയ്ക്കു പോയി. "ഹിജ്റാ" എന്നാണു് ഈ സംഭവത്തെ പറയുന്നതു്. "ഹിജ്റാ" എന്ന പദത്തിനു് പ്രയാണം എന്നാണു് അർത്ഥം. ഈ സംഭവംമുതലാണു് ഹിജ്റാ വർഷം ആരംഭിക്കുന്നതു്. (ക്രിസ്തുവർഷം 622)

മദീനയിൽ നബിക്കു് ധാരാളം അനുയായികളുണ്ടായി. അദ്ദേഹത്തെ നശിപ്പിക്കുവാൻ ശത്രുക്കൾ ചെയ്ത ശ്രമങ്ങളെല്ലാം പരാജയപ്പെട്ടു. അങ്ങനെ മദീനയിലും ക്രമേണ അറേബ്യ മുഴവനും ഇസ്ലാംമതം വ്യാപിച്ചു. ഇന്നു് ഇസ്ലാംമതം ലോകം മുഴവൻ വ്യാപിച്ചിട്ടുണ്ടു്.

ക്രിസ്തുവർഷം 632-ൽ മുഹമ്മദുനബി നിര്യാതനായി. നബിക്കു് പലപ്പോഴായി ലഭിച്ചിട്ടുള്ള ദിവ്യബോധനങ്ങൾ ഒരുമിച്ചു ചേർത്തിട്ടുള്ള ഗ്രന്ഥമാണു് ഖുർ ആൻ. മുസ്ലീമങ്ങളുടെ വേദഗ്രന്ഥമാണിതു്.

ചിത്രം 26

വിവേകാനന്ദൻ

വിവേകാനന്ദന്റെ ആദ്യത്തെ പേരു് നരേന്ദ്രൻ എന്നായിരുന്നു. അദ്ദേഹം കൽക്കത്തയിൽ ജനിച്ചു. കുട്ടിക്കാലത്തുതന്നെ അതിബുദ്ധിമാനായിരുന്നു. കെട്ടുകഥകളിൽ ഒട്ടുംതന്നെ അദ്ദേഹത്തിനു വിശ്വാസമുണ്ടായിരുന്നില്ല. നല്ല പ്രസരിപ്പുള്ള ഒരു കുട്ടിയായിരുന്നു നരേന്ദ്രൻ. കളികളിലും കുസൃതികളിലുമെന്നപോലെ പുസ്തകവായനയിലും പുരാണപാരായണത്തിലും നാടകാഭിനയത്തിലും വ്യായാമം ചെയ്യുന്നതിലും അദ്ദേഹത്തിനു് അഭിരുചിയുണ്ടായിരുന്നു. ഒരുദിവസം അദ്ദേഹം ശ്രീരാമകൃഷ്ണപരമഹംസരെ കാണാൻ പോയി. കാളീക്ഷേത്രത്തിലെ പൂജാരിയായിരുന്നു ശ്രീരാമകൃഷ്ണൻ. അദ്ദേഹത്തിന്റെ ഉപദേശങ്ങളാൽ നരേന്ദ്രൻ ആകൃഷ്ടനായി. അദ്ദേഹം പിന്നിടു് വിവേകാനന്ദൻ

എന്ന പേരിൽ അറിയപ്പെട്ടു. തന്റെ ഗുരുവിന്റെ ഉപദേശങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടി അദ്ദേഹം രാമകൃഷ്ണമിഷ്യൻ സ്ഥാപിച്ചു.

അമേരിക്കയിലെ ചിക്കാഗോവിൽ 1893-ൽ നടന്ന സർവ്വമത സമ്മേളനത്തിൽവെച്ചു ചെയ്ത പ്രസംഗത്തോടുകൂടിയാണ് വിവേകാനന്ദൻെറ പ്രസിദ്ധി എല്ലാ ദിക്കിലും പരന്നതു്. അമേരിക്ക കൂടാതെ ഇംഗ്ലണ്ടു്, ഫ്രാൻസു്, സ്വിററ്സർലണ്ടു് തുടങ്ങിയ യൂറോപ്യൻ രാജ്യങ്ങളിലും അദ്ദേഹം പര്യടനം നടത്തുകയും രാമകൃഷ്ണമിഷ്യൻ അവിടങ്ങളിലെല്ലാം സ്ഥാപിക്കുകയും ചെയ്തു. ഈ രാജ്യങ്ങളിലെല്ലാം അദ്ദേഹത്തിനു് അനേകം അനുയായികൾ ഉണ്ടായി.

"ഉണരുക; എഴുന്നേൽക്കുക, ബോധവാന്മാരാകുക, ലക്ഷ്യത്തിലെത്തുന്നതുവരെ പ്രവർത്തിക്കുക" എന്നു് അദ്ദേഹം ജനങ്ങളെ പഠിപ്പിച്ചു. എല്ലാ മതങ്ങളുടേയും സാരം ഒന്നുതന്നെയാണെന്നും ജാതിയുടെയോ, മതത്തിൻെറയോ പേരിൽ മനുഷ്യർ തമ്മിൽ വ്യത്യാസം കല്പിക്കുന്നതു് അജ്ഞതകൊണ്ടാണെന്നും അദ്ദേഹം പറഞ്ഞു.

"ഇന്ത്യയുടെ ഓരോ മണൽത്തരിയും എനിക്കു പരിപാവനമാണു്. ഭാരതം എൻെറ പരിശുദ്ധ ജന്മദേശമാണു്. എൻെറ പുണ്യക്ഷേത്രവും തീർത്ഥസ്ഥലവുമാണു്." എന്നു വിവേകാനന്ദൻ പറഞ്ഞു.

മുപ്പത്തിഒൻപതാമത്തെ വയസ്സിൽ സ്വാമി വിവേകാനന്ദൻ മരിച്ചു.

പ്രായോഗിക പ്രവർത്തനങ്ങൾ

1. കുട്ടികൾ പഠിച്ച മഹാന്മാരുടെ ജീവിതത്തെപ്പററി ഒരു ചുരുങ്ങിയ വിവരണം പറയട്ടെ.

2. ലോകത്തിലെ മഹാന്മാരുടെ പടം ശേഖരിച്ചു സൂക്ഷിക്കട്ടെ.

3. മഹാന്മാരെപ്പററിയുള്ള ചെറുകഥകൾ, ലേഖനങ്ങൾ, ലഘു പുസ്തകങ്ങൾ മുതലായവ ശേഖരിച്ചു വായിക്കട്ടെ.

4. വിവേകാനന്ദൻെറ ചിക്കാഗോ പ്രസംഗം കാണാതെ പഠിച്ചു് പ്രസംഗിക്കട്ടെ.

5. ബൈബിളിലെ കഥകൾ കുട്ടികൾ വായിക്കട്ടെ.

6. സോക്രട്ടീസിൻെറ ജീവിതകഥ അഭിനയിക്കട്ടെ.

7. മുഹമ്മദുനബിയെക്കുറിച്ചുള്ള കഥകൾ കുട്ടികൾ കേൾക്കട്ടെ.

അദ്ധ്യായം 8

ജനാധിപത്യ വ്യവസ്ഥിതി

തദ്ദേശ സ്വയംഭരണം

നമ്മുടെ രാജ്യത്തിൽ ആയിരക്കണക്കിനുള്ള ഗ്രാമങ്ങളുണ്ടല്ലോ. ഗ്രാമങ്ങളിലാണു് ഇന്ത്യയിലെ ഭൂരിപക്ഷം ജനങ്ങളും താമസിക്കുന്നതു്. ഓരോ ഗ്രാമത്തിനും അതിൻേറതായ അനേകം പ്രയാസങ്ങളും പ്രശ്നങ്ങളുമുണ്ടാകാം. ഓരോ ഗ്രാമത്തിൻെറയും പ്രത്യേകം ആവശ്യങ്ങളെക്കുറിച്ചു് ആലോചിക്കാനും തീരുമാനങ്ങളെടുക്കാനും ഓരോ സഭയുണ്ടു്. ആ സഭയെ പഞ്ചായത്തെന്നു പറയുന്നു.

ഗ്രാമങ്ങളെപ്പോലെതന്നെ നഗരങ്ങൾക്കും സ്വന്തമായ സഭകളുണ്ടു്. ചെറിയ നഗരങ്ങളിലുള്ളവയെ മുനിസിപ്പാലിററി എന്നും വലിയ നഗരങ്ങളിലുള്ളവയെ കോർപ്പറേഷൻ എന്നും പറയുന്നു.

പഞ്ചായത്തുകളും മുനിസിപ്പാലിററികളും കോർപ്പറേഷനുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണു്. അവ അതതു

പ്രദേശത്തെ ജനങ്ങളുടെ നന്മയ്ക്കാവശ്യമായ പ്രവത്തനങ്ങൾ ചെയ്യുന്നു. കൂടാതെ രാജ്യഭരണത്തെ സംബന്ധിച്ച പരിചയം ഗ്രാമങ്ങളിലെ ജനങ്ങൾക്കു് നൽകുവാനും ഭരണകാര്യങ്ങളിൽ ജനങ്ങൾക്കു് കൂടുതൽ പങ്കു നൽകുവാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സഹായിക്കുന്നു. ആരോഗ്യം, ശുചീകരണം, വിദ്യാഭ്യാസം, ഗതാഗതം, വിനോദം എന്നീ കാര്യങ്ങളിലൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അതതു പ്രദേശത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ചു പ്രവത്തിക്കുന്നു.

പഞ്ചായത്തുകൾ

നിങ്ങളുടെ ഗ്രാമത്തിൽ ഒരു പഞ്ചായത്തു പ്രവത്തിക്കുന്നുണ്ടെന്നു് നിങ്ങൾക്കറിയാം. പഞ്ചായത്തു മെമ്പർമാരെ അതാതു പഞ്ചായത്തിലെ ജനങ്ങളാണു് തിരഞ്ഞെടുക്കുന്നതു്. പഞ്ചായത്തിനെ ജനസംഖ്യയ്ക്കനുസരിച്ചു് വാർഡുകളായി തിരിച്ചിട്ടുണ്ടു്. ഓരോ വാർഡും ഓരോ മെമ്പറെ തിരഞ്ഞെടുക്കുന്നു. തിരഞ്ഞെടുക്കപ്പെട്ട മെമ്പർമാർചേൎന്നു് അവരിൽനിന്നു് ഒരു പ്രസിഡന്റിനെ തിരഞ്ഞെടുക്കുന്നു. അദ്ദേഹത്തിന്റെ കീഴിൽ ഒരു വൈസ് പ്രസിഡന്റും ഉണ്ടായിരിക്കും. വൈസ് പ്രസിഡന്റിനേയും മെമ്പർമാർ തന്നെയാണു് തിരഞ്ഞെടുക്കുന്നതു്. പ്രസിഡന്റാണു് പഞ്ചായത്തിന്റെ ഭരണമേധാവി. പ്രസിഡന്റില്ലാത്തപ്പോൾ അദ്ദേഹത്തിന്റെ ജോലിനോക്കുന്നതു് വൈസ് പ്രസിഡന്റാണു്.

ഗ്രാമത്തിലെ ജനങ്ങളുടെ ജീവിതം അഭിവൃദ്ധിപ്പെടുത്താനാവശ്യമായ പല നല്ല കാര്യങ്ങളും പഞ്ചായത്തുകൾ ചെയ്യുന്നുണ്ടു്. റോഡുകൾ നിൎമ്മിക്കുക, സംരക്ഷിക്കുക ഇതെല്ലാം അവയുടെ മുഖ്യ ചുമതലകളാണു്. കൃഷിക്കാരുടെ സൌകയ്യത്തിനായി ചെറുതരം ജലസേചന പദ്ധതികൾ പഞ്ചായത്തു് ഏറെറടുത്തു നടത്തുന്നു. പഞ്ചായത്തിലെ ജനങ്ങൾക്കു് കുടിക്കുവാനും കുളിക്കുവാനും ശുദ്ധജലം ലഭിക്കുവാനുള്ള സൌകയ്യങ്ങൾ ഉണ്ടാക്കുന്നു. പൊതുനിരത്തുകളിലും ഇടവഴികളിലും വിളക്കുകൾ

സ്ഥാപിക്കുന്നു. ചികിത്സാ സൌകര്യങ്ങൾ ഉണ്ടാക്കുവാനും സാംക്രമികരോഗങ്ങളെ തടയുവാനുമുള്ള നടപടികളും എടുക്കുന്നു. വിദ്യാലയങ്ങൾ സ്ഥാപിച്ചു് ജനങ്ങളുടെ വിദ്യാഭ്യാസത്തിനു വേണ്ടുന്നസൌകര്യങ്ങൾ ചെയ്യുന്നു. വായനശാലകൾ, ഗ്രന്ഥശാലകൾ എന്നിവ സ്ഥാപിക്കുകയും റേഡിയോശ്രവണ സൌകര്യങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു.

പഞ്ചായത്തിനു് ഒരാഫീസുണ്ടു്. അവിടെവെച്ചാണു് പഞ്ചായത്തു യോഗങ്ങൾ ചേരുന്നതു്. ഭൂരിപക്ഷാടിസ്ഥാനത്തിലാണു് പഞ്ചായത്തു് തീരുമാനങ്ങൾ എടുക്കുന്നതു്. പഞ്ചായത്തിൻെറ ഭരണത്തിൽ സഹായിക്കാൻ പരിശീലനം നേടിയ എക്സിക്യൂട്ടീവു് ആഫീസറന്മാർ ഉണ്ടു്. അവരെ ഗവണ്മെൻറാണു് നിയമിക്കുന്നതു്.

പഞ്ചായത്തിൻെറ ഭരണച്ചുമതലകൾ വഹിക്കുവാൻ പണം ആവശ്യമാണല്ലോ. വീട്ടുകരം, തൊഴിൽകരം മുതലായ ഇനങ്ങളിൽനിന്നും മററുമാണു് പഞ്ചായത്തിനു് പണം ലഭിക്കുന്നതു്. ഇതുകൂടാതെ കൊല്ലംതോറും ഗവണ്മെൻറു് ഒരു തുക സഹായധനമായും പഞ്ചായത്തിനു കൊടുക്കുന്നുണ്ടു്.

മുനിസിപ്പാലിററി (നഗരസഭ)

ഗ്രാമപഞ്ചായത്തുകൾപോലെതന്നെ പട്ടണങ്ങളിലെ പൊതുക്കാര്യങ്ങൾ അന്വേഷിച്ചു് വേണ്ടതു പ്രവത്തിക്കുവാനുള്ള സ്ഥാപനമാണു് മുനിസിപ്പാലിററി. ഓരോ നഗരത്തിൻെറയും വിസ്തീർണ്ണവും ജനസംഖ്യയും അനുസരിച്ചുള്ള അംഗങ്ങൾ ഇത്തരം സഭകളിൽ ഉണ്ടായിരിക്കുന്നതാണു്. പ്രസിഡൻറിനെ മുനിസിപ്പൽ ചെയർമാനെന്നും വൈസ് പ്രസിഡൻറിനെ വൈസ് ചെയർമാനെന്നും പറയുന്നു. പ്രസിഡൻറും വൈസ് പ്രസിഡൻറും മെമ്പർമാരും ചേന്ന സമിതിയെ മുനിസിപ്പൽ കൌൺസിൽ എന്നു പറയുന്നു. കൌൺസിലിൻെറ ഭൂരിപക്ഷാഭിപ്രായമനുസരിച്ചാണു് ചെയർമാൻ മുനിസിപ്പാലിററിയുടെ ഭരണം നടത്തുന്നതു്

നഗരസഭകളുടെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനു ഗവണ്മെൻറു നിയമിക്കുന്ന മുനിസിപ്പൽ കമ്മീഷണർമാർ ഉണ്ടു്.

നഗരശുചീകരണം, ആതുരസംരക്ഷണം, പൊതുജനാരോഗ്യ പരിപാലനം എന്നിവ മുനിസിപ്പാലിററിയുടെ ചുമതലകളാണു്. വിദ്യാലയങ്ങൾ, വായനശാലകൾ, ഗ്രന്ഥാലയങ്ങൾ മുതലായവയുടെ നടത്തിപ്പിലും ഇതു് സഹായിക്കുന്നു. ശുദ്ധജല വിതരണത്തിലും വഴിവിളക്കുകൾ സ്ഥാപിക്കുന്നതിലും ശ്രദ്ധിക്കുക, ഗതാഗത മാർഗ്ഗങ്ങൾ നന്നാക്കുക, കളിസ്ഥലങ്ങൾ ഏർപ്പെടുത്തുക, ഉദ്യാനങ്ങൾ നിർമ്മിക്കുക എന്നീ കാര്യങ്ങളിലെല്ലാം മുനിസിപ്പാലിററി ശ്രദ്ധപതിപ്പിക്കുന്നുണ്ടു്.

കോർപ്പറേഷൻ

കോർപ്പറേഷൻെറ ഭരണവും തിരഞ്ഞെടുക്കപ്പെടുന്ന സഭകളാണു നടത്തുന്നതു്. അതിലെ അദ്ധ്യക്ഷനെ 'മേയർ' എന്നും ഉപാദ്ധ്യക്ഷനെ 'ഡെപ്യൂട്ടി മേയർ' എന്നും ആണു് പറയുന്നതു്. പഞ്ചായത്തിൻെറയും മുനിസിപ്പാലിററിയുടെയും രീതിയിൽ തന്നെയാണു് കോർപ്പറേഷൻെറയും പ്രവർത്തനം.

സ്വയം ഭരണ വ്യവസ്ഥയിൽ ജനങ്ങളുടെ കടമകൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു് ജനോപകാരപ്രദമായ നിരവധി പ്രവൃത്തികൾ ചെയ്യാൻ കഴിയും. അവയുടെ ഭരണം വിജയപ്രദമായിത്തീരണമെങ്കിൽ ജനങ്ങൾ അവരുടെ കടമകൾ നിറവേററേണ്ടതാണു്.

സ്വയംഭരണസ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പു് വളരെ പ്രധാനപ്പെട്ട കാര്യമാണു്. ഓരോ പൌരനും തിരഞ്ഞെടുപ്പിൽ വോട്ടു രേഖപ്പെടുത്തേണ്ടതാണു്. സത്യവും സാമർത്ഥ്യവും അറിവും പരിചയവുമുള്ള സ്ഥാനാർത്ഥികളെ മാത്രമെ തിരഞ്ഞെടുക്കാവൂ.

ഈ സ്ഥാപനങ്ങളുടെ നിലനിൽപ്പും പുരോഗതിയും പൊതുജനങ്ങളുടെ സേവനമനോഭാവത്തിലും ത്യാഗസന്നദ്ധതയിലുമാണ്° സ്ഥിതിചെയ്യുന്നതു°. അവക്ക്° നല്ല സഹകരണബോധം ഉണ്ടാവണം. നല്ല കാര്യങ്ങൾ ഈ സ്ഥാപനങ്ങൾ ചെയ്യുമ്പോൾ അതിൽ നാട്ടുകാർ അങ്ങേയററം സഹകരിക്കണം. ജനങ്ങളുടെ സഹകരണമില്ലാതെ പഞ്ചായത്തിനോ, മുനിസിപ്പാലിററിക്കോ, കോർപ്പറേഷനോ ഒന്നുംതന്നെ ചെയ്യാൻ കഴിയുകയില്ല.

വികസനപരിപാടികൾ വിജയപ്രദമായി നടപ്പാക്കാൻ പണം അത്യാവശ്യമാണല്ലോ. സ്വയംഭരണ സ്ഥാപനങ്ങൾക്കു കൊടുക്കുവാൻ ബാദ്ധ്യതയുള്ള നികുതി ജനങ്ങൾ കൃത്യമായി അടച്ചുതീർക്കേണ്ടതാണ്°. പഞ്ചായത്തുസഭകളും മുനിസിപ്പാലിററികളും ഏറെറടുത്തു നടത്തുന്ന വികസനപ്രവത്തനങ്ങളിൽ ജനങ്ങൾ സഹകരിക്കേണ്ടതാണ്°. സാമ്പത്തികസഹായംകൊണ്ടും ശ്രമദാനംകൊണ്ടും ജനങ്ങൾക്കു° ഇത്തരം പ്രവൃത്തികളിൽ സഹായിക്കാൻ കഴിയും.

പൊതുമുതലുകൾ കൈകാര്യം ചെയ്യുമ്പോൾ നാം വളരെ ശ്രദ്ധിക്കേണ്ടതാണ്°. റോഡുകൾ, തെരുവുവിളക്കുകൾ, വാട്ടർ ടാപ്പുകൾ, വിനോദകേന്ദ്രങ്ങൾ, വായനശാലകൾ, വാഹനങ്ങൾ തുടങ്ങിയവ പൊതുമുതലുകളാണ്°. ഇവയ്ക്കു° കേടുപാടുകൾ സംഭവിച്ചാലും നാശംപററിയാലും ജനങ്ങൾ തന്നെയാണ്° വിഷമിക്കേണ്ടിവരിക. അതിനാൽ അവയെ സ്വന്തം മുതലുകളെന്നപോലെ കാത്തുരക്ഷിക്കേണ്ടതു° നമ്മുടെ ചുമതലയാണ്°.

പ്രായോഗിക പ്രവത്തനങ്ങൾ

1. വിദ്യാത്ഥികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സന്ദശിച്ച്° അവയുടെ പ്രവത്തനരീതികൾ മനസ്സിലാക്കട്ടെ.
2. തദ്ദേശ സ്വയംഭരണത്തലവനെ തിരഞ്ഞെടുക്കുന്ന രീതി ക്ലാസ്സിൽ അഭിനയിക്കട്ടെ.

3. വിദ്യാൎത്ഥികൾ ക്ലാസ്സ് പഞ്ചായത്തു രൂപീകരിച്ച് താഴെ പറയുന്ന കാൎയ്യങ്ങളിൽ ശ്രദ്ധിക്കട്ടെ : (i) ക്ലാസ്സ് ശുചീകരണം, (ii) ഹാജരാവുന്നതിൽ ഉപേക്ഷ കാണിക്കുന്ന വിദ്യാൎത്ഥികളിൽ ശ്രദ്ധ കേന്ദ്രീകരിക്കുക, (iii) ഒഴിവു വേളയിൽ പത്രങ്ങൾ, മാസികകൾ ഇവ വായിക്കുവാനുള്ള സൌകൎയ്യങ്ങൾ ചെയ്തുകൊടുക്കുക.

4. പഠിത്തത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാൎത്ഥികൾക്ക് മററുള്ളവർ തങ്ങളുടെ അറിവു പകൎന്നുകൊടുത്തു സഹായിക്കട്ടെ.

5. കുട്ടികൾ സംഘംചേൎന്ന് അവരവരുടെ പ്രദേശത്തുള്ള പല സ്ഥലങ്ങളും സന്ദൎശിച്ച് മാലിന്യങ്ങൾ നീക്കംചെയ്യട്ടെ.

6. അകലെയുള്ള തന്റെ സുഹൃത്തിനു് തന്റെ പഞ്ചായത്തിന്റെ പ്രവൎത്തനങ്ങളെക്കുറിച്ച് ഒരെഴുത്തു തയ്യാറാക്കട്ടെ.

അദ്ധ്യായം 9

നാം നമ്മെ എങ്ങനെ ഭരിക്കുന്നു ?

ഇന്ത്യയെ ഭരിക്കുന്നതു് ഇന്ത്യയിലെ ജനങ്ങൾതന്നെയാണല്ലോ. ജനങ്ങളുടെ ഭരണം എന്നു പറയുമ്പോൾ ഭരണത്തിൽ എല്ലാ ജനങ്ങൾക്കും പങ്കുണ്ടു്. പക്ഷെ, ഒരു വലിയ രാജ്യത്തിലെ എല്ലാ ജനങ്ങളും ഒരുമിച്ചുചേൎന്ന് ഭരണകാൎയ്യങ്ങൾ തീരുമാനിക്കുവാൻ കഴിയുമോ ? കഴിയുകയില്ല. അതുകൊണ്ടു് ജനങ്ങൾ അവരുടെ പ്രതിനിധികളായി കുറേപ്പേരെ തിരഞ്ഞെടുത്തു് ഭരണകാൎയ്യങ്ങൾ അവരെ ഏല്പിക്കുന്നു. ഇന്ത്യ ഒരു വലിയ രാജ്യമായതുകൊണ്ടു് ഭരണസൌകൎയ്യത്തിനായി അതിനെ പല സംസ്ഥാനങ്ങളായി ഭാഗിച്ചിരിക്കുന്നുവെന്നു് നിങ്ങൾ പഠിച്ചു. ഇന്ത്യയിലെ പതിനേഴ സംസ്ഥാനങ്ങളും നിങ്ങൾക്കറിയാം. ഓരോ

സംസ്ഥാനത്തിനും ഓരോ ഗവണ്മെൻറുണ്ട്. സംസ്ഥാനങ്ങളിൽ ഭരണ നിയന്ത്രണത്തിനു് പ്രത്യേകം നിയമസഭകളുണ്ട്. സംസ്ഥാന നിയമസഭയിലേയ്ക്കു തിരഞ്ഞെടുക്കപ്പെടുന്ന അംഗത്തെ നിയമസഭാംഗം (എം. എൽ. എ.) എന്നു പറയുന്നു.

തിരഞ്ഞെടുപ്പിനെക്കുറിച്ചു് നിങ്ങൾ കേട്ടിട്ടില്ലേ ? ഓരോ നിയോജകമണ്ഡലത്തിലും പല സ്ഥാനാർത്ഥികൾ മത്സരിക്കും. നിയോജകമണ്ഡലം എന്നാലെന്താണെന്നു് നിങ്ങൾക്കറിയാമോ? തിരഞ്ഞെടുപ്പിനുവേണ്ടി ജനസംഖ്യയുടെ അടിസ്ഥാനത്തിൽ രാജ്യത്തെ പല ഭാഗങ്ങളായി വിഭജിച്ചിരിക്കുന്നു. ഈ ഓരോ ഭാഗത്തേയും ഒരു നിയോജകമണ്ഡലം എന്നു പറയുന്നു. ഒരു നിയോജകമണ്ഡലത്തിൽനിന്നു് ഒരു പ്രതിനിധിയെ തിരഞ്ഞെടുക്കുന്നു.

പ്രായപൂർത്തിയായ എല്ലാവരും വോട്ടു രേഖപ്പെടുത്തുന്നു. നിങ്ങൾക്കും 21 വയസ്സു തികയുമ്പോൾ വോട്ടു ചെയ്യാം. ഒരു നിയോജകമണ്ഡലത്തിലെ സ്ഥാനാർത്ഥികളിൽ ഏററവും കൂടുതൽ വോട്ടു ലഭിക്കുന്ന ആളാണല്ലോ വിജയിക്കുന്നതു്. തിരഞ്ഞെടുപ്പു കഴിയുമ്പോൾ നിയമസഭയിൽ ഏററവും കൂടുതൽ അംഗങ്ങളുള്ള കക്ഷിയുടെ നേതാവിനെ മുഖ്യമന്ത്രിയായി ഗവർണ്ണർ നിയമിക്കുന്നു. മുഖ്യമന്ത്രി നിർദ്ദേശിക്കുന്ന മററു ചിലരെ മന്ത്രിമാരായും നിയമിക്കും. മുഖ്യമന്ത്രിയും മററുമന്ത്രിമാരും ചേർന്നതാണു് മന്ത്രിസഭ. ഗവർണ്ണരാണു് സംസ്ഥാനത്തിലെ ഭരണത്തലവൻ. രാഷ്ട്രപതിയാണു് ഓരോ സംസ്ഥാനത്തിലെയും ഗവർണ്ണറെ നിയമിക്കുന്നതു്.

നമ്മുടെ സംസ്ഥാനത്തിലെ ഭരണകാര്യങ്ങൾക്കുള്ള നിയമങ്ങൾ നിർമ്മിക്കുന്നതു് നിയമസഭയാണു്. നിയമസഭാദ്ധ്യക്ഷൻ (സ്പീക്കർ) ആണു് അവിടെ നടപടികൾ നിയന്ത്രിക്കുന്നതു്.

നിയമങ്ങൾ നിർമ്മിക്കുന്നതിനായി നിയമസഭയിൽ "ബില്ലുകൾ" അവതരിപ്പിക്കുന്നു. ഈ ബില്ലുകൾ ചർച്ചചെയ്ത് വേണ്ടുന്ന മാററങ്ങൾ വരുത്തി സഭ അംഗീകരിക്കുന്നു. ഗവണ്ണറുടെ അനുമതി ലഭിച്ചാൽ മാത്രമേ ബില്ലുകൾ നിയമ (ആക്ററ്) മായിത്തീരുകയുള്ളു.

ഭരണത്തിൽ മുഖ്യമന്ത്രിയെ മററു മന്ത്രിമാർ സഹായിക്കുന്നു. ഭരണകാര്യങ്ങളെ പല വകുപ്പുകളായി തിരിച്ച് ഓരോ മന്ത്രിക്കും ചില വകുപ്പുകളുടെ ചുമതല കൊടുക്കുന്നു. അവരവരുടെ വകുപ്പിൻെറ ഭരണം ഓരോ മന്ത്രിയും നടത്തുന്നു. ധനകാര്യവകുപ്പ്, വിദ്യാഭ്യാസവകുപ്പ്, ഗതാഗതവകുപ്പ് എന്നിങ്ങനെ വകുപ്പുകളുടെ പേരുകൾ നിങ്ങൾ കേട്ടിട്ടില്ലേ ?

മന്ത്രിമാരെ സഹായിക്കുവാൻ സെക്രട്ടറിമാരുണ്ട്. ഒരു ചീഫ് സെക്രട്ടറിയും ഓരോ വകുപ്പിനും പ്രത്യേകം സെക്രട്ടറിമാരും ഉണ്ടായിരിക്കും. സെക്രട്ടറിമാരുടെ കീഴിൽ മററുദ്യോഗസ്ഥന്മാരുണ്ട്. ഇവരെല്ലാം പ്രവൎത്തിക്കുന്ന ആഫീസിനെ "സെക്രട്ടറിയേററ്" എന്നു പറയുന്നു.

ഓരോ വകുപ്പിനും മന്ത്രി, സെക്രട്ടറി എന്നിവരെക്കൂടാതെ ഓരോ വകുപ്പദ്ധ്യക്ഷനും ഉണ്ടായിരിക്കും. വിദ്യാഭ്യാസവകുപ്പിന്റെ അദ്ധ്യക്ഷനാണ് വിദ്യാഭ്യാസ ഡയറക്ടർ. വകുപ്പദ്ധ്യക്ഷന്മാരുടെ കീഴിൽ മററുദ്യോഗസ്ഥന്മാരും ഉണ്ട്. സെക്രട്ടറിമാർ, വകുപ്പദ്ധ്യക്ഷന്മാർ, മററുദ്യോഗസ്ഥന്മാർ എന്നിവരെല്ലാം ചേൎന്നതാണ് സിവിൽ സർവ്വീസ്. നിയമസഭയും മന്ത്രിസഭയും അഞ്ചു വർഷത്തിലൊരിക്കൽ മാറിക്കൊണ്ടിരിക്കും. എന്നാൽ സിവിൽ സർവ്വീസ് അങ്ങനെ മാറുന്നില്ല.

നിങ്ങൾ കുട്ടികൾ തമ്മിൽ വഴക്കുണ്ടായാൽ ക്ലാസ്സിലെ അദ്ധ്യാപകനോടൊ, പ്രഥമാദ്ധ്യാപകനോടൊ പരാതിപ്പെടും. അവർ അതിനൊരു തീർപ്പുണ്ടാക്കും. എന്നാൽ മുതിൎന്നവർ തമ്മിൽ വഴക്കുണ്ടായാൽ എവിടെയാണു പരാതിപ്പെടുന്നതു് ? ആരാണ് തീർപ്പുണ്ടാക്കുന്നതു് ? അതിനു കോടതികളുണ്ട്. ജനങ്ങളുടെ

ജീവനും വസ്തുവകകൾക്കും സംരക്ഷണം നല്കുന്നതിന് പോലീസും നീതി നടത്തുന്നതിന് കോടതികളും ഉണ്ട്. സംസ്ഥാനത്തിലെ പ്രധാന കോടതി ഹൈക്കോടതിയാണ്,

നമ്മുടെ രാജ്യത്തെ നാംതന്നെയാണ ഭരിക്കുന്നതെന്ന് നിങ്ങൾക്കു മനസ്സിലായി. നമ്മുടെ രാജ്യം കൂടുതൽ അഭിവൃദ്ധിപ്പെടുത്തുന്നതിനും നമുക്കു കൂടുതൽ സുഖസൌകര്യങ്ങൾ ഉണ്ടാകുന്നതിനും ഭരണാധികാരികളെ നാം സഹായിക്കണം. പൊതുമുതൽ സംരക്ഷിക്കുന്നതിനും കുററകൃത്യങ്ങൾ ചെയ്യാതിരിക്കുന്നതിനും നാം ശീലിക്കണം. നമ്മുടെ പ്രതിനിധികളെ തിരഞ്ഞെടുക്കുവാൻ നമുക്കുള്ള അവകാശം ശരിയായി വിനിയോഗിക്കേണ്ടതാണ്. ഏററവും നല്ല രീതിയിൽ ഭരണം നടത്തണമെങ്കിൽ ഏററവുംനല്ല ആളിനെ നമ്മുടെ പ്രതിനിധിയായി തിരഞ്ഞെടുക്കണം. ഇന്നു നിങ്ങൾ കുട്ടികളാണ്. നാളെ ഇന്ത്യയെ ഭരിക്കേണ്ടവരാണ നിങ്ങൾ.

പ്രായോഗിക പ്രവത്തനങ്ങൾ

1. മുഖ്യമന്ത്രിയുടേയും മററു മന്ത്രിമാരുടേയും വകുപ്പുകൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് കുട്ടികൾ പട്ടിക തയ്യാറാക്കട്ടെ.
2. മുഖ്യമന്ത്രി, മററു മന്ത്രിമാർ എന്നിവരുടെ പ്രധാന പ്രസ്താവനകൾ വത്തമാനപ്പത്രങ്ങളിൽനിന്നു വെട്ടിയെടുത്ത് വിദ്യാത്ഥികൾ ശേഖരിക്കട്ടെ.
3. നിയമസഭ കൂടുന്ന അവസരങ്ങളിൽ അവതരിപ്പിക്കുന്ന "ബില്ലുകൾ" ഏതെല്ലാമെന്ന് അതാതവസരത്തിൽ ദിനപ്പത്രങ്ങളിൽനിന്നു ശേഖരിച്ച് ക്ലാസ്സിൽവെച്ച് അവയെപ്പററി കുട്ടികൾ ചർച്ച നടത്തട്ടെ.
4. അടുത്തുള്ള ഏതെങ്കിലും കോടതി സന്ദർശിച്ച് കേസ്സ് വിചാരണ നടത്തുന്നത് കുട്ടികൾക്കു കാണ്മാൻ അവസരം ഉണ്ടാക്കട്ടെ.
5. കോടതിയിൽ കേസ്സ നടത്തുന്നത് കുട്ടികൾ അഭിനയിക്കട്ടെ.

അനുബന്ധം

1. ഭൂമിയെപ്പററി ചില വിവരങ്ങൾ

1.	ഭൂമദ്ധ്യരേഖയുടെ വ്യാസാർദ്ധം	6373 കി. മീററർ
2.	ധ്രുവങ്ങളിലേക്കുള്ള വ്യാസാർദ്ധം	6357 ,,
3.	ഭൂമദ്ധ്യരേഖയുടെ ചുററളവ്	40,075 ,,
4.	ധ്രുവപ്രദേശത്തിൻെറ ചുററളവ്	40,024 ,,
5.	ഭൂമിയുടെ ഉപരിതല വിസ്തീർണ്ണം	51·1 കോടി സ്ക്വയർ കിലോ മീററർ
6.	ഭ്രമണത്തിനുവേണ്ട കൃത്യ സമയം	23 മണി 5 മിനിററ് 4 സെക്കൻറ്
7.	പരിക്രമണത്തിനു വേണ്ട സമയം	365 ദി. 6 മണി 9 മി. 10 സെ.
8.	പരിക്രമണ പഥത്തിൻെറ നീളം	96 കോടി കി. മീററർ

2. വൻകരകളുടെയും സമുദ്രങ്ങളുടെയും വിസ്തീർണ്ണം

	വൻകര	വിസ്തീർണ്ണം	
1.	ഏഷ്യ	4·50	കോടി സ്ക്വയർ കിലോ മീററർ
2.	ആഫ്രിക്ക	3·20	,,
3.	വടക്കേ അമേരിക്ക	2·15	,,
4.	തെ. അമേരിക്ക	2·05	,,
5.	അൻടാർട്ടിക്ക	1·37	,,
6.	യൂറോപ്പ്	0·99	,,
7.	ആസ്ത്രേലിയ	0·77	,,

	സമുദ്രം	വിസ്തീർണ്ണം
1.	ശാന്തസമുദ്രം	16.6 കോടിസ്ക്വയർ കി. മീററർ
2.	അററ്റ്ലാന്റിക് സമുദ്രം	8·2 ,,
3.	ഇന്ത്യാസമുദ്രം	7·3 ,,
4.	ആർട്ടിക് സമുദ്രം	1·4 ,,

3. ലോകത്തിലെ ഉയർന്ന പർവ്വതശിഖരങ്ങൾ

	പേര്	ഭൂഖണ്ഡം	സമുദ്രവിതാനത്തിൽ നിന്നുള്ള ഉയരം
1.	എവറസ്റ്റ്	ഏഷ്യ	8848 മീററർ
2.	ഗോഡ്‌വിൻ ഓസ്റ്റിൻ	,,	8611 ,,
3.	കഞ്ചൻഗംഗ	,,	8598 ,,
4.	മക്കാലു	,,	8481 ,,
5.	ധവളഗിരി	,,	8172 ,,
6.	നംഗാപർവ്വതം	,,	8126 ,,
7.	അന്നപൂർണ്ണ	,,	8078 ,,
8.	നന്ദാദേവി	,,	7817 ,,
9.	സ്റ്റാലിന	,,	7495 ,,
10.	അകോൻകാഗ്വാ	തെ. അമേരിക്ക	7035 ,,
11.	മക്കിൻലി	വ. അമേരിക്ക	6187 ,,
12.	കിളിമാൻജാരോ	ആഫ്രിക്ക	5895 ,,
13.	ബ്ലാൻക്	യൂറോപ്പ്	4810 ,,
14.	കോസ്സിയൂസ്കോ	ആസ്ട്രേലിയ	2234 ,,

4. ലോകത്തിലെ ഏററവും നീളംകൂടിയ ചില നദികൾ

	പേരു്	ഭൂഖണ്ഡം (രാജ്യം)	നീളം കി.മീ.
1.	നൈൽ	ആഫ്രിക്ക	6690
2.	അമേസോൺ	തെ. അമേരിക്ക	6680
3.	മിസോറിമിസിസിപ്പി	യു. എസ്സ്. എ.	6260
4.	ഓബി	യു.എസ്സ്.എസ്സ്.ആർ.	5150
5.	യാങ്ങ്ട്സീ	ഏഷ്യ	4990
6.	കോംഗോ	ആഫ്രിക്ക	4374
7.	മുറേഡാർലിങ്ങ്	ആസ്ത്രേലിയ	3720
8.	വോൾഗാ	യു.എസ്സ്.എസ്സ്.ആർ.	3700
9.	സിന്ധു	ഏഷ്യ	2900
10.	ബ്രഹ്മപുത്ര	,,	2900
11.	ഗംഗ	,,	2510

5. ലോകത്തിലെ ചില വൻരാജ്യങ്ങൾ

	പേരു്	വിസ്തീർണ്ണം (ലക്ഷം സ്ക്വയർ കിലോ മീററർ)	ജനസംഖ്യ (കോടി)
1.	യു. എസ്സ്. എസ്സ്. ആർ.	224· 2	23·06
2.	കാനഡ	99·76	1·96
3.	ചൈന	95·61	70·00
4.	യു. എസ്സ്. എ.	93·63	19·46
5.	ബ്രസീൽ	85·12	8·22
6.	ആസ്ത്രേലിയ	76·87	1·14
7.	ഇന്ത്യ	32·76	48·30
8.	ആർജൻടീന	27·77	2·24
9.	സുഡാൻ	25·06	1·35
10.	അൽജീരിയ	23·82	1·19
11.	കോംഗോ റിപ്പബ്ലിക്	23·45	1·56
12.	സൌദി അറേബ്യ	22·53	0·68

6. ലോകത്തിലെ ചില വൻനഗരങ്ങൾ

പട്ടണത്തിൻെറ പേരു്	രാജ്യം	ജനസംഖ്യ (ലക്ഷം)
1. ടോക്കിയോ	ജപ്പാൻ	89·01
2. ന്യൂയോർക്ക്	യു. എസ്സ്. എ.	78·89
3. ഷാങ്ഹായ്	ചൈന	69·00
4. മോസ്കോ	യു. എസ്സ്. എസ്സ്. ആർ.	63·66
5. ബോംബേ	ഇന്ത്യ	46·54
6. പെക്കിങ്ങ്	ചൈന	40·10
7. ചിക്കാഗോ	യു. എസ്സ്. എ.	35·50
8. കയ്റോ	യു. എ. ആർ.	35·18
9. സിയോൾ	ദ. കൊറിയ	34.24
10. ലെനിൻഗ്രാഡ്	യു. എസ്സ്. എസ്സ്. ആർ.	33·29
11. റിയോഡിജനിറോ	ബ്രസീൽ	32·23
12. ടീൻടസീൻ	ചൈന	32·20
13. മെക്സിക്കോപട്ടണം	മെക്സിക്കോ	31·93
14. ലണ്ടൻ	യു. കെ.	31·85
15. സയോപാളോ	ബ്രസീൽ	31·65
16. ഒസാക്ക	ജപ്പാൻ	31·56
17. കൽക്കത്ത	ഇന്ത്യ	30·26

7. ഡൽഹിയിൽ ഉച്ചയ്ക്കു് പന്ത്രണ്ടു് മണിയാകുമ്പോൾ ലോകത്തിലെ ചില പട്ടണങ്ങളിലെ സമയം

	പട്ടണത്തിന്റെ പേരു്	രാജ്യത്തിന്റെ പേരു്	ഏകദേശം സമയം
1.	കയ്റോ	യു. ഏ. ആർ.	8·30 A.M.
2.	ടോക്കിയോ	ജപ്പാൻ	3·30 P.M.
3.	ന്യൂയോക്കു്	യു. എസ്സ്. ഏ.	1·30 A.M.
4.	ബ്യൂണസ്അയേഴ്സ്	അർജൻറീനാ	2·30 A.M.
5.	മോസ്ക്കോ	യു. എസ്സ്. എസ്സ്. ആർ.	9·30 A.M.
6.	റാവൽപിണ്ടി	പാക്കിസ്ഥാൻ	11·30 A.M.
7.	ലെപോൾഡ്‌വിൻ	കോംഗോ	7·30 A.M.
8.	ലോസ് എൻജൽസ്	യു. എസ്സ്. ഏ.	10·30 P.M. (തലേദിവസം)
9.	ലണ്ടൻ	യു. കെ.	6·30 A.M.
10.	വാൻകുവർ	കാനഡ	10·30 P.M. (തലേദിവസം)
11.	വ്ളാഡിവസ്റ്റോക്കു്	യു. എസ്സ്. എസ്സ്. ആർ.	3·30 P.M.
12.	വെല്ലിംഗ്ടൺ	ന്യൂസിലാണ്ടു്	6·30 P.M.
13.	ചിക്കാഗോ	യു. എസ്സ്. ഏ.	00·30 A.M.
14.	സിഡ്നി	ആസ്ട്രേലിയ	4·30 P.M.
15.	ഹോൾസ്റ്റിൻബർഗ്ഗ്	ഗ്രീൻലൻഡ്	3.30 A.M.

8. ഗ്രഹങ്ങളെ സംബന്ധിച്ച ചില വിവരങ്ങൾ

ഗ്രഹത്തിന്റെ പേരു്	സൂര്യനിൽ നിന്നുള്ള ദൂരം (കോടി കി. മീ.)	വ്യാസം (1000 കി.മീ.)	ഭ്രമണത്തിനു വേണ്ട സമയം	സൂര്യനെ പ്രദക്ഷിണം ചെയ്യുന്നതിനു വേണ്ട സമയം	ഉപഗ്രഹങ്ങളുടെ എണ്ണം
(1)	(2)	(3)	(4)	(5)	(6)
ബുധൻ	5·8	4·9	88 ദിവസം	88 ദിവസം	0
ശുക്രൻ	10·5	12·4	—	225 „	0
ഭൂമി	15·00	12·8	23·9 മണി.	365·25 „	1
ചൊവ്വ	22·8	6·8	24·6 „	687 „	2
വ്യാഴം	77·7	142·7	9·9 „	11·9 വർഷം	12
ശനി	138·2	115·1	10·4 „	29·5 „	9
യുറാനസ്സ്	286·8	51·5	10·7 „	84·0 „	5
നെപ്ട്യൂൺ	449·7	44·6	15·8 „	164·8 „	2
പ്ളൂട്ടോ	595·5	5·9	—	248·4 „	0

9. പകലിന്റെ ദൈർഘ്യം—വിവിധ അക്ഷാംശങ്ങളിൽ

അക്ഷാംശം	ഏററവും കൂടിയ ദൈർഘ്യം		ഏററവും കുറഞ്ഞ ദൈർഘ്യം	
	മണി.	മിനിട്ട്°	മണി.	മിനിട്ട്°
0°	12	0	12	0
10°	12	35	11	25
20°	13	12	10	48
30°	13	56	10	4
40°	14	52	9	8
50°	16	18	7	42
60°	18	27	5	33
66½°	24	0	0	0
70°	2 മാസം	—		
80°	4 മാസം	—		
90°	6 മാസം			

10. അടുത്തടുത്ത രേഖാംശരേഖകൾ തമ്മിലുള്ള ദൂരം വിവിധ അക്ഷാംശങ്ങളിൽ

അക്ഷാംശം	ദൂരം (കി. മീറ്റർ)
0° (മദ്ധ്യരേഖ)	111·3
10°	109·6
20°	104·6
30°	96·4
40°	85·4
50°	71·7
60°	55·8
70°	38.2
80°	19·4
90° (ധ്രുവം)	0